"നമുക്കു ചിലപ്പോൾ ഉപദ്രവങ്ങളും കഷ്ടപ്പാടുകളുമുണ്ടാകുന്നതു് നല്ലതാണ്: എന്തുകൊണ്ടെന്നാൽ അവ ഒരു മനുഷ്യനെ അന്തർമുഖനാക്കിയിട്ട്, സ്വരാജ്യത്തുനിന്നു ബഹിഷ്കരിക്കപ്പെട്ട ഒരുവൻെറ സ്ഥിതിയാണു് അവൻേറതെന്നു് അവനെ ഗ്രഹിപ്പിക്കുന്നതിനും അവൻ ഈ ലോകത്തിലുള്ള യാതൊന്നിലും അവൻെറ പ്രത്യാശകളെ നിക്ഷേപിക്കാതിരിക്കുന്നതിനും ഇടയാക്കുന്നു.

—ക്രിസ്ത്വാനുകരണം

# സത്യദീപം

'ഈശോ പറഞ്ഞു:- ......എന്നിൽ പാപം ആരോപിക്കുവാൻ നിങ്ങളിൽ ആർക്കു കഴിയും? ഇല്ലെങ്കിൽ, ഞാൻ നിങ്ങളോടു് സത്യം പറയുമ്പോൾ നിങ്ങൾ എന്തുകൊണ്ടാണു് എന്നെ വിശ്വസിക്കാത്തതു? ദൈവത്തിൻേറതായിരിക്കുന്ന മനുഷ്യൻ ദൈവവചനം ശ്രവിക്കുന്നു. നിങ്ങൾ ദൈവത്തിൻേറതല്ലാത്തതുകൊണ്ടാണു് നിങ്ങൾ എന്നെ ശ്രവിക്കാത്തതു്."

—യോഹന്നാൻ VIII: 46.48

"ഞാൻ ലോകത്തിൻെറ ദീപമാകുന്നു: എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

Reg. No. M. 2293 | 1957 ഏപ്രിൽ 3—ബുധനാഴ്ച | Vol. 30, No. 33

## സംസ്കാരത്തിൻെറ പുനഃസ്ഥാപനം

(തോമസ് പാലത്തുങ്കൽ, ചങ്ങനാശ്ശേരി)

പുതിയൊരു ജീവിതത്തിനും സംസ്ക്കാരത്തിനും വേണ്ടിയുള്ള മുറവിളി മുഴങ്ങി കേൾക്കാൻ തുടങ്ങിയിട്ടു കാലം കുറെ ഏറെയായി. കൂടുതൽ കൂടുതൽ ഉച്ചത്തിലായിക്കൊണ്ടുമിരിക്കയാണാ മുറവിളി. നാടെങ്ങും നെടുനീളെ പൊന്തിവരുന്ന സാംസ്ക്കാരിക സ്ഥാപനങ്ങളും മററും ആ മുറവിളിയുടെ പ്രതിഫലനമായിക്കരുതാവുന്നതാണു്.

എന്നാൽ, എന്താണീ സംസ്കാരം? എന്താണതിൻെറ അടിസ്ഥാനം? ഈവക പ്രശ്നങ്ങളിലേക്കു കടന്നു ചെല്ലുമ്പോൾക്കാണാം അഭിപ്രായവൈജാത്യങ്ങൾ ഒന്നിനു പുറകെ മറെറാന്നായി അണിനിരക്കുന്നതു്. പരസ്പരം മല്ലടിക്കുന്ന പ്രസ്തുതാഭിപ്രായങ്ങളെ നിഷ്പക്ഷമായി, സനിഷ്കർഷം പരിശോധിക്കേണ്ടിയിരിക്കുന്നു. സംസ്കാരത്തെപ്പററിയുള്ള വിരുദ്ധാഭിപ്രായങ്ങൾ കടശിക്കെല്ലാം രണ്ടു ചേരികളായി തിരിയുന്നതു നമുക്കു കണാം. ആത്മീയവും ഭൗതികവുമായരണ്ടടിസ്ഥാനങ്ങളിൽ. ആധുനികചിന്താഗതി, ഭൗതികവാദവുമായി കൂടുതൽ അടുക്കുന്നതിനു ശ്രമിക്കുന്നതായി തോന്നുന്നു.

സാംസ്കാരികവും മററ് അതുപോലെയുള്ള പ്രശ്നങ്ങളും എവിടെനിന്നാണു് ഉറവെടുക്കുന്നതെന്നു നാം ശരിക്കും മനസ്സിലാക്കേണ്ടതുണ്ടു്. മനുഷ്യനെ സംബന്ധിച്ച ഏതൊരു പ്രശ്നവും മനുഷ്യപ്രകൃതിയിൽനിന്നാണടലെടുക്കുന്നതെന്ന സത്യം അനിഷേദ്ധ്യമാണു്. ഈ പ്രപഞ്ചത്തിൽ മനുഷ്യനെ കൂടാതെ മററനേകം ജീവികളുമുണ്ടു്. അവയെ സംബന്ധിച്ചിടത്തോളം ഈദൃശമായ പ്രശ്നങ്ങൾ ഉത്ഭവിച്ചിട്ടുള്ളതായി ചരിത്രത്തിൽ കേട്ടുകേൾവി പോലുമില്ല. എന്താണതിനു കാരണം? ഈ ചോദ്യത്തിനുള്ള മറുപടി വളരെ വ്യക്തമാണു്. ഇതരജീവികളിൽനിന്നു മനുഷ്യനെ വേർതിരിച്ചു നിറുത്തുന്ന എന്തോ ഒരു പ്രത്യേകത മനുഷ്യനുണ്ടു്. പ്രത്യേകത എന്തുതന്നെ ആയിരുന്നാലും, അതിനെ നിഷേധിച്ചുകൊണ്ടു മുന്നോട്ടു നീങ്ങുക, തീത്തും യുക്തിഹീനമായ ഒരു നടപടിയായിരിക്കും. അതിൻെറയർത്ഥം, മനുഷ്യനെത്തന്നെ നിഷേധിക്കുകയെന്നാണു്. തൽക്കാരണത്താൽ, മനുഷ്യപ്രകൃതിയെപ്പററിയുള്ള വീക്ഷണഗതിക്കു സാംസ്കാരിക പുനഃസംവിധാനത്തിൽ മർമ്മപ്രധാനമായ ഒരു സ്ഥാനമുണ്ടെന്നു സിദ്ധിക്കുന്നു.

ആധുനികലോകത്തിൻെറ ആത്മാവിനെ കൈയടക്കുന്നതിനു ആത്മീയവാദവും ഭൗതികവാദവും തമ്മിൽ പോരടിക്കുകയാണു്. വിശ്വാസത്തിലും വികാരങ്ങളിലും മാത്രം നിലകൊള്ളുന്ന ആത്മീയവാദത്തെ ചവററുകുട്ടയിൽ തള്ളിയിട്ടു്, ശാസ്ത്രീയ ഭൗതികവാദത്തിൻെറ അടിസ്ഥാനത്തിൽ മനുഷ്യജീവിതത്തെ ഉടച്ചുവാർക്കണമെന്നു നവ്യലോകത്തിൻെറ പ്രവാചകന്മാർ ശഠിക്കുന്നതിനാൽ, ഭൗതികവാദം മനുഷ്യനെ എങ്ങനെ വീക്ഷിക്കുന്നുവെന്നു് പരിശോധിക്കാം.

പദാർത്ഥവും അതിൻെറ ശക്തിയും മാത്രമാണു യഥാർത്ഥത്തിൽ സ്ഥിതിചെയ്യുന്നതു്. ജീവനോ ബോധമോ ഇല്ലാതിരുന്ന ആദിമ പദാർത്ഥത്തിൽനിന്നാണു മണ്ണാങ്കട്ടയും കരിയിലയും തൊട്ടു മനുഷ്യൻ വരെയുള്ളതെല്ലാം ഉണ്ടായിട്ടുള്ളതു. വാസ്തവത്തിൽ പദാർത്ഥം മാത്രമേ സ്ഥിതിചെയ്യുന്നുള്ളു. അതു നിത്യവുമാണു്. പദാർത്ഥത്തിനു മേലായി ഈശ്വരൻ, ആത്മാവു് തുടങ്ങിയവ യാതൊന്നുംതന്നെയില്ല ഭൗതികവാദത്തിൻെറ അടിസ്ഥാനസിദ്ധാന്തങ്ങളാണിവ.

പുരാതന ഭൗതിക വാദിയായ ഹെറാക്ലീററസ്സ് പറയുന്നു:— "ഈ പ്രപഞ്ചം ദൈവമോ മനുഷ്യനോ സൃഷ്ടിച്ചതല്ല. ക്രമമായി ആളിക്കത്തുകയും ക്രമമായി കെട്ടുപോവുകയും ചെയ്യുന്ന അഗ്നിക്കു തുല്യമാണതു്. എന്നും അങ്ങനെയാണതു്. എന്നും അങ്ങനെയായിരിക്കുകയും ചെയ്യും."

ഹെറാക്ലീററസ്സിൻെറ ഈ വാക്കുകൾ ഉദ്ധരിച്ചുകൊണ്ടു ലെനിൻ പറയുന്നു: "വൈരുദ്ധ്യാധിഷ്ഠിത ഭൗതികവാദത്തിൻെറ ഒരൊന്നാംതരം വിശദീകരണം" (മാർക്സിസത്തിൻെറ തത്വശാസ്ത്രവും ചരിത്രശാസ്ത്രവും). ലെനിൻ വീണ്ടും പറയുന്നു. "ആത്മീയ വാദത്തിനെതിരായ സമരത്തിന് സാംസ്കാരികമുന്നേററത്തിൽ സർവ്വപ്രധാനമായ ഒരു സ്ഥാനമുണ്ടു്."

വ്യാഖ്യാനങ്ങളിൽ അല്പം ചില വ്യത്യസ്തതകളുണ്ടെങ്കിലും, പ്രാചീനരും അർവ്വാചീനരുമായ ഭൗതികവാദികൾ അടിസ്ഥാനതത്വങ്ങളിൽ ഒന്നിക്കുന്നതായി കാണുന്നു. ഫ്യൂവർബാക്കു പറയുന്നു: "താൻ ഭക്ഷിക്കുന്നതെന്തോ അതാണു മനുഷ്യൻ."

വളം കയററി നിറച്ചിട്ടുള്ളതും അച്ചിരമ്പിൽ ഒരു വിളക്കു ഘടിപ്പിച്ചിരിക്കുന്നതുമായ ഒരു വണ്ടിയോടാണു്", ഭൗതികവാദിയായ ഷോപ്പൻഹോവർ മനുഷ്യനെ ഉപമിക്കുന്നതു്.

മനുഷ്യനും താണ മൃഗങ്ങളും തമ്മിലുള്ള സാദൃശ്യത്തെ അവലംബിച്ചു മനുഷ്യൻെറ മുത്തച്ഛൻ മരഞ്ചാടിക്കുരങ്ങച്ചനാണെന്നു കഴിഞ്ഞ നൂററാണ്ടിൽ ഡാർവിൻ ഉന്നയിച്ച സിദ്ധാന്തം, ഭൗതികവാദത്തെ താങ്ങി നിറുത്തുവാൻ ഉപയോഗിക്കപ്പെട്ടു. ഭൗതികവാദികൾക്കു പിടികിട്ടാതിരുന്ന പല പ്രശ്നങ്ങൾക്കും ഡാർവിനിസം മറുപടി നല്കി. മൃതപദാർത്ഥത്തിൽനിന്നു പരിണാമം വഴിയായി ഉത്ഭവിച്ചതും, പദാർത്ഥത്തേക്കാൾ ശ്രേഷ്ഠമായ യാതൊരു ഉദ്ദേശ്യവും ഇല്ലാത്തതുമായ ഒരു ജീവിയാണു മനുഷ്യനെന്നു് അവർ വാദിക്കുന്നു.

ചുരുക്കിപ്പറഞ്ഞാൽ, ഭൗതികവാദപ്രകാരം മനുഷ്യനും മൃഗവും തമ്മിൽ യാതൊരു വ്യത്യസ്തതയുമില്ല. അപ്പോൾ ഈ ശാസ്ത്രീയ ഭൗതികവാദികളോടു നമുക്കൊരു ചോദ്യമുണ്ടു്. ചോദ്യമിതാണു് "മനുഷ്യനും മൃഗവും തമ്മിൽ യാതൊരു വ്യത്യസ്തതയുമില്ലെങ്കിൽ, ഒരു മൃഗത്തിനുള്ളതിൽ കൂടുതൽ സാംസ്കാരികബോധം മനുഷ്യനുണ്ടായിരിക്കണമെന്നു വാദിക്കുന്നതിൻെറ യുക്തിയെന്തു്?"

മനുഷ്യനു വിശേഷബുദ്ധിയുള്ളതുകൊണ്ടാണു് അവൻ സംസ്കാരമുള്ളവനായിരിക്കണമെന്നു സിദ്ധാന്തിക്കുന്നതെന്നു, അവർ മറുപടി പറഞ്ഞേക്കാം. എന്നാൽ, ഭൗതികവാദികളായ ശാസ്ത്രജ്ഞന്മാർ പറയുന്നു, മനുഷ്യബുദ്ധിക്കും മൃഗബുദ്ധിക്കും തമ്മിൽ സ്വഭാവവ്യത്യാസമില്ല,ഡിഗ്രിവ്യത്യാസം മാത്രമേയുള്ളുവെന്നു്. അപ്പോൾ മൃഗങ്ങൾക്കുള്ള ബുദ്ധിയുടെ തോതനുസരിച്ചു് അവയ്ക്കും സാംസ്കാരികപ്രവണതകൾ കാണേണ്ടതല്ലേ?


മറെറാരു വസ്തുതകൂടി ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ. മനുഷ്യനും മൃഗത്തിനും തമ്മിൽ സാരാംശത്തിൽ യാതൊരു വ്യത്യസ്തതയുമില്ലെങ്കിൽ, ഒരു മൃഗത്തിനുള്ളതിൽ കൂടുതൽ വില ഒരു മനുഷ്യനുമില്ലെന്നുള്ളതാണതു്. സംസ്കാരത്തെപ്പററി വാദിക്കുവാൻ ഒരു മൃഗത്തിനുള്ളതിൽ കൂടുതലായ അർഹത ഒരു ഭൗതികവാദിക്കുമില്ല.

യുക്തിയുടെ മുൻപിലും പ്രായോഗികമണ്ഡലത്തിലും ഭൗതികവാദം എല്ലാക്കാലങ്ങളിലും ദയനീയവും ലജ്ജാകരവുമാംവിധം പരാജയമടഞ്ഞിട്ടുണ്ടു്. ലോകചരിത്രത്തിൻെറ ഓരോ പുറവും ഈ വസ്തുതയ്ക്കു സാക്ഷി പറയും. നിരീശ്വര ഭൗതികവാദത്തെ ഔദ്യോഗികതത്വസംഹിതയായി അംഗീകരിച്ച സോവ്യററുഷ്യയുടെ അനുഭവങ്ങളിലൂടെ, ഭൗതികവാദത്തിൻെറ പരാജയത്തെ ചരിത്രം ഒരിക്കൽക്കൂടി തെളിയിച്ചിരിക്കുന്നു.

മനുഷ്യനും മൃഗത്തിനും തമ്മിൽ സാരാംശത്തിലുള്ള വ്യത്യസ്തതയെ ഭൗതികവാദം നിഷേധിക്കുന്നതിനാൽ, സാംസ്കാരികരംഗത്തു് എത്തിനോക്കുന്നതിനുപോലും ഭൗതികവാദത്തിനു് അർഹതയില്ല.

ഇനി ആത്മീയവാദത്തിലേക്കു തിരിയാം. അതിമനോഹരമാ

(ശേഷം 7-ാംപേജിൽ)



പീഡാസാഗരത്തിൽ നിമഗ്നനായ ക്രിസ്തു

(പീഡാനുഭവഞായർ—ഏപ്രിൽ 7)

# സുവർണ്ണറോസ്

(റവ. ഫാ. തോമസ് മൂത്തേടൻ എം. എ., ഡി. ഡി.)

പുഷ്പങ്ങളുടെ രാജ്ഞിയായ റോസിനു തിരുസഭയിൽ നല്ല ഒരു സ്ഥാനമുണ്ട്: ദൈവരഹസ്യം നിറഞ്ഞിരിക്കുന്ന റോസപ്പുഷ്പമേ എന്നാണ ദൈവമാതാവിനെ നാം വിളിക്കുന്നതു്. കഠിനമായ തപസ്സ് അനുഷ്ഠിച്ചിരുന്ന ബെർണാർദ്ദ്, ഫ്രാൻസീസ് അസീസ്സി, കൊച്ചുത്രേസ്യാ മുതലായ വിശുദ്ധരും പുഷ്പങ്ങളെ പ്രത്യേകിച്ചു റോസപ്പുഷ്പത്തെ അത്യധികം ഇഷ്ടപ്പെട്ടിരുന്നു. നോമ്പുകാലത്തിന്റെ മദ്ധ്യത്തിൽ "ആനന്ദ ഞായർ" എന്നൊരു ദിവസമുണ്ട്. ഇക്കൊല്ലം അതു മാർച്ച് 31-ാംനു-ായിരുന്നു. അന്നു ബലിപീഠങ്ങൾ പുഷ്പങ്ങൾകൊണ്ടലങ്കരിക്കുവാൻതിരുകർമ്മവിധിയിൽപ്രത്യേകം നിർദ്ദേശിച്ചിരിക്കുന്നു. റോമാനഗരത്തിൽ പ്രത്യേകമായ ഒരു പതിവുണ്ട്. തനിസ്വർണ്ണംകൊണ്ടുള്ള ഒരു റോസു പരിശുദ്ധപിതാവു വെഞ്ചരിച്ചു സേവനനിരതനായ ഒരു രാജാവിനോ മറ്റേതെങ്കിലും വീരപുരുഷർക്കോ വനിതകൾക്കോ അയച്ചുകൊടുക്കുന്നു. സാധാരണമായി സുവർണ്ണറോസ് രാജകുടുംബാംഗങ്ങൾക്കേ നൽകിയിരുന്നുള്ളു.

പണ്ടുകാലത്തു് ഓറ്റ്സ്സത്തുള്ള വി. കുരിശിന്റെ ദൈവാലയത്തിൽവച്ചു പരിശുദ്ധപിതാവുതന്നെയാണ് സുവർണ്ണറോസ് വെഞ്ചരിച്ചിരുന്നതും, അതു വത്തിക്കാൻ അരമനയിലേക്കു കൊണ്ടുവന്നിരുന്നതും. പരിശുദ്ധപിതാവു സ്ഥലത്തെത്തുമ്പോൾ റോമൻ പ്രീഫെക്ട് കുതിരയുടെ കടിഞ്ഞാണിൽ പിടിച്ചു തിരുമേനി കീഴോട്ടു് ഇറങ്ങുവാൻ സഹായിക്കും. പരിശുദ്ധപിതാവു തന്റെ കൈയിലുള്ള റോസ് പ്രീഫെക്ടിനു സമ്മാനമായി കൊടുക്കുകയും ചെയ്യും. മാർപ്പാപ്പാമാർ അവീഞ്ഞോണിൽ താമസിച്ചിരുന്ന കാലത്തു പേപ്പൽ ഭവനത്തിൽവച്ചുതന്നെയാണ സ്വർണ്ണറോസു വെഞ്ചരിച്ചിരുന്നതു്. അക്കാലത്തു് ആ റോസു് അടുത്തുള്ള രാജകുമാരന്മാരിൽ ഏറ്റവും യോഗ്യരായവർക്കു നൽകിക്കൊണ്ടിരുന്നു.

അവീഞ്ഞോൺ മാർപ്പാപ്പാമാരുടെ കാലത്തിനുമുമ്പും സുവർണ്ണറോസു റോമൻ പ്രീഫെക്ടിനു പുറമേ യോഗ്യരായ പല രാജകുമാരന്മാർക്കും സ്ഥാപനങ്ങൾക്കും അയച്ചുകൊടുത്തിട്ടുള്ളതായി ചരിത്രരേഖകൾ ഉണ്ട്. പ്രഥമ കുരിശുയുദ്ധത്തിനുള്ള ഒരുക്കങ്ങൾ നടന്നുകൊണ്ടിരുന്നപ്പോൾ 1096-ൽ രണ്ടാം ഉർബാനോസുമാർപ്പാപ്പാ ആഞ്ചുവിലെ പ്രഭുവിനു് ഒരു സുവർണ്ണറോസു് അയച്ചുകൊടുക്കുകയുണ്ടായിട്ടുണ്ട്. 1148-ൽ കാസ്റ്റിൽരാജാവായിരുന്ന അൽഫോൺസിനു് ഒരു സുവർണ്ണറോസു് അന്നത്തെ പരിശുദ്ധപിതാവു നൽകി. 1163-ൽ ഫ്രാൻസിലെ ഏഴാം ലൂയിക്കും 1182-ൽ സ്കോട്ട്ലൻഡിലെ വില്യമിനും ഓരോ സുവർണ്ണറോസുകൾ അയച്ചുകൊടുക്കപ്പെട്ടു.

ചില കാലങ്ങളിൽ ഈ റോസ് അയച്ചുകൊടുത്തിരുന്നതു തിരുസ്സഭയെ സഹായിക്കുവാനുള്ള ഒരാഹ്വാനമായിട്ടുകൂടിയാണ്. സ്കോട്ട്ലൻഡിലെ വില്യംരാജാവിനു് റോസപ്പുഷ്പം അയച്ചുകൊടുത്തതു മെത്രാന്മാരുടെ നിയമനത്തെപ്പറ്റിയുള്ള തക്കങ്ങൾ അവസാനിപ്പിക്കുവാൻ വേണ്ടിയായിരുന്നു. മതവിപ്ലവകാലത്തു പല രാജാക്കന്മാർക്കും സുവർണ്ണറോസുകൾ അയച്ചുകൊടുത്തിട്ടുണ്ട്. അവ[illegible]യെല്ലാം ഉദ്ദേശം പ്രോട്ടസ്റ്റൻറു[illegible]പ്ലവത്തിനെതിരായിജമ്മൻരാജകുമാരന്മാരുടെ പിന്തുണയുണ്ടാകുവാനായിരുന്നു; എന്നാൽ അവർ ആ റോസു വാങ്ങിയതല്ലാതെ കാര്യമായി യാതൊന്നും ചെയ്തില്ല. രണ്ടാം ജൂലിയസു മാർപ്പാപ്പായും പത്താം ലെയോൻമാർപ്പാപ്പായും ഏഴാം ക്ലെമൻറുമാർപ്പാപ്പായും ഇംഗ്ലണ്ടിലെ ഹെൻറി എട്ടാമനു് ഓരോ സുവർണ്ണറോസുകൾ കൊടുത്തിട്ടുണ്ട്. ലൂഥറിനെതിരായി കൂദാശകളുടെ യഥാർത്ഥസ്വഭാവം വിവരിച്ചെഴുതിയ ഗ്രന്ഥത്തെ അടിസ്ഥാനപ്പെടുത്തിയാണ മൂന്നാമത്തെ റോസു നൽകപ്പെട്ടതു്. പരിശുദ്ധപിതാക്കന്മാർ പ്രദർശിപ്പിച്ച ഈദൃശ സൗമനസ്യമൊന്നും പ്രയോജനപ്പെട്ടതായി കാണുന്നില്ല.

സുവർണ്ണറോസു വാങ്ങിയ ചില രാജാക്കന്മാരും രാജ്ഞിമാരും ഇങ്ങനെ കൃതഘ്നമായി വർത്തിച്ചെങ്കിലും അനേകംപേർ അതിവവിശ്വസ്തതയോടുകൂടെ വ്യാപരിച്ചിട്ടുണ്ട്. സുവർണ്ണറോസു പ്രാപിച്ചിട്ടുള്ള സ്പെയിനിലെ ഇസബെല്ലാരാജ്ഞിയും പോർത്തുഗലിലെ എമ്മാനുവൽ രാജാവും ആസ്ട്രിയായിലെ മേരീകാസിമീർ രാജ്ഞിയും ഉത്തമകത്തോലിക്കാസേവനത്തിനു മാതൃകകളാണ്. 1684-ൽ വീയെന്നാനഗരത്തെ മുസൽമൻ ആക്രമണത്തിൽനിന്നു സംരക്ഷിച്ചതിനെ പരിഗണിച്ചാണ് കാസിമീർ രാജ്ഞിക്കു സുവർണ്ണറോസു കൊടുത്തയച്ചതു്.

---

## VOCATION RETREAT

യുവതികൾക്കു് ജീവിതാവസ്ഥ തെരഞ്ഞെടുക്കുവാൻ സഹായിക്കുന്ന ഒരു ഏകാന്തധ്യാനം (Vocation Retreat) 1957 മേയ് 2-ാം തീയതി വ്യാഴാഴ്ച വൈകുന്നേരം തുടങ്ങി 6-ാം തീയതി തിങ്കളാഴ്ച രാവിലെ അവസാനിക്കത്തക്കവിധം ഇവിടെവച്ചു നടത്തുന്നതാണ്. ധ്യാനഗുരു റവ. ഫാദർ തോമസ് മൂത്തേടൻ എം. എ., ഡി. ഡി. ബോർഡിംഗ്ഫീസ് 8 ക. അടുത്തു വിവാഹിതരാകുവാൻ ഉദ്ദേശിക്കുന്ന യുവതികൾക്കും ഇതിൽ സംബന്ധിക്കാം.

26-3-'57

Mother Superior,
St. Mary's Convent,
Ernakulam

---

19-ാംശതാബ്ദത്തിലെ റോസുകൾ മിക്കതും മാതൃകാജീവിതനിരതരായ സ്പെയിനിലെ രാജ്ഞിമാരാണു നേടിയതു്; അവസാനഘട്ടത്തിൽ ബെൽജിയൻരാജകുടുംബത്തിലെ പല രാജ്ഞിമാർക്കും ലഭിക്കുകയുണ്ടായിട്ടുണ്ട്.

പ്രാരംഭകാലങ്ങളിൽ സുവർണ്ണഖചിതമായ ഒരു റോസപ്പുഷ്പം മാത്രമേ ഈ ദാനത്തിൽ ഉൾപ്പെട്ടിരുന്നുള്ളു. ഇതളുകളുടെ നിറം ചുമപ്പായിരുന്നു. പതിനഞ്ചാംശതാബ്ദം മുതൽക്കു് ഈ റോസപ്പുഷ്പത്തിന്റെ കേന്ദ്രത്തിൽ ഒരു മരതകക്കല്ലും ദളങ്ങളിൽ രത്നക്കല്ലുകളും പതിച്ചിരുന്നു. വെറുമൊരു പുഷ്പത്തിനു പകരം കൊഴുത്തുവളരുന്ന ഒരു റോസുശാഖയായി; എന്നാൽ പേപ്പൽ ആശീർവ്വാദം റോസപ്പുഷ്പത്തിനു മാത്രമേ ഉദ്ദേശിച്ചിട്ടുള്ളു. പ്രാചീനകാലത്തു കൊടുത്തിട്ടുള്ള റോസപ്പൂക്കളിൽ ചിലതു് പാരീസ്, മാഡ്റിഡ്, വീയെന്നാ മുതലായ നഗരങ്ങളിലെ കാഴ്ചബംഗ്ലാവുകളിൽ ഇരിപ്പുണ്ട്. 1856-ൽ തൃതീയനെപ്പോളിയന്റെ രാജ്ഞി എവുജേനിക്കു കൊടുത്തയച്ച റോസു് ഇന്നും ഇംഗ്ലണ്ടിലുണ്ട്; രണ്ടാമത്തെ ഫ്രഞ്ചുസാമ്രാജ്യത്തിന്റെ അധഃപതനത്തിനുശേഷം എവുജേനിരാജ്ഞി ഇംഗ്ലണ്ടിലാണ താമസിച്ചുവന്നിരുന്നതു്. അവർ ഒരു ബെനഡിക്റ്റൻസന്യാസമന്ദിരം ഇംഗ്ലണ്ടിൽ ഹാംബ്ഷയർ നഗരത്തിൽ സ്ഥാപിക്കുകയുണ്ടായി; അവിടെയാണു് ഇംഗ്ലണ്ടിലുള്ള ഏകപേപ്പൽ റോസു് ഇരിക്കുന്നതു്. അതു വച്ചിരിക്കുന്ന പാത്രത്തോടുകൂടി അതിനു രണ്ടടി ഉയരമുണ്ട്. മൊട്ടുകളും പൂക്കളുമായി അതിൽ 24 റോസുകളുണ്ട്; എല്ലാം സ്വർണ്ണഖചിതമാണ്. പേപ്പൽസ്ഥാനചിഹ്നവും ചക്രവർത്തിയുടെ സ്ഥാനചിഹ്നവും ആ പൂപ്പാത്രത്തിൽ ഉല്ലേഖനം ചെയ്തിട്ടുണ്ട്.

ഇന്നസെൻറു് തൃതീയൻ റോസപ്പുഷ്പത്തെ ചിത്രീകരിക്കുന്നതു ശത്രുതകഴിഞ്ഞുവരുന്നസ്നേഹവും, സന്താപം കഴിഞ്ഞുവരുന്ന സന്തോഷവും വിശപ്പുകഴിഞ്ഞുവരുന്ന സംതൃപ്തിയുമായിട്ടാണ്. ഉന്നതസ്ഥാനസ്ഥിതർക്കു് ഇന്നും സ്വർണ്ണറോസു കിട്ടുന്നുണ്ട്; അതു് അവർക്കിരിക്കട്ടെ. എന്നാൽ ഇന്നസെൻറു മാർപ്പാപ്പാ സൂചിപ്പിക്കുന്ന റോസപ്പുഷ്പം പ്രതിനിധാനംചെയ്യുന്ന നന്മകൾ ലേഖകനും അനുവാചകർക്കും സമൃദ്ധിയായി സിദ്ധിച്ചാൽ നന്നു്.

# ചോദിച്ചാൽ പറയാം

90. ചോ: ജോവാൻ ഓഫ് ആർക്കിനെ വധശിക്ഷയ്ക്കു വിധിച്ച "ഇൻക്വിസിഷൻ കോടതി"ക്കു് അന്നത്തെ മാർപ്പാപ്പായുടെ അംഗീകാരമുണ്ടായിരുന്നില്ലേ? പിന്നീടു ജോവാനെ വിശുദ്ധയായി നാമകരണംചെയ്തുവെങ്കിലും സഭ അന്നു ചെയ്തതു് എങ്ങനെ സാധൂകരിക്കാം?

(സി. എ. ഡി. ഇരിഞ്ഞാലക്കുട)

ഉ: ജോവാൻ ഓഫ് ആർക്കിനെ വധശിക്ഷയ്ക്കു വിധിച്ചതു് ഒരു ഇൻക്വിസിഷൻ കോടതി അല്ല. വധശിക്ഷയ്ക്കു വിധിച്ച കോടതിക്കു മാർപ്പാപ്പായുടെ അംഗീകരണമുണ്ടായിരുന്നുമില്ല. എന്നുതന്നെയല്ല ജോവാന്റെ പേരിലുള്ള കേസുവിസ്താരത്തെപ്പററിയോ, വധശിക്ഷയെപ്പററിയോ, അതു നടന്ന അവസരത്തിൽ അന്നത്തെ മാർപ്പാപ്പാ (നാലാം എവുജേനിയസ്) അറിഞ്ഞിരുന്നുമില്ല. വധശിക്ഷകഴിഞ്ഞു് ഒരു മാസത്തിനുശേഷം, നാലാം എവുജേനിയസ് മാർപ്പാപ്പാ ഫ്രാൻസിലെ തന്റെ സ്ഥാനപതിക്കയച്ച കത്തിൽനിന്നും ഈ വസ്തുത വ്യക്തമാണ്. ആകയാൽ ജോവാൻ ഓഫ് ആർക്കിന്റെ വധശിക്ഷയെ സംബന്ധിച്ചിടത്തോളം സഭയ്ക്കു സാധൂകരിക്കേണ്ടതായി ഒന്നുമില്ലെന്നു വ്യക്തമാണ്.

ജോവാന്റെ കേസുവിസ്താരത്തിൽ ബീവേയിലെ ബിഷപ്പ് കോഷൻതുടങ്ങി ചില വൈദികാദ്ധ്യക്ഷന്മാർ പങ്കെടുത്തിരുന്നുവെന്നുള്ളതു ശരിതന്നെ. പക്ഷെ അവർ സഭയുടെ പ്രതിനിധികളായിട്ടല്ല അതിൽ ഭാഗഭാക്കായതു്. ഇംഗ്ലണ്ടിലെ രാജാവിന്റെ ശമ്പളക്കാരും, ഇംഗ്ലീഷ് സ്വാധീനവലയത്തിൽ പെട്ടിരുന്നവരുമായ അവർ ഇംഗ്ലീഷ്കാരുടെ പ്രീതിക്കുവേണ്ടി, ഇംഗ്ലീഷ്കാർ ആവശ്യപ്പെട്ടിരുന്നതുപോലെ പ്രവർത്തിക്കുകയാണുണ്ടായതു്. അവളുടെ പേരിൽ ഇടത്തൂട്ടം മന്ത്രവാദവും കുററംചുമത്തി വിസ്തരിക്കണമെന്നായിരുന്നു ഇംഗ്ലീഷ് റീജെൻറായ ബെഡ്ഫോർഡുപ്രഭു ആവശ്യപ്പെട്ടതു്. വിധിയാളർ അങ്ങനെ ചെയ്യുകയുംചെയ്തു. യുദ്ധത്തിൽ തടവുകാരിയായി പിടിക്കപ്പെട്ട ജോവാനെ ഇങ്ങനെ ശിക്ഷിച്ചതും വധിച്ചതും അന്താരാഷ്ട്രീയനിയമങ്ങൾക്കുതന്നെ വിരുദ്ധമായിട്ടുള്ളതാകുന്നു.

ഈ കോടതിയിലെ അംഗങ്ങൾ വൈദികരായിരുന്നുവെന്നതുകൊണ്ടുമാത്രം സഭയ്ക്കു ഇതിൽ എന്തെങ്കിലും കൈയുണ്ടായിരുന്നുവെന്നു കരുതുന്നതു സത്വാബദ്ധമാണ്. ഫ്രാൻസിന്റെ ആധിപത്യത്തെപ്പററി ഇംഗ്ലണ്ടിലെ രാജാവും ഫ്രാൻസുരാജാവും തമ്മിൽ നിരന്തരസമരം നടത്തിക്കൊണ്ടിരുന്ന അക്കാലത്തു്, വൈദികാദ്ധ്യക്ഷന്മാരുൾപ്പെടെ എല്ലാവരും തന്നെ ഏതെങ്കിലും കക്ഷിയിൽ പെട്ടവരായിരുന്നു. അങ്ങനെ ഇംഗ്ലണ്ടിനെ അനുകൂലിക്കുകയും, ഇംഗ്ലീഷ്രാജാവിൽനിന്നു ശമ്പളം പററുകയും ചെയ്തിരുന്ന ഏതാനും ആളുകളെ ചേർത്തു് ഇംഗ്ലീഷ്കാരുണ്ടാക്കിയ ഈ കോടതി ഇംഗ്ലണ്ടിനു ഗുണകരമായ തീരുമാനങ്ങളിലെത്തിച്ചേരുകയാണുണ്ടായതു്.

ബിഷപ്പ് കോഷൻ തുടങ്ങിയവരുടെ പ്രവൃത്തി നീതീകരണാർഹമല്ലെന്നുള്ളതു ശരിതന്നെ. അതിലധികം കുററകരമാണ്, ജോവാൻ മാർപ്പാപ്പായോടുചെയ്ത അപ്പീൽ യഥാസ്ഥാനത്തു അവർ എത്തിക്കാതിരുന്നതു്. ജോവാനെ വിസ്തരിച്ച കോടതി അന്യായമായി അവളെ ശിക്ഷിച്ചപ്പോൾ, താൻ മാർപ്പാപ്പാതിരുമേനിയുടെ പക്കൽ അപ്പീൽ കൊടുക്കുന്നുവെന്നു അവൾ പറഞ്ഞതാണ്. അതു വൈദികരടങ്ങിയ ഒരു കോടതിയായിരുന്നതിനാലും, ഇംഗ്ലണ്ടും ഫ്രാൻസും അന്നു കത്തോലിക്കാവിശ്വാസത്തിലായിരുന്നതിനാലും, ഈ അപ്പീൽ റോമയിലേക്കയച്ചുകൊടുക്കേണ്ടതായിരുന്നു. പക്ഷെ തങ്ങളുടെ കള്ളത്തരം റോമയിൽ കണ്ടുപിടിക്കപ്പെടുമെന്നു ഭയപ്പെട്ടിരുന്ന അവർ അതു അയച്ചുകൊടുത്തില്ല. അങ്ങനെയൊരു അപ്പീലുള്ള കാര്യംപോലും പുറത്താക്കിയില്ല.

ജോവാനെ വധിച്ച കാൽനൂററാണ്ടിനുള്ളിൽ ഇംഗ്ലീഷ്കാർക്കു് ഫ്രാൻസ് വിട്ടൊഴിഞ്ഞുപോകേണ്ടിവന്നു. ഉടൻതന്നെ, 1455 നവമ്പർ 5-ാംനു-, ജോവാന്റെ കേസു പുനരാലോചനയ്ക്കെടുത്തു. മൂന്നാം കലിക്സ്ററസ് മാർപ്പാപ്പായുടെ അംഗീകാരത്തോടും അനുവാദത്തോടുംകൂടിയാണ് ഈ പുനർവിസ്താരം ഉണ്ടായതു് തൽഫലമായി ആദ്യത്തെ കോടതി നടത്തിയ കേസുവിസ്താരം നിയമവിരുദ്ധമാണെന്നും ജോവാന്റെമേൽ നടത്തിയ ശിക്ഷ അന്യായവും അസാധുവുമാണെന്നും വിധിയുണ്ടായി. ആദ്യകോടതിയിലെ പ്രധാനജഡ്ജി അവളുടെ ആജന്മശത്രുവായിരുന്നു; അവൾക്കനുകൂലമായിരുന്ന തെളിവുകളെല്ലാം മനഃപൂർവ്വം പൂഴ്ത്തിവെക്കപ്പെട്ടു; ഒരു മൈനറായിരുന്ന അവൾക്കുവേണ്ടി വാദിക്കാൻ ഒരു വക്കീലിനെ അനുവദിച്ചില്ല; കേസുവിസ്താരംതന്നെ അന്യായവും വക്രവുമായ രീതിയിലാണ നടത്തപ്പെട്ടതു്; ദുർഗ്രഹങ്ങളും കുഴപ്പംപിടിച്ചതുമായ ചോദ്യങ്ങളാണ് അവളോടു ചോദിച്ചതു്; കപടസ്നേഹിതന്മാരെക്കൊണ്ടു കള്ളസാക്ഷികൾ പറയിച്ചു; മാർപ്പാപ്പായ്ക്കു അപ്പീൽ കൊടുത്തിട്ടും അവൾ സഭയ്ക്കു കീഴ്വഴങ്ങുന്നില്ലായെന്നു കുററം ചുമത്തി; ഇതു മുതലായ കാരണങ്ങളാലാണ് ആദ്യവിസ്താരം നിയമവിരുദ്ധമെന്നു വിധിക്കപ്പെട്ടതു്.

ഈ പുനർവിധി 1456 ജൂലൈ 7-ാംനു- റൂവനിൽവച്ചു് ആഘോഷമായി പ്രഖ്യാപിക്കപ്പെട്ടു. മാർപ്പാപ്പായുടെ അനുവാദത്തോടുകൂടിയാണ് ഈ പുനർവിസ്താരം ആരംഭിച്ചതെന്ന വസ്തുതതന്നെ ജോവാന്റെ വധശിക്ഷയിൽ അന്നത്തെ മാർപ്പാപ്പായ്ക്കു യാതൊരു അറിവുമില്ലായിരുന്നുവെന്നു വ്യക്തമാക്കുന്നുണ്ടല്ലോ. പതിമൂന്നാം ലെയോ, പത്താംപീയൂസ്, പതിനഞ്ചാം ബനദിക്താസ് എന്നീ മാർപ്പാപ്പാമാർ റൂവൻപ്രഖ്യാപനത്തെ ഏററുപറയുകയും ഉറപ്പിക്കുകയും ചെയ്തിട്ടുണ്ടെന്നുകൂടി ഇവിടെ പറഞ്ഞുകൊള്ളട്ടെ.

91. ചോ: മാമ്മോദീസാ സ്വീകരിച്ച മാതാപിതാക്കളിൽനിന്നും ജനിക്കുന്ന കുട്ടിക്കു ജന്മപാപം ഉണ്ടാകുവാൻ പാടുണ്ടോ? ഉണ്ടെങ്കിൽ അതിനുള്ള തെളിവെന്തു്? (ജെ. സി. വാഴക്കുളം)

ഉ: മാമ്മോദീസാ സ്വീകരിച്ച മാതാപിതാക്കളിൽനിന്നും ജനിക്കുന്ന കുട്ടിക്കു ജന്മപാപം ഉണ്ടാകാൻ പാടുണ്ടെന്നു മാത്രമല്ലാ, ജന്മപാപം യഥാർത്ഥത്തിൽ ഉണ്ടായിരിക്കുകയും ചെയ്യുന്നു. കുട്ടിയുടെ നേരിട്ടുള്ള മാതാപിതാക്കന്മാരിൽനിന്നു സിദ്ധിക്കുന്ന ഒന്നല്ലാ ജന്മപാപമെന്നുള്ളതാണ് അതിനു കാരണം അതിനാൽ അതിനു മററു തെളിവുകൾ ആവശ്യമായിരിക്കുന്നില്ല.

ആദിപിതാവായ ആദത്തിന്റെ പാപംനിമിത്തം, ആദത്തിന്റെ സന്താനങ്ങൾക്കു ഉത്ഭവത്തോടുകൂടി ലഭിക്കുന്ന ഒരു പാപമാണ ജന്മപാപം. ജന്മപാപത്തിനു കാരണം ആദത്തിന്റെ പാപമാണ്. കുട്ടിയുടെ മാതാപിതാക്കന്മാരുടെ പരിശുദ്ധിയുമായി അതിനു യാതൊരു ബന്ധവുമില്ല. ആദത്തിന്റെ സന്തതികളിൽ പരിശുദ്ധകന്യകാമറിയം ഒഴികെയുള്ളവർക്കെല്ലാം ജന്മപാപം ഉണ്ടായിരിക്കുന്നു. ഇനി ജനിക്കുവാനിരിക്കുന്ന മനുഷ്യർക്കും അക്കാരണത്താൽതന്നെ ജന്മപാപം ഉണ്ടായിരിക്കുന്നു.

പൂർണ്ണവരപ്രസാദാവസ്ഥയിലാണ ദൈവം ആദത്തെ പറുദീസായിൽ സൃഷ്ടിച്ചതു്. വേദനയിലും മരണത്തിലുംനിന്നുള്ള മുക്തിയും, ഉയർന്നതോതിലുള്ള ജ്ഞാനവും ആദത്തിനു സ്വായത്തമായിരുന്നു. ഒരു വ്യവസ്ഥമാത്രമേ ദൈവം ഏർപ്പെടുത്തിയിരുന്നുള്ളു. ഗുണദോഷജ്ഞാനവൃക്ഷത്തിന്റെ ഫലം ഭക്ഷിക്കരുതെന്നു്. അനുസരണക്കേടു കാണിച്ചാൽ ആദം മരിക്കുമെന്നു ദൈവം കർശനമായി ആജ്ഞാപിച്ചിരുന്നു. (സൃഷ്ടി II 17). ഈ സ്പഷ്ടമായ കല്പനയെ ആദം മനഃപൂർവ്വം ലംഘിച്ചു. ആദത്തിന്റെ ഈ പ്രവൃത്തി ഗുരുതരമായ ഒരു പാപമായിരുന്നു; കാരണം അതു ചെയ്യാതിരിക്കുവാനുള്ള എല്ലാ സാഹചര്യങ്ങളും ജ്ഞാനവും ഇച്ഛാശക്തിയും ആദത്തിനുണ്ടായിരുന്നു.

ആജ്ഞാലംഘനംമൂലം ആദത്തിനു ദൈവദത്തമായുണ്ടായിരുന്ന വരപ്രസാദം നഷ്ടപ്പെട്ടു. പാപത്തിന്റെ ഫലമായ മരണത്തിനു് അവകാശിയായിത്തീരുകയും ചെയ്തു. ഈ മരണം ശാരീരികമെന്നപോലെ ആദ്ധ്യാത്മികവുമായിരിക്കുന്നു. ആദത്തിന്റെ സന്തതിപാരമ്പര്യം ശാരീരികമരണത്തിനു വിധേയരായിരിക്കുന്നതുപോലെ ആദ്ധ്യാത്മികമരണത്തിനും വിധേയരായിരിക്കുന്നു.

ത്രെന്തോസ് സൂനഹദോസ് പഠിപ്പിക്കുന്നതിങ്ങനെയാണ്:

(ശേഷം 11-ാം പേജിൽ)

കുറഞ്ഞ പലിശയ്ക്കു്
പണ്ടപ്പണ്ടം പണയത്തിന്മേൽ
പണം കടം കൊടുക്കുന്നതാകുന്നു.
ബാങ്ക് ഓഫ്
കൊച്ചിൻ
ലിമിററഡ്
എറണാകുളം, തൃശ്ശൂർ, മട്ടാഞ്ചേരി,
ചാലക്കുടി, വില്ലിംഗ്ഡൺദ്വീപ്

വിമർശനപംക്തി

# വേദപുസ്തകത്തെപ്പററി

കഴിഞ്ഞ സത്യദീപത്തിലെ "ചോദിച്ചാൽ പറയാം" എന്ന പംക്തിയിൽ, വേദപുസ്തകത്തെയും സഭയെയുംപററി (ചോദ്യം 89) ചില പരാമർശങ്ങളുണ്ടല്ലോ. അതു് അങ്കമാലിയിലെ ഒരു സുഹൃത്തിനു കൂടുതൽ സംശയങ്ങൾക്കു കാരണമായി തീൎന്നിരിക്കുന്നതായി കാണുന്നു. ശ്രീ പി. പി. വറുഗീസ് എന്ന ആ മാന്യൻ ഞങ്ങൾക്കയച്ചിരിക്കുന്ന ദീർഘമായ ഒരു കത്തിൽ വേദപുസ്തകപ്രാമാണ്യത്തെപ്പററി പല ചോദ്യങ്ങളും ഉന്നയിച്ചിട്ടുണ്ടു്. തൊടുപുഴനിന്നു ശ്രീ കെ. പി. പൗലോസ് എന്ന മാന്യനും ഏതാണ്ടു് അതേതരത്തിലുള്ള സംശയങ്ങളുള്ളതായി കാണുന്നു. അദ്ദേഹത്തിൻ്റെയാണല്ലോ 88-ം 89-ം ചോദ്യങ്ങൾ. വേറെയും ചോദ്യങ്ങളുണ്ടു്. അതിനാൽ ആ സംശയങ്ങൾക്കെല്ലാംകൂടി ചുരുക്കമായി ഈ പംക്തിയിൽ സമാധാനം നൽകുകയാണു്.

ക്രിസ്ത്യാനികൾ മതഗ്രന്ഥമായി സ്വീകരിച്ചിരിക്കുന്ന ബൈബിൾ ഇന്നു ലോകത്തിലെ മിക്ക ഭാഷകളിലേക്കും തർജ്ജമചെയ്യപ്പെട്ടിട്ടുണ്ടു്. അവ മനോഹരമായി അച്ചടിച്ചു്, ഒന്നായി ബയണ്ടുചെയ്തിട്ടുള്ള പ്രതികൾ വളരെ ചുരുങ്ങിയ വിലയ്ക്കു ഇന്നു ആർക്കും വാങ്ങിക്കുവാൻ കിട്ടും. അത്തരമൊരു ബൈബിൾ ഗ്രന്ഥം വാങ്ങി കൈവശം വച്ചുകൊണ്ടിരിക്കുന്ന ആൾ, ക്രിസ്തുസഭയുടെ ആരംഭംമുതൽ ഇങ്ങനെതന്നെയായിരുന്നു സ്ഥിതി എന്നു തെററിദ്ധരിക്കുന്നില്ലേയെന്നു സംശയിക്കേണ്ടിയിരിക്കുന്നു. പെന്തക്കുസ്താദിനം വിശുദ്ധപത്രോസിൽനിന്നും ജ്ഞാനസ്നാനം സ്വീകരിച്ച മൂവായിരം പേർ, തിരിച്ചു താന്താങ്ങളുടെ ഭവനങ്ങളിലേക്കു പോയതു ഇത്തരം ബയണ്ടുചെയ്ത ഓരോ വേദപുസ്തകവുമായിട്ടായിരുന്നുവെന്നാണു ചിലരുടെ വാദം കേട്ടാൽ തോന്നുക.

ബൈബിളിൽ ഇന്നുൾപ്പെടുന്ന പുസ്തകങ്ങളെല്ലാം ചേർത്തു് ഒററഗ്രന്ഥമായി അച്ചടിച്ചു വിതരണംചെയ്യുവാൻ തുടങ്ങിയിട്ടു് അധികനൂററാണ്ടുകളായിട്ടില്ല. ഗട്ടൻബർഗ്ഗ് അച്ചടിവിദ്യ കണ്ടുപിടിക്കുന്നതിനു മുൻപു് വേദപുസ്തകപ്രതി കിട്ടുവാൻ പകർപ്പെഴുത്തുമാത്രമേ ഒരു മാർഗ്ഗമുണ്ടായിരുന്നുള്ളു. തന്മൂലം ഒരു വേദപുസ്തകപ്രതിക്കു വമ്പിച്ച വില കൊടുക്കേണ്ടിയിരുന്നു. ധനവാന്മാരായ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും മാത്രമേ അന്നു വേദപുസ്തകം ലഭിക്കുക സാദ്ധ്യമായിരുന്നുള്ളു. അല്ലാത്തവർക്കു കിട്ടിയതുകൊണ്ടും പ്രയോജനമുണ്ടായിരുന്നില്ല. കാരണം മഹാഭൂരിപക്ഷമാളുകൾക്കും വായിക്കാനറിഞ്ഞുകൂടായിരുന്നു. വിദ്യാഭ്യാസം ഏററവും വർദ്ധിച്ചതെന്നു് അഭിമാനിക്കപ്പെടുന്ന ഈ നൂററാണ്ടിൽതന്നെ ഇൻഡ്യയിൽ ഏതാണ്ടു 12 ശതമാനവും ആഫ്‌റിക്കയിൽ 3 ശതമാനവുമല്ലേ വായിക്കുവാൻ അറിയാവുന്നവരുള്ളു. വേദപുസ്തകമായിരുന്നു നിത്യരക്ഷാസഹായി എങ്കിൽ അക്കാലത്തെ ക്രിസ്ത്യാനികളിൽ അരശതമാനത്തിനുപോലും രക്ഷ പ്രതീക്ഷിക്കുവാൻ മാർഗ്ഗമുണ്ടായിരുന്നില്ല.

കുറച്ചുകൂടി പിന്നിലേക്കു പോയാൽ, എ. ഡി. നാലാംനൂററാണ്ടിനും പിന്നിലേക്കു പോയാൽ, ബൈബിളിൽ ഏതെല്ലാം പുസ്തകങ്ങൾ ഉൾപ്പെടുമെന്ന കാര്യംതന്നെ ആർക്കും ഖണ്ഡിതമായി അറിഞ്ഞുകൂടായിരുന്നു. "ഇന്നയിന്ന പുസ്തകങ്ങൾ കൂടുന്നതാണു വേദപുസ്തകമെന്നു് അതിൽ ഒരിടത്തും പറഞ്ഞിട്ടില്ലാത്ത സ്ഥിതിക്കു കൃത്രിമങ്ങളേവയെന്നു് എങ്ങനെ കണ്ടുപിടിക്കുവാൻ സാധിക്കും? ഇന്നു വേദപുസ്തകത്തിൽ ഉൾപ്പെട്ടുത്താതിരിക്കുന്നവ കൃത്രിമങ്ങളാണെന്നും സ്വീകാര്യങ്ങളല്ലെന്നും തീരുമാനിച്ചു വിധിച്ചതു സഭയാണു്. സഭ ഇങ്ങനെ വിധിക്കാതിരുന്നുവെങ്കിൽ ആ കൃത്രിമഗ്രന്ഥങ്ങളും ദൈവനിവേശിതങ്ങളായി സ്വീകരിക്കേണ്ടി വരുമായിരുന്നു" എന്നു 89-ാംചോദ്യത്തിൻ്റെ മറുപടിയിൽ പ്രതിപാദിച്ചിട്ടുള്ളതു് അതുകൊണ്ടാണു്.

"ഏതു സഭയാണു്, അഥവാ ഏതു സൂനഹദോസാണു്, ഇപ്രകാരം വിധിച്ചതു്?" എന്നാണു ശ്രീ പി. പി. വറുഗീസ് (അങ്കമാലി) ചോദിക്കുന്നതു്.

ബൈബിളിൽ പഴയനിയമം എന്നും പുതിയ നിയമം എന്നും രണ്ടു ഭാഗങ്ങളുണ്ടല്ലോ. ഇതിൽ പഴയനിയമം യഹൂദന്മാരുടെ ഗ്രന്ഥങ്ങളാണു്. എന്നാൽ യഹൂദരുടെ ഇടയിൽതന്നെ ഏതെല്ലാമാണു ദൈവനിവേശിതഗ്രന്ഥങ്ങളെന്നു സർവ്വസമ്മതവും ഖണ്ഡിതവുമായ ഒരു അഭിപ്രായമുണ്ടായിരുന്നില്ല. ഇസ്രായേൽനേതാക്കന്മാർഗ്രന്ഥരചന നടത്തിയിരുന്ന ആദ്യകാലങ്ങളിൽ ഇതു വിഷമമുള്ള ഒരു സംഗതിയല്ലായിരുന്നു. എന്നാൽ യഹൂദന്മാർ ചിതറിപ്പോയതിനു ശേഷം രചിക്കപ്പെട്ട ഗ്രന്ഥങ്ങളുടെ കാര്യത്തിൽ ഏകീകൃതമായ ഒരു തീരുമാനത്തിലെത്തുക സാദ്ധ്യമായിരുന്നില്ല. തന്മൂലം വേദപുസ്തകത്തെ സംബന്ധിച്ചിടത്തോളം "യഹൂദകാനോൻ" എന്ന ഒന്നുണ്ടായിരുന്നില്ല. അലക്സാണ്ടരുടെ പലസ്തീനാ ആക്രമണത്തിനുശേഷം യഹൂദന്മാരുടെ രണ്ടു പ്രധാന കേന്ദ്രങ്ങൾ ഓർശ്ലേമും അലക്സാണ്ട്‌റിയായുമായി. ഈ രണ്ടു കേന്ദ്രങ്ങളും രണ്ടു വിധത്തിലാണു് വേദപുസ്തകഗ്രന്ഥങ്ങളെ നിർണ്ണയിച്ചതു്. ഇവയെ ഓർശ്ലേം കാനോനെന്നും അലക്സാണ്ട്‌റിയൻ കാനോനെന്നും പറയുന്നു. അലക്സാണ്ട്‌റിയൻ കാനോനിൽപെട്ട തോബിയാസ്, യൂദിത്തു്, വിജ്ഞാനം, പ്രസംഗികൻ, ബാറുക്കു്, 1-ം 2-ം മക്കബായ, എസ്തേർ (ചില ഭാഗങ്ങൾ), ഡാനിയൽ (ചില ഭാഗങ്ങൾ) എന്നീ ഗ്രന്ഥങ്ങളെ ദൈവനിവേശിതങ്ങളായി ഓർശ്ലേം കാനോൻ അംഗീകരിക്കുന്നില്ല.

> നിത്യസഹായമാതാവിൻ്റേയും, വിശുദ്ധ യൗസേപ്പിൻ്റേയും സഹായത്താൽ ഉദ്ദിഷ്ടഫലപ്രാപ്തിക്കു ഉപകാരസ്മരണ. താമസിച്ചതിൽ ക്ഷമാപണം.
>
> എൻ. ജി. തോമസ്
> പുതുക്കരിച്ചി

എന്നാൽ ക്രൈസ്തവസഭയെ സംബന്ധിച്ചിടത്തോളം ഈ ഭിന്നതയ്ക്കു വലിയ പ്രസക്തിയില്ലായിരുന്നു. പഴയനിയമഗ്രന്ഥങ്ങളെ ക്രൈസ്തവസഭ സ്വീകരിച്ചതു അവ യഹൂദന്മാർ ഉപയോഗിച്ചിരുന്നുവെന്നതുകൊണ്ടു മാത്രമല്ല. പ്രത്യുത നമ്മുടെ കർത്താവും അവിടുത്തെ അപ്പസ്തോലന്മാരും അവയെ അംഗീകരിച്ചുവെന്നതുകൊണ്ടാണു്. നമ്മുടെ കർത്താവു തൻ്റെ ദൗത്യത്തിനും പഠനങ്ങൾക്കും തെളിവായി അവയിൽനിന്നും വളരെ സാക്ഷ്യങ്ങൾ ഉദ്ധരിക്കുന്നുണ്ടു്. എന്നാൽ യഹൂദന്മാരുടെ ഇടയിലെ ഏതെല്ലാം ഗ്രന്ഥങ്ങൾ സ്വീകാര്യങ്ങളാണെന്നു ക്രിസ്തുവോ അപ്പസ്തോലന്മാരോ ഖണ്ഡിതമായി പ്രസ്താവിച്ചിട്ടില്ല. പക്ഷെ ഓർശ്ലേംകാനോനിൽ ഉൾപ്പെടാത്തതും അലക്സാണ്ട്‌റിയൻകാനോനിൽ ഉൾപ്പെടുന്നതുമായ ഗ്രന്ഥങ്ങളിൽനിന്നു ഉദ്ധരണങ്ങൾ പുതിയനിയമഗ്രന്ഥങ്ങളിൽ കാണുന്നുണ്ടു്. അലക്സാണ്ട്‌റിയൻകാനോൻ അപ്പസ്തോലന്മാർ സ്വീകരിച്ചിരുന്നുവെന്നു് ഇതിൽനിന്നു് അനുമിക്കേണ്ടിയിരിക്കുന്നു.

അപ്പസ്തോലന്മാരെ അനുകരിച്ചു ക്രൈസ്തവസഭയും അലക്സാണ്ട്‌റിയൻകാനോനെയാണു പൊതുവേ സ്വീകരിച്ചതു്. ആ കാനോനിൽപെട്ട പഴയനിയമഗ്രന്ഥങ്ങളെല്ലാം ഗ്രീക്കുഭാഷയിലായിരുന്നുവെന്നതു് ഇക്കാര്യത്തിൽ വളരെ സഹായകമായിരുന്നിരിക്കണം. റോമയിലെ വിശുദ്ധ ക്ലമെൻറു്, ഒരിജൻ, പൊലിക്കാർപ്പു്, അലക്സാണ്ട്‌റിയായിലെ ക്ലമെൻറു്, ഇരനേവൂസു്, ഹിപ്പോലിററസ്, സിപ്രിയാൻ മുതലായ സഭാപിതാക്കന്മാർ ഓർശ്ലേം കാനോനിൽപ്പെടാത്ത അലക്സാണ്ട്‌റിയൻ കാനോൻ ഗ്രന്ഥങ്ങളിൽനിന്നും ധാരാളം ഉദ്ധരണങ്ങൾ തങ്ങളുടെ കൃതികളിൽ എടുത്തു ചേർത്തിട്ടുണ്ടു്. ജൂലിയസ് ആഫ്‌റിക്കാനൂസ് എന്നയാൾക്കു ഒരിജൻ എഴുതിയിട്ടുള്ള കത്തിൽ അലക്സാണ്ട്‌റിയൻ കാനോനാണു ക്രൈസ്തവസഭ സ്വീകരിച്ചിരുന്നതെന്നു വ്യക്തമായി പ്രസ്താവിക്കുന്നുമുണ്ടു്.

(Ep. Afric. P. G. 11, 56—60)

എന്നാൽ നാലാംനൂററാണ്ടായപ്പോഴേക്കും പഴയനിയമഗ്രന്ഥങ്ങളുടെ കാര്യത്തിൽ ഗുരുതരമായ ഭിന്നാഭിപ്രായമുണ്ടായി. പലസ്തീനായിൽ താമസിച്ചിരുന്ന വിശുദ്ധ ജറോം ഓർശ്ലേം കാനോനെ അതേപടി സ്വീകരിച്ചപ്പോൾ, വിശുദ്ധ ആഗ്‌സ്തീനോസും മററു് ആഫ്‌റിക്കൻ മെത്രാന്മാരും അലക്സാണ്ട്‌റിയൻകാനോനെയാണു് അംഗീകരിച്ചതു്. ഇങ്ങനെ സഭാപിതാക്കന്മാർതന്നെ രണ്ടു ചേരികളിലായി.

ഇനി പുതിയനിയമഗ്രന്ഥങ്ങളുടെ കാര്യമാണെങ്കിൽ അവിടേയും ഏകാഭിപ്രായമുണ്ടായിരുന്നില്ല. നമ്മുടെ കർത്താവു തൻ്റെ അപ്പസ്തോലന്മാരോടു സുവിശേഷം പ്രസംഗിക്കുവാനല്ലാതെ എഴുതുവാൻ പറഞ്ഞിട്ടില്ല. പലരും പ്രസംഗിക്കുകമാത്രമേ ചെയ്തിട്ടുമുള്ളു. ചിലർ പ്രാദേശികാവശ്യങ്ങളെ മുൻനിർത്തി ചിലതു എഴുതുകയുംചെയ്തു. രണ്ടാംനൂററാണ്ടായപ്പോഴേക്കും അനേകം കൃത്രിമസുവിശേഷങ്ങളും കൃത്രിമലേഖനങ്ങളും പ്രത്യക്ഷപ്പെട്ടു. ഇവയിൽ കൃത്രിമമേതു്, അല്ലാത്തവയേതു്, എന്നു കണ്ടുപിടിക്കുക സാമാന്യജനങ്ങൾക്കു ശക്യമായിരുന്നില്ല എന്നതോ പോകട്ടെ, യഥാർത്ഥഗ്രന്ഥങ്ങളുടെ കാര്യത്തിൽതന്നെ ഒരു സാർവ്വത്രികമായ അംഗീകരണം ആദിമനൂററാണ്ടിൽ ലഭിക്കുകയുണ്ടായില്ല. എല്ലാവർക്കും എല്ലാ ഗ്രന്ഥങ്ങളും അറിയപ്പെട്ടിരുന്നില്ലായെന്നതാണു് ഇതിനു പ്രധാന കാരണം.

ഏഷ്യാമൈനർ, ഫ്‌റാൻസ്, ഇററലി ഈ രാജ്യങ്ങളിൽ സഞ്ചരിച്ചിട്ടുള്ള ഇരനേവൂസ് (130—202) ആണു് പുതിയ നിയമഗ്രന്ഥങ്ങളുടെ ഒരു പട്ടിക ആദ്യമായി നൽകുന്നതെന്നു തോന്നുന്നു. അദ്ദേഹവും വിശുദ്ധ പൗലോസിൻ്റെ എബ്രായക്കാർക്കുള്ള ലേഖനവും പീലിമോനുള്ള ലേഖനവും ദൈവനിവേശിതങ്ങളായി സ്വീകരിക്കുന്നില്ല. അവയെപ്പററി ഒരിടത്തുപോലും മിണ്ടുന്നില്ല. തെർത്തുല്യൻ പുതിയ നിയമഗ്രന്ഥങ്ങളുടെ പട്ടിക നൽകുന്നുണ്ടു്. എന്നാൽ വിശുദ്ധ പത്രോസിൻ്റെ രണ്ടാമത്തെ ലേഖനവും വിശുദ്ധ യോഹന്നാൻ്റെ 2-ം 3-ം ലേഖനങ്ങളും, വിശുദ്ധ പൗലോസിൻ്റെ എബ്രായക്കാർക്കുള്ള ലേഖനവും അദ്ദേഹം സ്വീകരിക്കുന്നില്ല. അലക്സാണ്ഡ്‌റിയായിലെ ക്ലമെൻറിൻ്റെ (മരണം 215) അഭിപ്രായത്തിൽ എബ്രായക്കാർക്കുള്ള ലേഖനം സ്വീകാര്യമാണു്; എന്നാൽ യൂദാ, പത്രോസ്, യോഹന്നാൻ എന്നീ ശ്ലീഹന്മാരുടെ ലേഖനങ്ങൾ സ്വീകാര്യങ്ങളല്ല. വിശുദ്ധ യോഹന്നാൻ്റെ വെളിപാടു് ദൈവനിവേശിതമായി ഒന്നും രണ്ടും നൂററാണ്ടുകളിൽ പരക്കെ സ്വീകരിക്കപ്പെട്ടിരുന്നു. എന്നാൽ മൂന്നാംനൂററാണ്ടായപ്പോഴേക്കും അതിനെപ്പററിയും പൊതുവെ സംശയമായിത്തുടങ്ങി.

നാലാംനൂററാണ്ടിൽപ്പോലും ബൈബിളിൽ ഉൾപ്പെടുന്ന പുസ്തകങ്ങൾ ഏവയെന്നതിനെപ്പററി സർവ്വസ്വീകാര്യമായ ഒരു അഭിപ്രായമില്ലാതെയാണിരുന്നതു്. അങ്ങനെയിരിക്കെ 392-ൽ ഹിപ്പോയിൽ കൂടിയ സൂനഹദോസ് കാനോനികഗ്രന്ഥങ്ങളുടെ ഒരു പട്ടിക തയാറാക്കി ഈ പട്ടികയോടുകൂടി താഴെപ്പറയുന്ന നിശ്ചയവുംചെയ്തു: "ഈ കാനോൻ്റെ സ്ഥിരീകരണത്തിനായി, നമ്മുടെ സഹോദരനും, സഹവൈദികനുമായ റോമയുടെ മെത്രാൻ പരിശുദ്ധ ബോനിഫസിനേയും ആ ഭാഗങ്ങളിലെ മററു വൈദികരേയും ഇതു അറിയിക്കണം. എന്തെന്നാൽ ഇവ സഭയിൽ വായിക്കണമെന്നു് പിതാക്കന്മാരിൽനിന്നും നാം പഠിച്ചിരിക്കുന്നു." കാർത്തേജിൽ കൂടിയ മൂന്നാമത്തേയും നാലാമത്തേയും സൂനഹദോസുകളും ഹിപ്പോ നിശ്ചയത്തെ അനുകൂലിച്ചു തീരുമാനം ചെയ്തിട്ടുണ്ടു്.

വിശുദ്ധ ജറോമിൻ്റേയും അനുഗാമികളുടേയും ഭിന്നാഭിപ്രായത്തെ എതിർക്കുന്നതിനായിട്ടാണല്ലോ ആഫ്‌റിക്കൻ മെത്രാന്മാർ ഹിപ്പോയിൽക്കൂടി തീരുമാനമെടുത്തതു്. പക്ഷെ അതുകൊണ്ടും തർക്കം തീർന്നില്ല. അതിനാൽ വിശുദ്ധ ജറോമിൻ്റെ ഒരു സുഹൃത്തും ടൂളോസിലെ മെത്രാനുമായ വിശുദ്ധ എക്സ്സൂപ്പെരിയസ്, ഒന്നാം ഇന്നൊസെൻറു് മാർപ്പാപ്പായ്ക്കെഴുതി, വേദപുസ്തകകാനോനിൽ ഉൾപ്പെടുന്ന പുസ്തകങ്ങൾ ഏതൊക്കെയാണെന്നു് ഔദ്യോഗികമായി പ്രഖ്യാപിക്കണമെന്നു്. എ. ഡി. 405-ൽ ഇന്നൊസെൻറു് മാർപ്പാപ്പാ എഴുതിയ Consulenti Tibi എന്നാരംഭിക്കുന്ന തിരുവെഴുത്തിൽ വേദപുസ്തകഗ്രന്ഥങ്ങൾ ഏതൊക്കെയാണെന്നു ഖണ്ഡിതമായി പ്രസ്താവിക്കുകയും ഹിപ്പോ നിശ്ചയത്തെ സ്ഥിരീകരിക്കുകയും ചെയ്തു. (Enchiridion Biblicum, 16). അതോടെ കത്തോലിക്കാസഭയെ സംബന്ധിച്ചിടത്തോളം ഈ തർക്കം തീർന്നു.

എന്നാൽ ചില ഇടത്തുട്ടുകാർ, തങ്ങളുടെ പാഷണ്ഡോപദേശങ്ങളെ സാധൂകരിക്കുന്നതിനായി ചില പുസ്തകങ്ങളുടെ സാധുതയെ പിന്നീടും ചോദ്യം ചെയ്തിട്ടുണ്ടു്. ആകയാൽ 1441-ൽ ഫ്ളോറൻസിൽ കൂടിയ സാർവ്വത്രികസൂനഹദോസ്, ഇന്നൊസെൻറു മാർപ്പാപ്പായുടെ തീരുമാനത്തെത്തന്നെ വീണ്ടും ആവർത്തിച്ചുപ്രഖ്യാപിക്കുകയുണ്ടായി. 16-ാം നൂററാണ്ടിലെ മതവിപ്ലവക്കാർ പല വിശ്വാസസത്യങ്ങളേയും പരിത്യജിക്കുകയുണ്ടായല്ലോ. അതിനെ ന്യായീകരിക്കുന്നതിനു ചില ബൈബിൾ ഗ്രന്ഥങ്ങൾതന്നെ നിഷേധിക്കേണ്ടതു് അവർക്കു ആവശ്യമായിത്തീർന്നു. അക്കാലത്തു കൂടിയ ത്രെന്തോസ് സൂനഹദോസും, 1870-ലെ വത്തിക്കാൻ സൂനഹദോസും ഫ്ളോറൻസ് സൂനഹദോസു് നിശ്ചയത്തെ ആവർത്തിച്ചുപ്രഖ്യാപിച്ചിട്ടുണ്ടു്.

ഇന്നൊസെൻറു മാർപ്പാപ്പായുടെ പ്രഖ്യാപനവും സൂനഹദോസുകളുടെ നിശ്ചയങ്ങളുംമൂലം കത്തോലിക്കരെ സംബന്ധിച്ചിടത്തോളം വേദപുസ്തകഗ്രന്ഥങ്ങൾ ഏതൊ

## കൈത്തിരി

(കാടൊക്കെ വെട്ടിനിരത്തി എ. മ.)

ചേലൊത്തൊരു കൈത്തിരി നീട്ടി
ശാപത്തിൻ കരിമറനീക്കി
മാലിത്തിരിയേശാതെത്തിയ
മാനോർമണി, മേരികാന്തൻ
താരാകെയുതിർത്തുകയായ്.

1. കതിർവീശിയ കന്മഷഹാരക കൈകളു നമ്മളിലുയരുകയായ്
വരമരുളും സന്ദേഹമെഴാതണയുകതല്ത്തിരുപാദത്തിൽ
ചന്തമെഴും തൻതിരുനാമമതെന്തൊരു മോഹനമാണെന്നോ
പങ്കമകന്നീശൻ സന്നിധിചേരാൻ താതനെ വാഴ്ത്തീടാം.
(ചേലൊത്തൊരു ...)

2. പുരുഭീകരരൂപമെഴും നരകാസുരരെത്തിയടുക്കുമ്പോൾ,
നരരാധിയൊടാശ്രയമരുളും ഗേഹമതൊന്നു തിരക്കുമ്പോൾ,
പെരുകുംദയയോടണയുന്നൊരു താതനെ വാഴ്ത്തിവണങ്ങിടാം
പരിചോടരിഭീതിയിലമരാൻ താതനെ വാഴ്ത്തിവണങ്ങിടാം
(ചേലൊത്തൊരു...)

താരാകെയുതിർത്തുകയായ്...(3 പ്രാവശ്യം)

(by T. M. P. Kalayanthani

## യുവതികൾക്കു് ഏകാന്തധ്യാനം

### ആലുവാ

ചുണങ്ങംവേലി അഗതികളുടെ സഹോദരിമാരുടെ ആഭിമുഖ്യത്തിൽ ആണ്ടുതോറും യുവതികൾക്കായി നടത്താറുള്ള ഏകാന്തധ്യാനം ഈ ആണ്ടിലും ആലുവാ സെൻറു മേരീസ് ഹൈസ്കൂളിൽവച്ചു് ഏപ്രിൽ 29-ാംതിയതി വൈകുന്നേരം തുടങ്ങുന്നതും മേയ് 3-ാംതിയതി രാവിലെ അവസാനിക്കുന്നതുമാണു്.

ശയ്യോപകരണങ്ങൾ ഓരോരുത്തരും കൊണ്ടുവരണം. ബോർഡിംഗ്ഫീസ് ഏഴു രൂപാമാത്രം.

ഇതിൽ സംബന്ധിക്കുവാൻ ഉദ്ദേശിക്കുന്നവർ ഏപ്രിൽ 25-ാംതിയതിക്കകം വിവരം താഴെവരുന്ന മേൽവിലാസത്തിൽ അറിയിക്കേണ്ടതാണു്.

The Rev. Mother Superior, Sisters of the Destitute,
Chunangumvely, Alwaye, Thottummukam P. O.

സംഭവകഥ

# വികാരി അച്ചൻ മനസ്സുതിരിഞ്ഞു

(ജെ. പി. വി.)

റോമായുടെ പ്രാന്തപ്രദേശത്തുള്ള ഒരു ചെറുനഗരമാണു് "റീസ്." വിശുദ്ധമത്തായിയുടെ നാമത്തിൽ അവിടെ ഒരിടവകദേവാലയമുണ്ടു്. ഭൂരിപക്ഷവും പാവപ്പെട്ടവരാണു് ഇടവകജനങ്ങൾ. അവിടത്തെ ജനങ്ങളും ഇതുവരെയുണ്ടായിട്ടുള്ള ഇടവകവികാരിമാരും അതിപ്രശസ്തമായ ഒരു ഭക്തപാരമ്പര്യം അവിടെ പുലർത്തിപ്പോന്നിട്ടുണ്ടു്. വെനീസിലെ പാത്രിയക്കാസിംഹാസനത്തിൽ പ്രശസ്തമായി ഭരണം നടത്തിയിരുന്ന കിർദ്ദിനാൾ മൊനീക്കോ ആ ഇടവകാംഗമായിരുന്നു. അദ്ദേഹത്തിന്റെ വൃദ്ധനായ പിതാവു് ഇപ്പോഴും അവിടെ ഇരുമ്പുപണിയിൽ വ്യാപൃതനായി ജീവിക്കുന്ന ഒരു പാവപ്പെട്ട ഇടവകക്കാരനാണു്. അങ്ങിനെ പല ചരിത്രങ്ങളും ആ ഇടവകയ്ക്കു അഭിമാനിക്കാനുണ്ടു്. അതിലൊന്നാണു് ഈ ചെറുകഥയുടെ ഇതിവൃത്തം.

ഫാദർ ജോൺ വാററായ് റീസിലെ ഇടവകവികാരിയും ഫാദർ പാമിയോ അദ്ദേഹത്തിന്റെ അസിസ്റ്റേന്തിയുമാണു് ഇപ്പോൾ. ഇടവകജനങ്ങളുടെ കണ്ണിലുണ്ണിയായിരുന്ന ഫാദർ ടൈററസ് ഫസ്സരീനിയേയും അദ്ദേഹത്തിന്റെ അസിസ്റ്റേന്തിയായിരുന്ന ഫാദർ പീററർ ജാക്ക്രൂസിയേയും തുടർന്നാണു് ഫാദർ ജോണും പാമിയോയും അവിടെ നിയമിതരായതു്. ഈ രണ്ടു കൂട്ടരുടേയും സ്വഭാവങ്ങളും ആശയഗതികളും കടകവിരുദ്ധങ്ങളായിരുന്നു. ഫാദർ ടൈററസ്സും അസിസ്റ്റേന്തിയും ഭക്തശിരോമണികളും, ജനങ്ങളെ ഹാർദ്ദമായി സ്നേഹിച്ചിരുന്നവരും, സേവനസന്നദ്ധരും, ത്യാഗിവര്യരുമായിരുന്നെങ്കിൽ ഫാദർ ജോണും സഹായിയും ആഢ്യത്വമനസ്ഥിതിക്കാരും, സുഖലോലുപന്മാരും, അഹംബുദ്ധിയോടുകൂടിയവരുമായിരുന്നു. അതിനനുസരിച്ച ഒരു ജീവിതപരിപാടിയായിരുന്നു അവരുടേതു്. ഇടവകജനങ്ങളുമായി അവർക്കു വലിയ സമ്പർക്കമൊന്നുമുണ്ടായിരുന്നില്ല. ഇടവകക്കാരുടെ ആത്മീയാവശ്യങ്ങൾ സൗകര്യംപോലെ നിർവ്വഹിച്ചുകൊടുക്കണം; അതിൽ കൂടുതലായ ഇടപെടലൊന്നും ആവശ്യമില്ല എന്നതായിരുന്നു അവരുടെ മാനദണ്ഡം. പാവപ്പെട്ട റീസ് ഇടവകക്കാരെ ഇതു വളരെ സങ്കടപ്പെടുത്തി. പക്ഷെ അവർ അതു ക്ഷമാപൂർവ്വം സഹിച്ചുകൊണ്ടിരുന്നു. യാതൊരു വഴക്കിനും വക്കാണത്തിനും അവർ കോപ്പുകൂട്ടിയില്ല.

പ്രകൃതിസുന്ദരമായ ഒരു രാത്രി. ചന്ദ്രിക ഭൂമുഖത്തെ വെള്ളിക്കതിരുകൾകൊണ്ടു തലോടുകയാണു്. സുഗന്ധവാഹിയായ മന്ദമാരുതൻ നഗരത്തിലെ ഓരോ ചെറുഭവനങ്ങളേയും സന്ദർശിച്ചു സമാശ്വാസത്തിന്റെ സന്ദേശം നൽകി കടന്നുപോകുന്നുണ്ടു്. അവർക്കു ഒരു നല്ല കാലം വരാൻ പോകുന്നുണ്ടോ?

പള്ളിമുറിയിൽ ഭംഗിയായി വെള്ളവിരിച്ച ഒരു ഭക്ഷണമേശയുടെ ഇരുഭാഗങ്ങളിലുമായി വികാരിയും അസിസ്റ്റേന്തിയും ഇരുന്നു സുഭിക്ഷമായ അത്താഴം കഴിച്ചുകൊണ്ടിരിക്കുന്നു. റോസ്‌റവുകളുടെ മാദകഘ്രാണങ്ങളും വീഞ്ഞു നിറച്ച പാനപാത്രങ്ങളിലൂടെ കടന്നുവരുന്ന ദീപപ്രകാശത്തിന്റെ അരുണിമയും അന്തരീക്ഷത്തെ ഉന്മേഷഭരിതമാക്കുന്നു, സുഹൃൽസംഭാഷണങ്ങളോടും ഉല്ലാസഭരിതമായ പൊട്ടിച്ചിരികളോടുംകൂടി വിരുന്നു ആനന്ദകരമായി അങ്ങിനെ തുടർന്നുകൊണ്ടിരുന്നു. അവസാനമായി ഐസ്ക്രീംകൊണ്ടു മകുടം ചാർത്തപ്പെട്ട ആ സദ്യകഴിഞ്ഞു ഫാദർ ജോൺ ഒരു നീണ്ട ചുരുട്ടു എടുത്തു കത്തിച്ചു. സംഭാഷണം ശാഖാസംക്രമണം ചെയ്തു ഇടവകയിലെ സ്ഥിതിഗതികളും, തത്വശാസ്ത്രത്തിലേയും ദൈവശാസ്ത്രത്തിലേയും ദുർഗ്രഹമായ തത്വസംഹിതകളും, രാഷ്ട്രീയസംഭവങ്ങളുടെ ഗതിവിഗതികളും, വൈദികമേലദ്ധ്യക്ഷന്മാർ തങ്ങളുടെ കഴിവുകളെ മാനിച്ചു് കൂടുതൽ പ്രധാനപ്പെട്ട ജോലികൾ ഏല്പിക്കാത്തതിലുള്ള അമർഷപ്രകടനങ്ങളും ഇങ്ങനെ വിവിധവിഷയങ്ങളിലൂടെ കടന്നുപൊയ്ക്കൊണ്ടിരുന്നു. ജീവിതത്തിൽ സുഖമായി കഴിയുക എന്നുള്ളതു് ഒരിക്കലും അവഗണിക്കാവുന്നതല്ല എന്ന തത്വത്തെ പലവിധത്തിൽ സ്ഥാപിക്കുന്നതിനുള്ള ന്യായങ്ങൾ അദ്ദേഹത്തിനു ധാരാളമുണ്ടായിരുന്നു എടുത്തുകാണിക്കുവാൻ. ആശാനിഗ്രഹം, തപശ്ചര്യകൾ, ഉപവാസം മുതലായ ബാഹ്യമായ ആചരണങ്ങളിൽ വലിയ അർത്ഥമൊന്നുമില്ല എന്നും, അതെല്ലാം ഒരുതരം ബുദ്ധിയുടെ വികല്പങ്ങളാണെന്നും, അവയിൽ കൂടുതൽ പ്രാധാന്യം വച്ചവരാണു് പലപ്പോഴും സത്യസഭയിൽനിന്നും തെററി പാഷണ്ഡതകളും ശീശ്മകളും ഉണ്ടാക്കിയിട്ടുള്ളതെന്നും ഉദാഹരണസഹിതം സ്ഥാപിക്കുന്നതിനു് അദ്ദേഹത്തിനു പ്രത്യേകപാടവമുണ്ടായിരുന്നു. ഈ സംഭാഷണരീതി അസ്സേന്തി അച്ചനും വളരെ പഥ്യമായിരുന്നു. ഇങ്ങനെ സംസാരം വളരെ മേളമായി നടന്നുകൊണ്ടിരിക്കുമ്പോഴാണു് പുറത്തു വാതിലിൽ ഒരു മുട്ടു് ഠo, ഠo, ഠo!—അശ്രീകരം എന്നല്ലാതെന്തു പറയട്ടെ!

II

"സെമ്മിനാരിക്കാരൻ ബെപ്പോ അച്ചനെ കാണുവാൻ വന്നിരിക്കുന്നു" ഗൃഹഭൃജാലിക്കാരി കത്രീനാ വന്നു പറഞ്ഞു.

"സാദ്ധ്യമല്ല. നീ ചെന്നു പറയുക, അച്ചൻ ഒരു രോഗിയുടെ അടുത്തുപോയിരിക്കുകയാണെന്നു്" വികാരിയച്ചൻ പ്രതിവചിച്ചു.

"അച്ചാ, കഴിഞ്ഞ ഞായറാഴ്ച പള്ളിയിൽ വിളിച്ചുപറഞ്ഞതല്ലേ, രാത്രിയിൽ രോഗീസന്ദർശനത്തിനു മേലിൽ സൗകര്യമുണ്ടാവുകയില്ല, ആവശ്യമുള്ളവർ നേരത്തെ വന്നുകൊള്ളണമെന്നു്. അതുകൊണ്ടു് അയാൾ ഈ സമാധാനം വിശ്വസിക്കുകയില്ല. അച്ചനു സൗകര്യമില്ലെന്നു പറഞ്ഞു് ഞാൻ കണ്ടു സംസാരിക്കാം" പാമിയോ അച്ചൻ ഇടപെട്ടു.

"വേണ്ടാ, താനവിടെ ഇരിക്കൂ. വാസ്തവത്തിൽ കഴിഞ്ഞ ഞായറാഴ്ച ഞാൻ വളരെയധികം ക്ഷോഭിച്ചുപോയി. അല്ലാതെന്തുചെയ്യും? ആ ഒരാഴ്ചയിൽതന്നെ മണിനന്നാക്കുന്ന പീററരുടെ വീട്ടിലേക്കു പച്ചപ്പാതിരായ്ക്കു മൂന്നുദിവസം വൃഥാ എന്നെ വിളിച്ചുകൊണ്ടുപോയി, അവന്റെ ഭാര്യ റോസീററാ മരിക്കുവാൻ പോകുന്നെന്നുംപറഞ്ഞു്. അവൾ മരിക്കുന്നു പോലും! കയ്യും കണക്കുമില്ലാതെ തിന്നു തടിച്ചിട്ടു വാതിൽ കടക്കുകയില്ല ദേഹം. എന്നും പാതിരായ്ക്കു തന്നെ മരിക്കണം. വെറും വേഷം!" വികാരിയച്ചൻ ക്ഷോഭത്തോടെയാണു സംസാരിച്ചതു്.

"അപ്പോൾ ഞാനാ സെമ്മിനാരിക്കാരനോടു് എന്തു പറയണം?" കത്രീനാ ആരാഞ്ഞു, "ആ ശെമ്മാശ്ശൻ ഇപ്പോൾ മൂന്നുപ്രാവശ്യമായി വരുന്നു. വരുമ്പോഴെല്ലാം അച്ചൻ പുറത്തെവിടെയെങ്കിലും പോയിരിക്കും. അയാളുടെ മുഖം വളരെ വാടി ക്ഷീണിച്ചിരിക്കുന്നു."

ഫാദർ വാററായിക്കു ഒരു പ്രസംഗത്തിനു വിഷയംകിട്ടി. "ഓ, അതിൽ തെററില്ല. സെമ്മിനാരിക്കാർക്കു അങ്ങനെയിരിക്കുവാനേ കഴിയുകയുള്ളൂ. സെമ്മിനാരിജീവിതം! അതെന്തു കഷ്ടപ്പാടാണെന്നു ഞാൻ ഇപ്പോൾ നല്ലതുപോലെ ഓർമ്മിക്കുന്നു. തല കുമ്പിട്ടുനടക്കണം; പുറത്തെങ്ങും പൊയ്ക്കൂടാ; ഒരു മതിൽക്കെട്ടിനുള്ളിൽ തടവുകാരെപ്പോലെ ദിവസങ്ങൾ കഴിക്കണം; എപ്പോഴും മണിയടി, മണിയടിതന്നെ, മണിയടി. ഞാൻ എന്തുമാത്രം കഷ്ടപ്പെട്ടെന്നോ? ഭയങ്കരജീവിതം!"

"അച്ചാ, എന്നാൽ ഞാനെന്തു പറയണം?" കത്രീനാ.

"നീ പറയൂ, ഞങ്ങൾ രണ്ടുപേരും അന്ത്യകൂദാശകൾ കൊടുക്കാൻ പോയിരിക്കുകയാണെന്നു" അച്ചൻ നിർദ്ദേശിച്ചു.

"അങ്ങനെ പറയാം" അവൾ പോയി.

ഫാദർ വാററായി:-"നാമെന്താണു് പറഞ്ഞുകൊണ്ടിരുന്നതു്. അതിന്റെ രസച്ചരടു പൊട്ടിച്ചു ആ മണ്ടച്ചെറുക്കൻ."

"സെമ്മിനാരിജീവിതത്തെ കുറിച്ചല്ലേ?" അസ്സേന്തി.

"അതല്ലെന്നു്. അവൻ വന്നു മുട്ടുന്നതിനുമുമ്പു നമ്മൾ പറഞ്ഞിരുന്നില്ലേ?" അച്ചനു ഈർച്ചയായി.

"അതു ഭക്തജീവിതത്തെക്കുറിച്ചല്ലേ?"

"അതേ അതുതന്നെ. ഭക്തി എന്നു പറയുന്നതു് പുറമെ കാണിക്കുന്ന മയപ്പെട്ട ചില പെരുമാററങ്ങളല്ല. ഒരു വികാരിയുടെ കാര്യംതന്നെ നോക്കൂ. അദ്ദേഹത്തിനു എത്രയെത്ര മെച്ചമായ ആശയങ്ങളുണ്ടായിരിക്കാം; അവയെ ഇടവകയിൽ നടപ്പാക്കേണ്ട മാർഗ്ഗങ്ങളെപ്പററി ചിന്തിക്കുകയാവും. അദ്ദേഹത്തിനു നല്ല സാഹിത്യവാസനയുണ്ടായിരിക്കാം; അദ്ദേഹം ജനോപകാരപ്രദമായ വല്ല ലേഖനവും എഴുതുകയായിരിക്കും. അപ്പോഴാണു് വാതിക്കൽ മുട്ടു്, ഠo, ഠo, ഠo. എല്ലാ ആശയങ്ങളും തകർന്നു. ഒരു ഒഴപ്പൻമനുഷ്യൻ അതെല്ലാം തകർത്തു. എങ്ങനെ ഈ മനുഷ്യരോടു് മയമായിട്ടും മര്യാദയായിട്ടും പെരുമാറാൻ സാധിക്കും? അതുകൊണ്ടു് ഇടവകയിലെ അൽമേനികളുമായുള്ള കൂട്ടുകെട്ടു പാടുള്ളിടത്തോളം മാററിവയ്ക്കുകയാണു് വല്ലതും നന്മചെയ്യാൻ ആദ്യമായിതന്നെ വേണ്ടതു്. അവരുടെ അത്യാവശ്യങ്ങൾ മുടക്കരുതു്. അതുമാത്രം ധാരാളം മതിയല്ലോ."




അമേരിക്കൻ ഗവൺമെൻറിന്റെ രാജ്യാന്തരറേഡിയൊ സർവ്വീസായ "വോയ്സ് ഓഫ് അമേരിക്ക"യുടെ 15-ാം വാർഷികം പ്രമാണിച്ചു് അമേരിക്കൻ പ്രസിഡൻറു ഐസൻഹോവർ ലോകത്തിനു ഒരു സന്ദേശം പ്രക്ഷേപണം ചെയ്യുകയാണു്.



43 ഭാഷകളിൽ പ്രക്ഷേപണം ചെയ്യപ്പെട്ട തന്റെ സന്ദേശത്തിന്റെ ഒരു റിക്കാർഡിങ്ങു പരിശോധിക്കുകയാണു് പ്രസിഡൻറു്. അടുത്തുനിൽക്കുന്നതു് അമേരിക്കൻ ഇൻഫർമേഷൻ ഏജൻസി ഡയറക്ടർ മി. ആർതർ ലാർസൺ ആണു്.

"അതു ശരിയാണു്. പക്ഷെ ജനങ്ങളുടെ ഇടയിൽ അങ്ങനെയുള്ള വൈദികരെക്കുറിച്ചു യാതൊരു മതിപ്പും ഉണ്ടാവുകയില്ല. പരിചയവും അടുത്ത സമ്പർക്കവും ഇല്ലാത്തിടത്തു ബഹുമാനവും ഭക്തിയും കുറയുമെന്നാണു് എനിക്കു തോന്നുന്നതു്. ഇവിടത്തെ നമ്മുടെ സ്ഥിതിതന്നെ ഒരു കുഴഞ്ഞപ്രശ്നമായിട്ടാണു് ഞാൻ കാണുന്നതു്. നമ്മോടു ആർക്കുംതന്നെ ഹൃദയപൂർവ്വകമായ സ്നേഹം കാണുന്നില്ല. അതേസമയം മാറിപ്പോയവരെപ്പററിപ്പറയുമ്പോൾ അവർക്കു് എന്തു ഭക്തിയും സ്നേഹവുമാണു്?"

"ഒന്നു മിണ്ടാതിരിക്കണം. ഈ പഞ്ഞവാസികളുടെ സ്നേഹവും ബഹുമാനവും ആർക്കുവേണം. മുമ്പിവിടെ ഇരുന്നവരാണു് ഈ വേഷ്ടകളെ ഇത്രയധികം ചീത്തയാക്കിയതു്. അവരുടെ ചിങ്കിടിക്കനുസരിച്ചു തുള്ളുകയായിരുന്നു അവരുടെ ഭരണം. ഈ വാററായി അച്ചൻ ഇതൊക്കെ കുറേ കണ്ടിട്ടുള്ളയാളാണു്. ഇന്നും എന്റെ വീട്ടിൽ ഈ വർഗ്ഗങ്ങളെയൊന്നും അടിച്ചുതിണ്ണകത്തു കയററുകയില്ല. മനസ്സിലായോ? ഏതായാലും ഇവരെ ഒരു പാഠം പഠിപ്പിച്ചിട്ടേ ഞാൻ അടങ്ങുകയുള്ളൂ. അതു തീർച്ചയാണു്." വികാരിയച്ചൻ അല്പം ദേഷ്യത്തോടെ ഉപസംഹരിച്ചു.

"അച്ചൻ ക്ഷമിക്കണം. ഒരു സംശയം ചോദിച്ചുകൊള്ളട്ടെ. ജനസമ്മതിയില്ലാതെ ഭരണം വിജയിക്കുമോ?" അസ്സേന്തി അച്ചൻ ചോദിച്ചു.

"ജനസമ്മതി. അതെന്താണു്? നാട്ടിൽ നമ്മെപ്പോലെയുള്ള ഉന്നതനിലയിൽ ഇരിക്കുന്നവരുടെ സൗഹാർദ്ദമുണ്ടെങ്കിൽ നമ്മുടെ നിലയും ഉറച്ചതുതന്നെ. ജനസമ്മതിക്കുവേണ്ടി ആരാണു് കീഴിയാൻപോകുന്നതു്? ജനസമ്മതി! ഞാൻ ചോദിക്കട്ടെ, ക്രിസ്തുശിഷ്യന്മാരിൽ ആർക്കാണു ജനസമ്മതിയുണ്ടായിരുന്നതു്? തിരുസഭയുടെ പ്രഥമാദ്ധ്യക്ഷനായിരുന്ന പത്രോസിനു എന്തുമാത്രം ജനസമ്മതിയുണ്ടായിരുന്നു? ജനങ്ങൾ തലകീഴായിട്ടല്ലേ അദ്ദേഹത്തെ തൂക്കിക്കൊന്നതു്? ആദ്യത്തെ രക്തസാക്ഷി വി. എസ്തപ്പാനോസിനെ കല്ലെറിഞ്ഞുകൊന്നതു് ജനസമ്മതികൊണ്ടാണോ? ഇതൊക്കെ വെറും അസംബന്ധം." ഫാദർ വാററായി എഴുന്നേററു അദ്ദേഹത്തിന്റെ മുറിയിലേക്കു പോയി

(തുടരും)

## ഉപകാരസ്മരണ

ബ. അൽഫോൻസാമ്മയുടെ പ്രത്യേക മാദ്ധ്യസ്ഥത്താൽ എന്റെ കുട്ടിയുടെ കൈ അത്ഭുതകരമായി സുഖപ്പെട്ടതിനു് ഹൃദയംഗമമായ കൃതജ്ഞത.

മിസ്സസ് റോസി കുഞ്ഞവരാ
എളങ്കുന്നപ്പുഴ, വ. പറവൂർ

---

ക്കെയെന്നുള്ളതിൽ യാതൊരു സംശയവും ഇന്നില്ല. എന്നാൽ മാർപ്പാപ്പായുടെ അധികാരത്തെ അംഗീകരിക്കാത്ത പ്രോട്ടസ്റ്റൻറുകാരെ സംബന്ധിച്ചിടത്തോളം ഇന്നും തർക്കം തീർന്നിട്ടില്ല. വിവിധ പ്രോട്ടസ്റ്റൻറുവിഭാഗങ്ങൾക്കു വിവിധതരത്തിലാണു് ഇന്നു ബൈബിൾ. ഉദാഹരണമായി നോൺ കൺഫർമിസ്റ്റു് വിഭാഗങ്ങൾ ഡ്യൂട്രോകാനോനിക്കൽ എന്നു പറയുന്ന പഴയനിയമത്തിലേയും പുതിയനിയമത്തിലേയും ഏതാനും പുസ്തകങ്ങൾ നിശ്ശേഷം തങ്ങളുടെ ബൈബിളിൽനിന്നു ഉപേക്ഷിച്ചിരിക്കുന്നു. ചില ആംഗ്ലിക്കൻവിഭാഗങ്ങളാകട്ടെ, അവ വേറെ പുസ്തകത്തിൽ ഉൾപ്പെടുത്തി അച്ചടിക്കുന്നുണ്ടു്. യൂറോപ്പിലെ ചില പ്രോട്ടസ്റ്റൻറുവിഭാഗങ്ങൾ മർക്കോസിന്റെയും ലൂക്കായുടേയും സുവിശേഷങ്ങൾ സ്വീകരിക്കുന്നില്ല..

(തുടരും)

# വിവിധവൃത്താന്തങ്ങൾ

## ഹോളണ്ടിലെ ദൈവവിളി

ഹോളണ്ടിലെ കത്തോലിക്കാ മെത്രാന്മാർ നോമ്പുകാലം പ്രമാണിച്ചു പുറപ്പെടുവിച്ചിരിക്കുന്ന ഇടയലേഖനത്തിൽ, ഹോളണ്ടിൽ ദൈവവിളികൾ കുറഞ്ഞുവരുന്നതിനെ പരാമർശിച്ചിരിക്കുന്നു. യൂറോപ്പിലെ ആ ചെറിയ രാജ്യമാണു ലോകത്തിലെ കത്തോലിക്കാ മിഷ്യനറിമാരിൽ 13 ശതമാനത്തെയും നൽകിക്കൊണ്ടിരിക്കുന്നതു്. ഇപ്പോൾതന്നെ വിദേശമിഷ്യനിൽ ജോലിചെയ്യുന്നവരായി ഹോളണ്ടുകാരായ 60 മെത്രാന്മാരും 4000 വൈദികരും 4000 കന്യാസ്ത്രീകളും തുണസഹോദരന്മാരുമുണ്ടു്. തന്മൂലം ദൈവവിളി കുറയുന്നതിൽ ഭാവിയെപ്പററി മെത്രാന്മാർ ഉൽകണ്ഠിതരായിരിക്കുന്നു. ആകയാൽ യുവാക്കന്മാരിൽ ദൈവവിളി പ്രോത്സാഹിപ്പിക്കുവാൻ മാതാപിതാക്കന്മാരെയും വൈദികരെയും അദ്ധ്യാപകന്മാരെയും മെത്രാന്മാർ ആഹ്വാനം ചെയ്തിരിക്കുന്നു.

## അയറിഷ് പ്രസിഡൻറ്

അയിറിഷ് പ്രസിഡൻറ് മി. സീൻ ടി. കെല്ലി വത്തിക്കാനിലെത്തി മാർപ്പാപ്പാതിരുമേനിയെ സന്ദർശിക്കുകയും ഐറിഷ്കാരായ ഗ്രന്ഥകാരന്മാരുടെ പ്രസിദ്ധങ്ങളായ ഗ്രന്ഥങ്ങളുടെ ഒരു സെററു് തിരുമനസ്സിലേക്കു സമർപ്പിക്കുകയും ചെയ്തു. ഇവയിൽ അതിപ്രാചീനങ്ങളായ ചില കൈയെഴുത്തുപ്രതികളും ഗ്രന്ഥങ്ങളും ഉൾപ്പെടുന്നു. പ്രസിഡൻറിനോടുകൂടി അദ്ദേഹത്തിൻെറ പത്നിയും ഉണ്ടായിരുന്നു. പ്രസിഡൻറിൻെറ റോമയിലെ 9 ദിവസത്തെ താമസത്തിനിടയ്ക്കു്, ഐറിഷ് ഫ്രാൻസിസ്കൻ സന്യാസിമാർ നടത്തുന്ന സെൻറ് ഇസിദോർസ് കോളേജിൽവെച്ചു അയർലൻറിൻെറ അപ്പസ്തോലനായ വിശുദ്ധ പാട്രിക്കിൻെറ ദിനം ആഘോഷിക്കുകയുണ്ടായി.


## ഗായകബാലന്മാരുടെ മദ്ധ്യസ്ഥൻ

എല്ലാ ഗായകബാലന്മാരുടെയും സ്വർഗ്ഗീയമദ്ധ്യസ്ഥനായി പരിശുദ്ധപിതാവു വിശുദ്ധ ഡോമിനിക്കു് സാവ്യോയെ നാമകരണം ചെയ്തിരിക്കുന്നു. വിശുദ്ധ ഡോൺബോസ്ക്കോയുടെ പ്രഥമശിഷ്യന്മാരിൽ ഒരാളായ വിശുദ്ധ ഡോമിനിക്കു്സാവ്യോ 15-ാമത്തെ വയസ്സിൽ ഒരു നൂറു കൊല്ലം മുൻപു നിര്യാതനായി. 26 രാജ്യങ്ങളിലെ ഗായകബാലസംഘങ്ങളുടെ പ്രസിഡൻറുമാരുടെ അടുത്തകാലത്തു കൂടിയ ഒരു സമ്മേളനത്തിൽ വെച്ചു്. വിശുദ്ധ ഡോമിനിക്കു സാവ്യോയെ ഗായകബാലന്മാരുടെ സ്വർഗ്ഗീയമദ്ധ്യസ്ഥനായി നിയമിക്കണമെന്നു അഭ്യർത്ഥിച്ചുകൊണ്ടുള്ള ഒരു നിവേദനം പരിശുദ്ധ പിതാവിനു സമർപ്പിക്കുകയുണ്ടായെന്നുള്ളതു് ഈ ഘട്ടത്തിൽ സ്മർത്തവ്യമാണു്.

## ബ്രൂസൽസ് വാണിജ്യമേള

1958-ൽ ബ്രൂസൽസിൽവെച്ചു നടത്തപ്പെടുന്ന വാണിജ്യമേളയിലെ വത്തിക്കാൻ പവിലിയൻെറ —സിവിത്താസ് ദേയിയുടെ— ചെയർമനായി ബെൽജിയത്തിലെ ഒരു മുൻമന്ത്രിയായ മി. പോൾ ഹേയ്മാൻസിനെ നിയമിച്ചിരിക്കുന്നു. ബെൽജിയത്തിലെ അനേകം പണ്ഡിതസംഘങ്ങളിലെ അംഗവും ഒരു തൊഴിലുടമയുമായ മി. ഹെയ്മാൻസ് ബെൽജിയത്തിലെ സാമ്പത്തികകാര്യമന്ത്രി, മിഡിൽക്ലാസ്മന്ത്രി, കൃഷികാര്യമന്ത്രി എന്നീ സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ടു്. ഇപ്പോൾ കാരിത്താസിൻെറ ഇൻറർനാഷനൽ അസിസ്റ്റൻസ് കമ്മിററിയുടെ ചെയർമനുമാണദ്ദേഹം. ഹോളണ്ട്, ലണ്ടൻ, അമേരിക്ക സർവ്വകലാശാലകളിൽ പഠനം നടത്തി പ്രശസ്തവിജയങ്ങൾ നേടിയിട്ടുള്ള പണ്ഡിതനായ മി. ഹെയമാൻസിനു് ഇപ്പോൾ 62 വയസ്സു പ്രായമുണ്ടു്. ഒരു സർവ്വരാജ്യവാണിജ്യമേളയിൽ, വിപുലമായ തോതിൽ വത്തിക്കാൻ പങ്കെടുക്കുന്നതു് ഇതാദ്യമായിട്ടാകുന്നു.

## Thanksgiving




For Favours Received
Gracy Kuruvilla

## കർദ്ദിനാളിൻെറ സംഭാവന

ജർമ്മനിയിലെ കൊളോൺരൂപതയിലെ ജനങ്ങൾ ഒരു ഞായറാഴ്ച പ്രത്യേകപിരിവെടുത്തു്, കൊളോൺമെത്രാപ്പോലീത്താ കർദ്ദിനാൾ ഫ്റിൻജസ് തിരുമനസ്സിലെ 70-ാംജന്മദിനം പ്രമാണിച്ചു് ഒരു പണക്കിഴിയായി സമർപ്പിക്കുകയുണ്ടായി. 22000 പവൻ വരുന്ന ഈ പണക്കിഴി കർദ്ദിനാൾ തിരുമേനി ദക്ഷിണാഫ്റിക്കയിലെ മിഷ്യൻസ്കൂളുകളുടെ സഹായാർത്ഥം അയച്ചുകൊടുത്തിരിക്കുന്നു. കത്തോലിക്കാ വിദ്യാഭ്യാസത്തെ സജീവമായി നിലനിർത്തിക്കൊണ്ടുപോകേണ്ടതു ലോകത്തിലെങ്ങുമുള്ള കത്തോലിക്കരുടെ ചുമതലയാണെന്നും, സത്യത്തിനു വർണ്ണവ്യത്യാസമില്ലെന്നും, ദക്ഷിണാഫ്റിക്കൻ ഗവമ്മെൻറിൻെറ പ്രമാദമായ സൃഷ്ടിപരമായ പ്രവർത്തനംകൊണ്ടാണു തിരുത്തേണ്ടതെന്നും തിരുമേനി തൻെറ ജനങ്ങളെ ഉദ്ബോധിപ്പിച്ചിരിക്കുന്നു

## രണ്ടു ആധുനികവീരർ

ആധുനികയുഗത്തിലെ രണ്ടുവീരപുരുഷന്മാരായ ഫാദർ ടിറോറാഹോർട്ടർ, ഫാദർ തീയോഫ് ലിഡി ഗൈററിയാ ഗോണി എന്നിവരെ അനുഗ്രഹീതരെന്നു പേരു വിളിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിരിക്കുകയാണു്. ഇവർ 1936-ൽ വേദസാക്ഷികളായി മരിക്കുകയാണുണ്ടായതു്. നാസിമർദ്ദനഭരണത്തെ എതിർക്കുകയാൽ ഫാദർ ടിറോറാ എന്ന ഡോമിനിക്കൻ വൈദികൻ 1935-ൽ അറസ്റ്റുചെയ്യപ്പെടുകയും, ക്രൂരമർദ്ദനങ്ങളുടെ ഫലമായി ജയിലിൽക്കിടന്നു മരിക്കുകയുംചെയ്തു. പെറുവിൽ ലിമാ സർവ്വകലാശാലയുടെ റെക്ടർ ആയിരുന്ന ഫാദർ തിയോഫ്ലി, സ്പെയിനിലെ കമ്മ്യൂണിസ്റ്റ്ഭീകരഭരണകാലത്തു മതവിശ്വാസത്തെപ്രതി വധിക്കപ്പെടുകയാണുണ്ടായതു്. ഈ വീരപുരുഷന്മാരുടെ എഴുത്തുകളും ലേഖനങ്ങളും റിത്തുകളുടെ തിരുസംഘം ഇപ്പോൾ പരിശോധിച്ചുകൊണ്ടിരിക്കുകയാണു്.

## ദക്ഷിണധ്രുവത്തിൽ കർബാന

അൻറാർട്ടിക്കായിൽ ദക്ഷിണധ്രുവത്തിൽനിന്നു് 800 മൈൽ അകലെ ഒരു സ്ഥലത്തു്, ന്യൂസിലണ്ടിൽ ഡ്യുനീഡിൻരൂപതയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറററായ ബിഷപ്പ് ജോൺ കാവനാഗ് ദിവ്യപൂജ സമർപ്പിച്ചിരിക്കുന്നു. ദക്ഷിണധ്രുവപ്രദേശത്തോടു് ഇത്രയടുത്തു ഇതിനുമുൻപു ദിവ്യപൂജ സമർപ്പിക്കപ്പെട്ടിട്ടില്ല. ന്യൂസിലൻഡിൽനിന്നും 4200 മൈൽ അകലെയുള്ള ഈ സ്ഥലത്തേക്കു അദ്ദേഹം വിമാനമാർഗ്ഗമാണു യാത്രചെയ്തതു്. അവിടെ അദ്ദേഹം 7 മണിക്കൂർ ചെലവഴിച്ചു ദിവ്യപൂജ സമർപ്പിക്കുകയും, ദക്ഷിണധ്രുവപര്യവേഷകസംഘക്കാർക്കു കൂദാശകൾ നൽകുകയും അവരോടു പ്രസംഗിക്കുകയുംചെയ്തു

## എല്ലാ ക്രൈസ്തവരും എതിർക്കുന്നു

ദക്ഷിണാഫ്റിക്കൻ ഗവർമ്മെൻറിൻെറ പുതിയ വർണ്ണവിവേചനബില്ലിനെ അവിടത്തെ എല്ലാ ക്രൈസ്തവവിഭാഗങ്ങളും ശക്തിയായി എതിർത്തിരിക്കുന്നു. വെള്ളക്കാർ താമസിക്കുന്ന പ്രദേശങ്ങളിൽ 1938 നുശേഷം സ്ഥാപിതമായിട്ടുള്ള ദേവാലയങ്ങളിൽ വെള്ളക്കാരല്ലാത്തവർ പ്രവേശിക്കുന്നതിനെ തടയുകയാണു് ഈ നിയമനിർമ്മാണത്തിൻെറ ഉദ്ദേശ്യം. കേപ്ടൗൺ, ഡർബാൻ, പ്രിട്ടോറിയാ ഈ അതിരൂപതകളുടെ മെത്രാപ്പോലീത്താമാർ ഈ നിയമനിർമ്മാണത്തെ ശക്തിയായി ആക്ഷേപിച്ചിരിക്കുന്നു. ഈ നിയമം പാസാക്കിയാൽ അതിനെ അവഗണിക്കുവാൻ തൻെറ വൈദികരെ ഉപദേശിക്കുമെന്നു പ്രിട്ടോറിയാമെത്രാപ്പോലീത്താ മുന്നറിവു നൽകിയിരിക്കുന്നു. ഇതു ദൈവത്തിൻെറ കാര്യത്തിൽ സീസർ കൈകടത്തുകയാണെന്നും, മതസ്വാതന്ത്ര്യത്തെയും വ്യക്തിസ്വാതന്ത്ര്യത്തെയും നിഹനിക്കുകയാണെന്നും ചൂണ്ടിക്കാണിക്കപ്പെട്ടിരിക്കുന്നു. ദക്ഷിണാഫ്റിക്കയിലെ ആംഗ്ലിക്കൻ, പ്രസ്ബിറേററിയൻ, മെത്തോഡിസ്റ്റ്, ക്രിസ്ത്യൻ കൗൺസിൽ സഭാവിഭാഗങ്ങളുടെ അദ്ധ്യക്ഷന്മാരും ഈ നിയമനിർമ്മാണസംരംഭത്തെ ശക്തിയായി ആക്ഷേപിച്ചിരിക്കുന്നു തൽഫലമായി ബില്ലിൽ ഭേദഗതിവരുത്തുവാൻ ഗവമ്മെൻറു് ആലോചിച്ചുവരുന്നതായി കേപ്പ് ആർഗസ് എന്ന പത്രം റിപ്പോർട്ടുചെയ്യുന്നു.

## ഇൻഡ്യാ വാർത്തകൾ

ബ്രിട്ടീഷ് ലേബർപാർട്ടിയിലെ ഒരു നേതാവായ മി. അനുറിൻ ബെവാൻ ഇൻഡ്യാ സന്ദർശിച്ചിരിക്കുന്നു കമ്മ്യൂണിസ്റ്റുകാർ വ്യവസ്ഥാപിതഭരണം നടത്തുകയെന്നതു കമ്മ്യൂണിസത്തിൽ യാതൊരു മാർഗ്ഗദർശനവും നൽകിയിട്ടില്ലാത്ത ഒരു സ്ഥിതിവിശേഷമാണെന്നു അദ്ദേഹം പ്രസ്താവിച്ചു —കമ്മ്യൂണിസ്റ്റുകാരുമായി ഒരു സംയുക്തമന്ത്രിസഭ ഉണ്ടാക്കുകയെന്ന പ്രശ്നമേയില്ലെന്നു അഖിലേന്ത്യാ പ്രജാസോഷ്യലിസ്റ്റ് പാർട്ടി ജനറൽസിക്രട്ടറി മി. ത്രിലോക്സിംഗ് പ്രസ്താവിച്ചിരിക്കുന്നു.

## A Thirty Days' Retreat for Priests

A Thirty days' retreat according to the spiritual Exercises will be organised at Bangalore St. Peter's Seminary from April 25th till May 25th the number of Retreatants being strictly limited. Subscriptions should be sent immediately to

Rev. Fr. J. Moyerson S. J
Manresa House, Ranchi,
who will also provide further particulars.

—ഇന്ത്യയിലെ പട്ടുനൂൽവ്യവസായത്തിൻെറ അഭിവൃദ്ധിക്കായി ഗ്രാൻറായി 3810011 ക യും വായ്പയായി 27,31,651 ക യും കേന്ദ്രഗവമ്മെൻറു് അനുവദിച്ചിരിക്കുന്നു.

—കേരളസംസ്ഥാനകോൺഗ്രസ് പുനസ്സംഘടനയെപ്പററി അഖിലേന്ത്യാ കോൺഗ്രസ് വർക്കിംഗ് കമ്മിററി ചർച്ചചെയ്യുകയും അതിലേക്കു് ഒരു അഡ്ഹോക്കമ്മിററിയെ നിയമിക്കുവാൻ തീരുമാനിക്കുകയും ചെയ്തിരിക്കുന്നു

—ഇന്ത്യാഗവമ്മെൻറു് അംഗീകരിച്ചിരിക്കുന്ന പുതിയ ദശാംശനാണയസമ്പ്രദായം ഈ ഏപ്രിൽ 1-ാംനു മുതൽ നടപ്പിൽവന്നിരിക്കുന്നു.

—ഇപ്പോഴത്തെ ലോക്സഭയുടേയും രാജ്യസഭയുടേയും സമ്മേളനങ്ങൾ അവസാനിച്ചിരിക്കുന്നു.

—പാർലമെൻറിലെ കോൺഗ്രസ്പാർട്ടിയുടെ ലിഡറായി ശ്രീ ജവഹരിലാൽ നെഹ്റുവിനെ ഐകകണ്ഠ്യേന തിരിഞ്ഞെടുത്തിരിക്കുന്നു.

—നിലവിലുള്ള പാർലമെൻറു് ഏപ്രിൽ 4-ാംനു പിരിച്ചുവിടുന്നും പുതിയ പാർലമെൻറു് മേയ് 13-ാംനു സമ്മേളിക്കുന്നതുമാണെന്നറിയുന്നു.

—മദ്രാസ് അസംബ്ലിയിലേക്കു ഇത്തവണ നാലു കത്തോലിക്കർ മാത്രമേ തിരിഞ്ഞെടുക്കപ്പെട്ടിട്ടുള്ളൂ. മെ: എ വി. എ. പരിശുദ്ധ നാടാർ (തഞ്ചാവൂർ), ലാസർ ഉഡയാർ (തൃശ്ശിനാപ്പള്ളി-ലാൽഗുഡി) മിസ്സസ് കുളന്തൈയമ്മാൾ (സേലൂർ, കോയമ്പത്തൂർ), മിസ്സസ് ലൂർദ്ദമ്മാൾ (കൊളച്ചൽ, കന്യാകുമാരി) എന്നിവരാണു് ആ മെമ്പർമാർ. മെ: എം. വില്യംസ്, എ. നേശമണി, എ. വി. തോമ്മസ്, ഇ. പി. മധുരം ഡി. ഡി. ഡാനിയൽ എന്ന 5 പ്രോട്ടസ്റ്റൻറുകാരും തിരിഞ്ഞെടുക്കപ്പെട്ടിരിക്കുന്നു.

## കേരളവാർത്തകൾ

1957-58 ലേക്കു കേരളത്തിനു് ഒരു ഇടക്കാല ബഡ്ജററ് ലോക്സഭയിൽ അവതരിപ്പിച്ചു പാസ്സാക്കിയിരിക്കുന്നു. 26.5 കോടി ക. വരവും 27.52 കോടി ക. ചെലവും അങ്ങനെ 1.02 കോടി ക. അധികച്ചെലവുമാണു് ഈ ബഡ്ജററനുസരിച്ചു പ്രതീക്ഷിക്കപ്പെട്ടിരിക്കുന്നതു്.

—സർവ്വകലാശാലാ ഗ്രാൻറുകമ്മീഷൻ ശുപാശ് ചെയ്തിട്ടുള്ള തോതിൽ കോളെജ് അദ്ധ്യാപകന്മാരുടെ ശമ്പളം വർദ്ധിപ്പിച്ചുകൊണ്ടു ഗവമ്മെൻറുത്തരവായിരിക്കുന്നു.

—കേരള നിയമസഭയിലേക്കു തിരിഞ്ഞെടുക്കപ്പെട്ടിരിക്കുന്ന കമ്മ്യൂണിസ്റ്റ് പാർട്ടി എം. എൽ. ഏ. മാരുടെ ഒരു യോഗം കൂടി ശ്രീ ഇ എം ശങ്കരൻ നമ്പൂതിരിപ്പാടിനെ ലീഡറായും ശ്രീ സി. അച്ചുതമേനോനെ ഡിപ്യൂട്ടി ലീഡറായും തിരഞ്ഞെടുത്തിരിക്കുന്നു.

—കേരള നിയമസഭയിലേക്കു തിരിഞ്ഞെടുക്കപ്പെട്ടിരിക്കുന്ന പ്രജാസോഷ്യലിസ്റ്റ് പാർട്ടി മെംബറന്മാരുടെ ഒരു യോഗം കൂടി ശ്രീ പട്ടം താണുപിള്ളയെ ലീഡറായും, എം നാരായണക്കുറുപ്പിനെ ഡിപ്യൂട്ടി ലീഡറായും തിരഞ്ഞെടുത്തിരിക്കുന്നു.

—കേരളത്തിലെ ഇക്കഴിഞ്ഞ നിയമസഭാ തിരഞ്ഞെടുപ്പിനു 17 ലക്ഷം ക. ചെലവായതായി കണക്കാക്കപ്പെട്ടിരിക്കുന്നു.

—തിരുവനന്തപുരത്തു നടന്ന ഹൈക്കോടതി ബഞ്ചു പ്രക്ഷോഭണം സംബന്ധിച്ചു 1068 പേരെ പ്രോസിക്യൂട്ടു ചെയ്തതായും, 707 പേരെ ശിക്ഷിച്ചതായും കേന്ദ്ര ആഭ്യന്തരമന്ത്രി ലോകസഭയിൽ പ്രസ്താവിച്ചിരിക്കുന്നു.

—1955-56 ൽ കൊച്ചി തുറമുഖത്തിലൂടെ 16,08,687 ടൺ വ്യാപാരം നടത്തപ്പെടുകയുണ്ടായി. ഇതു മുന്നാണ്ടിലെക്കാൾ 57,068 ടൺ കൂടുതലാണു്. എന്നാൽ പ്രവർത്തനം മൂലമുള്ള മിച്ചം 9.10 ലക്ഷം ക. (മുന്നാണ്ടിലേക്കാൾ 1.82 ലക്ഷം കുറവു്) ആയിരുന്നു.

—കേരള കമ്മ്യൂണിസ്റ്റ് പാർട്ടി ലീഡർ ശ്രീ ഇ എം ശങ്കരൻ നമ്പൂതിരിപ്പാടു ഗവർണ്ണരെ സന്ദർശിച്ചു മന്ത്രിസഭാ രൂപവത്കരണത്തെപ്പററി ചർച്ച നടത്തിയിരിക്കുന്നു.

—തിരു-കൊച്ചി സർവ്വീസിലും മദ്രാസു സർവ്വീസിലുമുണ്ടായിരുന്ന കേരള ഉദ്യോഗസ്ഥന്മാരുടെ ശമ്പളം ഏകീകരിച്ചുകൊണ്ടു ഗവമ്മെൻറു് ഉത്തരവായിരിക്കുന്നു.

—എറണാകുളത്തു സെൻറ് ജോസഫ്സ് ബി. ടി. ട്രെയിനിംഗ് കോളേജ് എന്ന പേരിൽ ഒരു ട്രെയിനിംഗ് കോളേജ് നടത്തുന്നതിനു സുറിയാനി കർമ്മലീത്താ സന്യാസികൾക്കു തിരുവിതാംകൂർ സർവ്വകലാശാല അനുവാദം നൽകിയിരിക്കുന്നു.

—എറണാകുളം മെത്രാപ്പോലീത്തൻ പള്ളിയിൽ പ്രതിവർഷം നടത്താറുള്ള 13 മണി ആരാധന കഴിഞ്ഞ ഞായറാഴ്ച നടത്തപ്പെട്ടിരിക്കുന്നു. വൈകുന്നേരം എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സിലെ ദിവ്യകാരുണ്യാശീർവാദത്തോടെ ആരാധനാചടങ്ങുകൾ അവസാനിച്ചു

സി.കെ.പോൾ & കമ്പനി
ആഭരണവ്യാപാരം
PHONE 536
എറണാകുളം

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസീഞ്ഞോർ ജേക്കബ് നടുവത്തുശേരി
റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 30. || 1957 APRIL 3 || No. 33.


# കത്തോലിക്കരും സാമൂഹ്യസേവനവും

സാമൂഹികസേവനം കത്തോലിക്കരെ സംബന്ധിച്ചു ദൈവദത്തമായ ഒരു പ്രമാണമായി കരുതാം. "നിന്റെ അയൽക്കാരനേയും നിന്നെപ്പോലെതന്നെ സ്നേഹിക്കുക" എന്നുള്ള ആജ്ഞയുടെ അർത്ഥവ്യാപ്തിയിൽ അതുൾപ്പെടുന്നു എന്നു സ്പഷ്ടമാണല്ലോ. പക്ഷെ സ്വാർത്ഥലോലുപമായ മനുഷ്യപ്രകൃതി ഈ കർത്തവ്യനിർവ്വഹണത്തിൽനിന്നും അവനെ ബഹുദൂരം വഴിപിഴപ്പിച്ചു കൊണ്ടുപോകുന്ന അനുഭവങ്ങളാണ് എവിടെയും കാണുന്നതു്. ഇക്കാലത്തിലെ ഭയാനകമായ സംഭവപരമ്പരകളുടെയെല്ലാം അടിയിൽ പ്രവർത്തിക്കുന്ന ശക്തിയും ഇതല്ലാതെ മറ്റൊന്നല്ല എന്നു വസ്തുതകളെ സൂക്ഷ്മപരിശോധനചെയ്താൽ കാണാൻ വിഷമമുണ്ടാവുകയില്ല. നമ്മുടെ സാമൂഹികനീതിബോധത്തെ തട്ടിയുണർത്തുന്നതിനും, സാമൂഹികസേവനരംഗങ്ങളിൽ കർത്തവ്യനിരതരായി പ്രവർത്തിക്കുന്നതിനു ഉത്തേജിപ്പിക്കുന്നതിനും പശ്ചാത്താപപൂർണ്ണമായ ഈ നോമ്പുകാലത്തു ഈ വിഷയം നമ്മുടെ പ്രത്യേകശ്രദ്ധയെ ആകർഷിക്കേണ്ടതാണ്. ഇതു സംബന്ധിച്ചു മദ്രാസ്-മൈലാപ്പൂർ മെത്രാപ്പോലീത്താ മോസ്റ്റ് റവ. ഡോക്ടർ എൽ. മത്യാസ് തിരുമനസ്സുകൊണ്ടു പ്രസിദ്ധീകരിച്ചിട്ടുള്ള ഒരു നോമ്പുകാല ഇടയലേഖനത്തിലെ ചില ഭാഗങ്ങൾ ഇവിടെ ഉദ്ധരിച്ചുകൊള്ളട്ടെ:-

"നമ്മുടെ കാലത്തിന്റേതായ അപകടങ്ങളുടെ മദ്ധ്യത്തിലും ആധുനികസമുദായത്തെ പീഡിപ്പിക്കുന്ന നിരവധി ക്ലേശങ്ങളുടെ നടുവിലുംനിന്നുകൊണ്ടു്, അത്യധികമായ ആശങ്കാപാരവശ്യത്തോടുകൂടിയല്ലാതെ ഭാവിയെ അഭിവീക്ഷണം ചെയ്യുവാൻ ചിന്താശീലമുള്ള ആർക്കെങ്കിലും സാധിക്കുമോ? നമ്മുടെ ഈ നൂറ്റാണ്ടു് ഗുരുതരങ്ങളായ അത്യാഹിതങ്ങളെ അഭിമുഖീകരിച്ചുകഴിഞ്ഞു. തത്തുല്യം ഭയാനകങ്ങളായവ ഇനിയും സംഭവിക്കുകയില്ല എന്നു എന്തുറപ്പാണുള്ളതു്! സഫലമായ പ്രതിവിധികൾ കണ്ടെത്തുവാൻ കഴിവുള്ള സങ്കേതങ്ങളെ തേടിപ്പിടിക്കണമെന്നാണ് ആധുനികകാലസംഭവങ്ങൾ നമ്മെ ഉൽബോധിപ്പിച്ചുകൊണ്ടിരിക്കുന്നതു്. അതിതാണ്: കുടുംബാന്തരീക്ഷത്തിലും, സാമൂഹികക്രമത്തിലും, മാനവസമുദായത്തിന്റെ എല്ലാ പ്രവർത്തനരംഗങ്ങളിലും ക്രിസ്തീയമതസിദ്ധാന്തങ്ങളും ജീവിതക്രമവും പുനഃസ്ഥാപിക്കപ്പെടണം.

"അതിപുരാതനമായ ഈ രാജ്യം ശക്തിമത്തായ ചില പ്രവർത്തനങ്ങൾക്കു വിധേയമായിരിക്കുകയാണ്. ആദർശങ്ങളുടെ ഒരു ബലപരീക്ഷണരംഗമായി അതു മാറിയിരിക്കുകയാണ്. പുരാതനമായ അതിന്റെ ആദ്ധ്യാത്മികപാരമ്പര്യങ്ങളും ജീവിതാദർശങ്ങളും മാഞ്ഞുമറഞ്ഞുകൊണ്ടിരിക്കുന്നു. ഭാവി എന്തായിരിക്കും? ആദ്ധ്യാത്മികമായ എല്ലാ മൂല്യങ്ങളേയും തകർക്കുന്നതും, പലേ പ്രാചീനസംസ്കാരങ്ങളേയും ഇതിനകം കഴിച്ചുമൂടിയിട്ടുള്ളതുമായ ഭൗതികത്വത്തിന്റെ വേലിയേറ്റം ഈ രാജ്യത്തേയും ഗ്രസിച്ചുകളയുമോ? ഗണ്യമായ പരിവർത്തനങ്ങൾ എവിടെയും നടന്നുകൊണ്ടിരിക്കുന്നുണ്ടു്. നാമവയെ ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും നമ്മുടെ കത്തോലിക്കാസമുദായവും അതിൽ പെടാതെ ഗത്യന്തരമില്ല. ഒന്നു നാം പ്രത്യേകം ഓർമ്മിക്കണം. ഇന്ത്യയുടെ നാളത്തെ സാമൂഹികമായ സംവിധാനവും ജീവിതസാഹചര്യങ്ങളും നമ്മുടെ ഇന്നത്തെ പരിശ്രമങ്ങളേയും പ്രതിഫലിപ്പിക്കുന്നവയായിരിക്കും. അഥവാ അവ നമ്മുടെ അലസതയുടേയും കർത്തവ്യവിലോപത്തിന്റേയും സാക്ഷികളായിരിക്കും. ഈ രാജ്യത്തിന്റെ സാമൂഹികവും സാമ്പത്തികവുമായ സംവിധാനം കേവലം ഭൗതികങ്ങളായ തത്വങ്ങളിൽ അടിയുറപ്പിക്കപ്പെടുകയാണെങ്കിൽ, ജനതയുടെ ക്ഷേമമെന്നതു് ലൗകികമായ കുറെ സമ്പത്തു് കൈയടക്കുകമാത്രമാണെന്നു വരികയാണെങ്കിൽ, ഉല്പന്നങ്ങളുടെ പൊതുവുടമയിലുള്ള കേന്ദ്രീകരണംവഴിയും വിഭവങ്ങളുടെ പൊതുവിതരണപദ്ധതികൾമൂലവും വ്യക്തിസ്വാതന്ത്ര്യം നിഹനിക്കപ്പെടുകയാണെങ്കിൽ, സാമൂഹികനീതിക്കു മനുഷ്യജീവിതത്തിൽ സ്ഥാനമില്ല എന്ന നില വരുകയാണെങ്കിൽ, തീർച്ചയായും നാം ഭയപ്പെടേണ്ടിയിരിക്കുന്നു, ക്രിസ്തീയവിശ്വാസത്തിന്റെ നേട്ടങ്ങളായ ആദ്ധ്യാത്മികവും സനാതനവുമായ മൂല്യങ്ങൾ അപകടത്തിലാവുകയാണെന്നു്. മനുഷ്യാത്മാവുകളുടെ രക്ഷയെ ഭീഷണിപ്പെടുത്തി ഉയർന്നുവരുന്ന ഈ ഭൗതികത്വവേലിയേറ്റത്തെ നിയന്ത്രിക്കുകയാണ് ഏതൊരു കത്തോലിക്കനേയും അഭിമുഖീകരിക്കുന്ന ഏറ്റവും അടിയന്തിരമായ കർത്തവ്യം. പരിശുദ്ധപിതാവു് 11-ാംപീയൂസിന്റെ വാക്കുകൾ ഇവിടെ അനുസ്മരണീയമാണ്: "നമ്മുടെ മാതൃരാജ്യം അപകടത്തിലായിരിക്കുമ്പോൾ, ഏറ്റവും അത്യാവശ്യമല്ലാത്തതോ ഏകീകൃതമായ പ്രതിരോധനത്തെ നേരിട്ടു ബന്ധിക്കാത്തതോ ആയ ഏതൊന്നിനും രണ്ടാംസ്ഥാനമേ കല്പിക്കപ്പെടുന്നുള്ളു. അതുപോലെയാണ് ഇന്നത്തെ ഈ വിധിനിർണ്ണായകഘട്ടത്തിലും നാം പ്രവർത്തിക്കേണ്ടതു്" (ദിവിനിറെഡംപ്തോരിസ്)

## യുവജനങ്ങൾക്കു പരിശീലനം കൊടുക്കണം

ഭൗതികത്വാദർശങ്ങൾക്കെതിരായി വൈദികർ സ്വന്തജനങ്ങളുടെ ഇടയിൽ നിർവ്വഹിക്കേണ്ട കർത്തവ്യങ്ങളെപ്പറ്റി അനുസ്മരിപ്പിച്ചശേഷം യുവജനങ്ങളിൽ കൈവളർത്തേണ്ട സേവനമനോഭാവത്തെക്കുറിച്ചു തിരുമേനി പ്രതിപാദിച്ചു:- "സാമൂഹികമായ നമ്മുടെ കത്തോലിക്കാ പരിശ്രമങ്ങൾ ഇത്ര ദുർബലമായിരിക്കുന്നതിനു കാരണം കത്തോലിക്കാ സ്ത്രീപുരുഷന്മാർക്കു വേണ്ടത്ര സാമൂഹികമായ അവബോധവും വീക്ഷണഗതിയും ഇല്ലാത്തതുകൊണ്ടല്ലയോ? നമ്മുടെ കത്തോലിക്കാ യുവലോകത്തിന്റെ പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്നവരുടെ ഭാരിച്ച ഒരു ചുമതല ഇവിടെയാണെന്നു് സന്ദർഭോചിതമായി എടുത്തു പറഞ്ഞു കൊള്ളട്ടെ. അവരുടെ ശിക്ഷണത്തിൽ ഏല്പിക്കപ്പെടുന്നവർക്കു വെറും സാമാന്യവും സാഹിത്യപരവുമായ കുറെ ജ്ഞാനം പ്രദാനം ചെയ്യുന്നതുകൊണ്ടു് സാമൂഹികമായ അവരുടെ കടമ തീർന്നു എന്നവർ വിചാരിക്കരുതു്. മേൽപ്പറഞ്ഞതൊന്നും സാമൂഹികപ്രവർത്തനത്തിൽ പെടുന്നവയല്ല ...............യുവതീയുവാക്കന്മാർ അവരുടെ ചെറുപ്പകാലംമുതൽ വ്യക്തിപരമായ വിധത്തിൽ ഈശോയുടെ ഏറ്റം പരിശുദ്ധ തിരുഹൃദയത്തിൽ വഴിഞ്ഞൊഴുകുന്ന സ്നേഹത്തെ അനുകരിക്കുന്നതിനു പഠിപ്പിക്കപ്പെടുന്നില്ലായെങ്കിൽ, സാമൂഹികമായ ഗുണങ്ങളെയും സുകൃതങ്ങളേയും പ്രാവർത്തികമാക്കുന്നതിനു അവസരങ്ങൾ കൊടുത്തു അവരെ പരിശീലിപ്പിക്കുന്നില്ലായെങ്കിൽ, അവരുടെ അദ്ധ്യാപകന്മാരിൽനിന്നുതന്നെ ഉത്തമമായ മാതൃക അവർക്കു ലഭ്യമാകുന്നില്ല എങ്കിൽ സാമൂഹികസേവനത്തെപ്പറ്റി അജ്ഞന്മാരായി അവർ വളരുമെന്നുമാത്രമല്ല, ഈ പ്രസ്ഥാനത്തോടു് യാതൊരഭിരുചിയുമില്ലാത്തവരായി അവർ പരിണമിക്കുകയും ചെയ്യും........"

## സാമൂഹ്യപ്രവർത്തനങ്ങളിൽ പങ്കെടുക്കണം

ഇന്നത്തെ വികസിച്ചുകൊണ്ടിരിക്കുന്ന സംവിധാനപദ്ധതികളിൽ കത്തോലിക്കർ കഴിവനുസരിച്ചു പങ്കെടുക്കേണ്ട ആവശ്യകതയെപ്പറ്റി ഇടയലേഖനം ഇങ്ങനെ തുടരുന്നു: "വിദ്യാഭ്യാസംകൊണ്ടും സാമ്പത്തികകഴിവുകൾകൊണ്ടും രാജ്യത്തിന്റെ പൊതുജീവിതത്തിൽ പ്രവർത്തിക്കുന്നതിനു കഴിവുള്ളവരെല്ലാം, വെറും ഭൗതികത്വപരമായ ഒരു സാമൂഹികസംവിധാനം സൃഷ്ടിക്കുന്നതിനുള്ള പരിശ്രമത്തെ തടയുന്നതിനുവേണ്ടി മുൻകൈയെടുത്തു പ്രവർത്തിക്കാൻ ഗൗരവാവഹമായവിധം കടപ്പെട്ടവരാണെന്നു പ്രത്യേകം ഓർമ്മിക്കേണ്ടതത്രെ. നഗരങ്ങളിലും ഗ്രാമങ്ങളിലും സാമൂഹികക്രമം പരിവർത്തനം പ്രാപിച്ചുകൊണ്ടിരിക്കുകയാണ്. പുതിയ പുതിയ പദ്ധതികളും ആസൂത്രണങ്ങളും പരിപാടികളും ആവിഷ്കരിക്കപ്പെടുകയാണ്. രാജ്യത്തു സംഭവിക്കുന്ന സാമൂഹികവും സാമ്പത്തികവുമായ ഈ പരിവർത്തനങ്ങളിൽ കത്തോലിക്കരായ നമുക്കു നല്ലൊരു പങ്കു വഹിക്കുവാൻ കഴിയും. അതിനു ഒന്നാമതായി നമുക്കു ചുറ്റിലും എന്തു നടക്കുന്നുവെന്നറിയണം. ഈ വിവിധപദ്ധതികൾ എന്താണെന്നും, അവ ഏതേതു ജനവിഭാഗങ്ങളെ ലക്ഷ്യമാക്കിയുള്ളവയാകുന്നെന്നും, അവയുടെ അടിസ്ഥാനമായി സ്വീകരിച്ചിട്ടുള്ള തത്വങ്ങളും സിദ്ധാന്തങ്ങളും ക്രിസ്തീയജീവിതപ്രമാണങ്ങളുമായി എങ്ങനെ പൊരുത്തപ്പെട്ടുപോകുന്നുവെന്നും, ഏതേതുവിധത്തിൽ എന്തുമാത്രം അവയിൽ നമുക്കു സഹകരിക്കാൻ സാധിക്കുമെന്നും ആദ്യമായി പഠിക്കുക... ......... പല മുനിസിപ്പാലിറ്റികളിലും വെൽഫെയർകമ്മറ്റികൾ പ്രവർത്തിക്കുന്നുണ്ടു്. അവയിൽ നാം താല്പര്യം പ്രകടിപ്പിക്കുന്നുണ്ടോ? അവയുടെ പ്രവർത്തനമെന്താണെന്നു നമുക്കറിയാമോ? അവയിൽ അംഗമാകുന്നതിനോ പ്രവർത്തിക്കുന്നതിനോ നാം ഉത്സാഹം പ്രദർശിപ്പിക്കുന്നുണ്ടോ? നമ്മുടെ കത്തോലിക്കാസഭയുടെ സാമൂഹികസേവനാദർശത്തെ മററുള്ളവർക്കു കാണിച്ചുകൊടുക്കുന്നതിനും അവയിൽ കത്തോലിക്കാചിന്താഗതിയെ ഫലപ്രദമായി അഭിനിവേശിപ്പിക്കുന്നതിനും എത്ര മഹത്തരമായ അവസരങ്ങളാണ് ആ പ്രവർത്തനങ്ങൾ നമുക്കു പ്രദാനംചെയ്യുക. ഇത്തരം കമ്മിറ്റികളിലും സംഘടനകളിലുമാണ്, നമ്മുടെ വിശ്വാസത്തിന്റെ പ്രകാശകിരണങ്ങളെ വിതറുന്നതിനും അകത്തോലിക്കാലോകത്തിനു ആത്മപ്രചോദനം നൽകുന്നതിനും നമുക്കു സാധിക്കുക. നമ്മുടെ അകത്തോലിക്കാസഹോദരങ്ങളിൽ കത്തോലിക്കാജീവിതനിയമങ്ങളെ സംബന്ധിച്ചു വലിയ മതിപ്പും അനുഭാവമനസ്ഥിതിയുമുണ്ടു്. പക്ഷെ ഇതു എത്രനാൾ നീണ്ടുനില്ക്കും? ഇന്നു നമുക്കു നൽകപ്പെടുന്ന അവസരങ്ങളെ അവഗണിച്ചു് ഔദ്ധത്യപൂർവ്വം കാലം കളയാതിരിപ്പാൻ നമുക്കു സൂക്ഷിക്കാം.

## പ്രതിഷേധാർഹമായ പദ്ധതികൾ

"ഈ സന്ധിയിൽ ഒരു മുന്നറിയിപ്പു നൽകേണ്ടതാവശ്യമായിരിക്കുന്നു. രാജ്യത്തിന്റെ ഭൗതികമായ അഭിവൃദ്ധിക്കുവേണ്ടി ആസൂത്രണംചെയ്യപ്പെട്ടിട്ടുള്ള എല്ലാ പദ്ധതികളും പരിപാടികളും നിർഭാഗ്യവശാൽ നമ്മുടെ ജീവിതസിദ്ധാന്തങ്ങളുമായി രമ്യപ്പെട്ടുപോകാവുന്നവയല്ല, നമുക്കു സ്വീകാര്യവുമല്ല. കുടുംബസംവിധാനപദ്ധതിയെയാണ് ഇവിടെ വിവക്ഷിക്കുന്നതു്. ഇക്കാര്യത്തിലും നമ്മുടെ നയം വെറും നിഷേധാത്മകമായിരുന്നാൽ പോരാ; അതായതു് നാമതിനെ പ്രതിഷേധിച്ചാൽമാത്രം പോരാ; സൃഷ്ടിപരമായ വിധത്തിൽ നാമതിനെ എതിർക്കണം. അതായതു് നമ്മുടെ കത്തോലിക്കാസാമൂഹികശാസ്ത്രജ്ഞന്മാരും സാമ്പത്തികശാസ്ത്രജ്ഞന്മാരും സാമൂഹികപ്രവർത്തകരും മുന്നോട്ടുവരണം; ഈദൃശ ആസൂത്രണങ്ങൾവഴി സാധിക്കുവാൻ ഉദ്ദേശിക്കുന്ന ഫലങ്ങൾ തത്തുല്യമായോ അതിൽ മെച്ചമായോ കത്തോലിക്കാവിശ്വാസസംഹിതയിൽ നൽകപ്പെട്ടിട്ടുള്ള സ്വീകാര്യമായ മാർഗ്ഗങ്ങളിൽക്കൂടി സമ്പാദിക്കാൻ കഴിയുമെന്നു എല്ലാവർക്കും തെളിയിച്ചുകൊടുക്കണം. ഇപ്രകാരം സർവ്വശക്തിയോടുംകൂടി തിന്മയെ നാം എതിർക്കുമ്പോൾ, സുരക്ഷിതവും സുനിശ്ചിതവുമായ പദ്ധതികളിലൂടെ രാജ്യത്തിന്റെ പൊതുനന്മയ്ക്കുവേണ്ടി നാം പരിശ്രമിക്കുകയും ചെയ്യുകയാണെന്നു് എല്ലാവർക്കും ബോദ്ധ്യമാവാതിരിക്കുകയില്ല." ഇന്നത്തെ ഏററം പ്രമുഖപ്രശ്നമായ സാമൂഹികസേവനവിഷയത്തിൽ സ്വീകാര്യമായ നിർദ്ദേശങ്ങളും ശ്രദ്ധേയമായ തത്വങ്ങളും ഉള്ളടക്കുന്ന ഈ ഇടയലേഖനം ഏവർക്കും മാർഗ്ഗദർശകമാകട്ടെയെന്നു അഭിലഷിക്കുന്നു.

## പ്രസാധകക്കുറിപ്പുകൾ

## കമ്മ്യൂ: ഭരണപരിപാടികൾ എന്തായിരിക്കും?

കേരളത്തിൽ നടത്തപ്പെട്ട പൊതുതിരിഞ്ഞെടുപ്പിൽ ഇവിടത്തെ കമ്മ്യൂണിസ്റ്റ്പാർട്ടിക്കു ഭൂരിപക്ഷം കിട്ടിയിരിക്കുന്നതുകൊണ്ടു് ആ പാർട്ടി ഭരണം ഏറെറടുക്കുവാൻ തയ്യാറാവുകയാണല്ലോ. ജനകീയ ഭരണസിദ്ധാന്തമനുസരിച്ചു് അവരെ ഭരണം ഏല്പിക്കുകയെന്നതാണ് നടപടി. ഭരണമേല്ക്കുന്ന പാർട്ടി രാജ്യത്തിന്റെ ഭരണഘടനയ്ക്കു വിധേയമായി രാജ്യനിവാസികളുടെ ഉത്തമതാല്പര്യങ്ങളെ പരിരക്ഷിക്കുന്നതിനു ബാദ്ധ്യസ്ഥരാണ്. അതിനുള്ള പാർട്ടിയുടെ സന്നദ്ധതയും പരിപാടികളുമാണ് തിരിഞ്ഞെടുപ്പിനുമുമ്പായി പൊതുജനസമക്ഷം ഒരു പ്രകടനപത്രികവഴി ഓരോ പാർട്ടിയും അവതരിപ്പിക്കുന്നതു്. ഈ പ്രകടനപത്രികയിലെ വാഗ്ദാനങ്ങൾ നിറവേററുന്നതിനു പാർട്ടി ആത്മാർത്ഥമായി പരിശ്രമിക്കുമെന്നുള്ള വിശ്വാസത്തിലാണ് സമ്മതിദായകർ അവരുടെ വോട്ടുകൾ ആ പാർട്ടിക്കു നൽകുന്നതും. ഇപ്രകാരം കേരളത്തിലെ ഭരണകക്ഷിയായി തിരിഞ്ഞെടുക്കപ്പെട്ടിരിക്കുന്ന കമ്മ്യൂണിസ്റ്റ്പാർട്ടിക്കു് പാർട്ടിയുടെ കേരളസ്റ്റേറ്റുകമ്മററി വഴി പൊതുജനസമക്ഷം സമർപ്പിക്കപ്പെട്ട തിരിഞ്ഞെടുപ്പുവിജ്ഞാപനത്തിലെ 94 വകുപ്പുകളടങ്ങിയ പരിപാടി ജനക്ഷേമകരമായ വിധത്തിൽ നടപ്പാക്കുവാനുള്ള ഉത്തരവാദിത്വമുണ്ടു്. ഡെമോക്രസിയിൽ ഏതൊരു പാർട്ടി വിജയിച്ചാലും വിജയിക്കുന്ന കക്ഷിയുടെ ഭരണപരമായ ഉത്തരവാദിത്വം ആ പാർട്ടിയെമാത്രം സംബന്ധിക്കുന്ന ഒന്നല്ല; അതു രാജ്യത്തെ പൗരസഞ്ചയത്തോടു മുഴുവനും ഉത്തരവാദപ്പെട്ടതാണ്. ഈ പൊതുഉത്തരവാദിത്വത്തിൽ മാത്രമേ ഏതൊരു കക്ഷിക്കും ഭരണം നടത്താവൂ.

കമ്മ്യൂണിസത്തിന്റെ വഞ്ചനകളേയും അക്രമപരമായ പ്രവർത്തനങ്ങളേയും നിശിതമായി വിമർശിക്കുന്ന കൂട്ടത്തിലാണ് ഞങ്ങളെന്നു പറയേണ്ടതില്ലല്ലോ. അതിന്റെ കാരണവും വിശദമാണ്. മാർക്സും എങ്കൽസും കരുപ്പിടിപ്പിച്ചതും ലെനിൻ സ്റ്റാലിൻ പ്രഭൃതികൾ നടപ്പാക്കിയതുമായ കമ്മ്യൂണിസം അതിന്റെ അടിസ്ഥാനതത്വങ്ങളിലും രക്തപങ്കിലമായ ചരിത്രത്തിലും അധാർമ്മികമായ പരിപാടികളിലും ഒരുതരത്തിലും സുബുദ്ധിയുള്ള മനുഷ്യനു സ്വീകാര്യമല്ല. അതു നിരീശ്വരപരവും മതവിരുദ്ധവും അക്രമപ്രസക്തവുമാണെന്നു അതിന്റെ തത്വസംഹിതയും പ്രാമാണികന്മാരായ ആചാര്യന്മാരുടെ പ്രകടമായ പ്രസ്താവനകളും തെളിയിക്കുന്നുണ്ടു്. ഈ കമ്മ്യൂണിസമാണ് കേരളത്തിലെ കമ്മ്യൂണിസ്റ്റ്പാർട്ടിയുടേയും വിശ്വാസസംഹിതയെങ്കിൽ അവർ പൊതുജനസമക്ഷം സമർപ്പിച്ചിട്ടുള്ള പ്രകടനപത്രികയിലെ 94 വകുപ്പുകൾ എങ്ങനെയാണ് നടപ്പാക്കുവാൻ പോകുന്നതെന്നു കണ്ടുതന്നെ അറിയണം. അതു വായിക്കുമ്പോൾ വലിയൊരു ചിന്താക്കുഴപ്പമാണ് യഥാർത്ഥത്തിൽ അനുഭവപ്പെടുന്നതു്. അതിൽ പ്രാരംഭമായി പറഞ്ഞിട്ടുള്ളതുതന്നെ, കേരളത്തിൽ ഒരുറച്ചജനാധിപത്യഗവമ്മെന്റു് രൂപവൽക്കരിക്കാൻ പൊതുജനങ്ങൾ അവരെ അനുവദിക്കുന്നപക്ഷം എന്നാണ്. മേലുദ്ധരിച്ച യഥാർത്ഥ കമ്മ്യൂണിസ്റ്റ്പാർട്ടിക്കു് യഥാർത്ഥ ജനാധിപത്യത്തിൽ വിശ്വാസമില്ലെന്നാണ് റഷ്യയിലേയും പൂർവ്വയൂറോപ്യൻരാജ്യങ്ങളിലേയും ചൈനയിലേയും മററും കമ്മ്യൂണിസ്റ്റ് ഗവമ്മെന്റുകൾ തെളിയിച്ചിട്ടുള്ളതു്. കേരളത്തിന്റെ പരിതസ്ഥിതികൾ വിഭിന്നങ്ങളായതുകൊണ്ടും, അതു് ജനാധിപത്യരാഷ്ട്രമായ ഇന്ത്യൻ യൂണിയനിലെ ഒരു ഘടകംമാത്രമായതുകൊണ്ടും ഇവിടെ പുതിയ ഒരു ഭരണരീതിയാണോ പാർട്ടി പ്രായോഗികമാക്കാൻ ഉദ്ദേശിക്കുന്നതെന്നറിഞ്ഞുകൂടാ. പൊതുജനങ്ങളാൽ തിരിഞ്ഞെടുക്കപ്പെട്ട ഒരു ഗവമ്മെന്റായതുകൊണ്ടു് അതിനു കടമയുണ്ടു്, ജനാധിപത്യതത്വങ്ങൾക്കനുസരിച്ചു ഭരണം നടത്തുവാൻ

× × ×

## പോളണ്ടിലെ കത്തോലിക്കാ സഹകരണം

പോളണ്ടിൽ ഭരണം നടത്തുന്ന കമ്മ്യൂണിസ്റ്റ്ഗവമ്മെന്റിന്റെ പരിപാടികളിൽ കത്തോലിക്കരെ സംബന്ധിച്ചു് സഹിഷ്ണുതാപൂർവ്വകമായ ഒരു മനോഭാവം അടുത്തകാലത്തു ദൃശ്യമായിരിക്കുന്നുവെ

ന്നാണ് അവിടെനിന്നുള്ള റിപ്പോർട്ടുകൾകൊണ്ടു കാണുന്നത്. കമ്മ്യൂണിസ്റ്റ് തത്വങ്ങൾ മുറുകെപ്പിടിച്ചുകൊണ്ടുള്ള ഒരു നയം, ബഹുഭൂരിപക്ഷം കത്തോലിക്കരുള്ള ആ രാജ്യത്തു ദീർഘനാൾ വിലപ്പോവുകയില്ലെന്നു കമ്മ്യൂണിസ്റ്റ് മേധാവികൾക്കു ഇതിനകം വിശദമായിക്കഴിഞ്ഞിട്ടുണ്ട്. അതിദാരുണമായ മർദ്ദനനടപടികളും ശുദ്ധീകരണങ്ങളും നാടുകടത്തലുകളും സംഖ്യാതീതമാംവണ്ണം പോളിഷ് ജനതയുടെമേൽ പ്രയോഗിച്ചുകഴിഞ്ഞു. അവരുടെ മനോവീര്യത്തെ നിഹനിക്കുന്നതിനു അവയ്ക്കു കഴിഞ്ഞില്ല. "പുരോഗമനകത്തോലിക്കാ"വിഭാഗത്തെ സംഘടിപ്പിക്കുന്നതിനും അവർ കിണഞ്ഞു പരിശ്രമിച്ചു. ഫലം പ്രതീക്ഷിച്ചതുപോലെ ഉണ്ടായില്ല. തന്മൂലം കഴിഞ്ഞ തിരിഞ്ഞെടുപ്പിൽ കത്തോലിക്കർക്കു ഒരു യഥാർത്ഥ കത്തോലിക്കാ പാർലമെൻററിഗ്രൂപ്പു അനുവദിക്കപ്പെട്ടു. കത്തോലിക്കരുടെ താല്പര്യങ്ങളെ സംരക്ഷിക്കുന്നതിനുവേണ്ടി പ്രവർത്തിക്കുകയാണ് പാർലമെൻറിൽ ഈ ഗ്രൂപ്പു ചെയ്യുന്നതു്. 12 തിരിഞ്ഞെടുക്കപ്പെട്ട അംഗങ്ങളാണ് ഈ ഗ്രൂപ്പിലുള്ളതു്. തങ്ങളുടെ ആദർശങ്ങൾക്കും താല്പര്യങ്ങൾക്കും വിരുദ്ധമല്ലാത്ത കാര്യങ്ങളിൽ ഈ ഗ്രൂപ്പ് ഗവമ്മെൻറിനുവേണ്ട സഹകരണങ്ങൾ നൽകിപ്പോരുന്നു. ഒരു കമ്മ്യൂണിസ്റ്റ് ഗവമ്മെൻറിൽ ഒരു വിഭിന്ന ഗ്രൂപ്പു സഹകരിച്ചുപ്രവർത്തിക്കുന്ന ഈ അനുഭവം മറെറാരിടത്തും ഉണ്ടെന്നു തോന്നുന്നില്ല. അവിടത്തെ പ്രത്യേകസാഹചര്യങ്ങളും ഇരുഭാഗക്കാർക്കും ഗത്യന്തരമില്ലാതുള്ള നിലപാടുകളുമാണ് ഈവിധത്തിൽ ഒരു സഹകരണത്തിനു വഴിതുറന്നിരിക്കുന്നതെന്നു പറയേണ്ടതില്ലല്ലോ. പാർലമെൻറിലെ ഈ കത്തോലിക്കാഗ്രൂപ്പിൻെറ നിലപാടിനെ വിശദീകരിച്ച് അതിൻെറ വക്താവായ മി. സ്ലനിസ്ലാവ് സ്റ്റോമാ പ്രസ്താവിച്ചതിപ്രകാരമാണ്:- "ഞങ്ങൾ ഒരു പാർട്ടിയല്ല; ഒരു പാർട്ടി രൂപവല്ക്കരിക്കുന്നതിനു ഞങ്ങൾക്കുദ്ദേശ്യവുമില്ല. പോളണ്ടിൽ അധികാരത്തിലിരിക്കുന്ന ഘടകങ്ങളിൽനിന്നു പുറത്താണ് ഞങ്ങളുടെ നിലപാട്. ഈ സാഹചര്യങ്ങളിൽ വിമർശകരായ നിരീക്ഷകന്മാരുടെ സ്ഥാനം സ്വീകരിക്കുകയായിരിക്കും സുഗമമായ മാർഗ്ഗമെന്നു കരുതുന്നു. എങ്കിലും ഞങ്ങൾ കുറേക്കൂടി ബുദ്ധിമുട്ടുള്ള ഒരു മാർഗ്ഗമാണ് സ്വീകരിച്ചിരിക്കുന്നതു്—ഉത്തരവാദിത്വപൂർവ്വകമായ മാർഗ്ഗം. 1956 ഒക്ടോബറിൽ ഈ ഗവമ്മെൻറു രാജ്യത്തിൻെറ വിശ്വാസം ആർജ്ജിച്ചു. കഴിഞ്ഞ ഒക്ടോബർ സംഭവം മാററിമറിക്കപ്പെടാവുന്നതല്ലെന്നും, പുതിയ ഗവമ്മെൻറു അതേ നയത്തിൽതന്നെ മുന്നോട്ടുപോകുന്നതാണെന്നും പ്രധാനമന്ത്രി മി. സിറങ്കിവിസ് ഞങ്ങൾക്കുറപ്പുനൽകിയിരിക്കുന്നു. ഈ പ്രഖ്യാപനത്തെ സംതൃപ്തിയോടുകൂടിയാണ് സ്വീകരിക്കുന്നതു്. ഈ അടിസ്ഥാനത്തിലും സമ്മതിദായകന്മാരുടെ അഭിലാഷമനുസരിച്ചും "സ്നാക്കു" കത്തോലിക്കാഗ്രൂപ്പിൻെറ പ്രതിനിധികളായ ഞങ്ങൾ പുതിയ ഗവമ്മെൻറിലുള്ള ഞങ്ങളുടെ വിശ്വാസം രേഖപ്പെടുത്തുന്നു."

ഒരു കമ്മ്യൂണിസ്റ്റ് ഗവമ്മെൻറുമായി ഈവിധത്തിൽ ഒരു സഹകരണം അനിവാര്യമാണെങ്കിലും കത്തോലിക്കാവിശ്വാസാദർശങ്ങളിൽ വിട്ടുവീഴ്ചകൾക്കോ ഒത്തുതീർപ്പുകൾക്കോ സാദ്ധ്യമല്ലെന്നുള്ള വസ്തുത അദ്ദേഹം ആ പ്രസ്താവനയിൽ സുവ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്:- "ആദർശപരമായ വിഷയങ്ങൾ സോവ്യററുയൂണിയനിൽനിന്നു ഞങ്ങളെ വേർതിരിക്കുന്നു. എന്നാൽ നമ്മുടെ രാജ്യത്തിൻെറ അധികാരത്തിൽ അന്തർലീനമായിരിക്കുന്ന സാംസ്കാരികമായ സ്വഭാവവിശേഷങ്ങളെ ബഹുമാനിക്കുകയെന്ന അടിസ്ഥാനത്തിൽ, ആദർശപരമായ പ്രസ്തുത വ്യത്യസ്തതകളുണ്ടായിരുന്നാലും, ആ സഖ്യത്തിനു ഞങ്ങൾ പിന്തുണനൽകുകയാണ്. അന്താരാഷ്ട്രീയസഖ്യങ്ങൾ ആദർശപരമായ അഭിവീക്ഷണങ്ങളിൽനിന്നു വിഭിന്നങ്ങളാണെന്നു ഞങ്ങൾ വിശ്വസിക്കുന്നു. സോവ്യററുയൂണിയനോടുള്ള സഖ്യം പോളണ്ടുകാരായ മാർക്സിസ്റ്റുകളെ സംബന്ധിച്ച് ആദർശങ്ങളിലുള്ള ഒരു സഖ്യംകൂടിയായിരിക്കും. പക്ഷെ ഞങ്ങളെ സംബന്ധിച്ചിടത്തോളം അതു നേരെ മറിച്ചാണ്—ആദർശങ്ങളിലുള്ള വൈപരീത്യങ്ങളെ കഴിച്ചുള്ള ഒരു സഖ്യംമാത്രമാണ്. പോളിഷ്-സോവ്യററു ഐക്യം പ്രാഥമികപ്രാധാന്യമുള്ള ഒരു പൊതുധാരണയെ അടിസ്ഥാനമാക്കിയുള്ളതാണ്: അതായതു, ഇരുരാജ്യങ്ങളുടേയും പൊതുതാല്പര്യങ്ങൾ, സമാധാനസംരക്ഷണകാംക്ഷ, യൂറോപ്പിലെ രാഷ്ട്രീയാതിർത്തികളുടെ ഇന്നത്തെ നില മുതലായവ. അതുകൊണ്ടു ഈ സഖ്യം വെറും ഒരു സ്വാഭാവികയാഥാർത്ഥ്യം മാത്രമാണെന്നു കാണാം.

"കഴിഞ്ഞ ഒക്ടോബറിനുശേഷം സഭയും രാഷ്ട്രവും തമ്മിലുള്ള ബന്ധങ്ങളെ സംബന്ധിച്ചിടത്തോളം വലുതായ ഒരു മാററം സംഭവിച്ചിട്ടുണ്ടെന്നുള്ള വസ്തുത അത്യധികം കൃതാർത്ഥതയോടെയാണ് ഞങ്ങൾ പ്രസ്താവിക്കുന്നതു. സ്കൂളുകളിലെ മതാദ്ധ്യയനം സംബന്ധിച്ചുണ്ടായിരുന്ന പ്രശ്നം തീരുമാനിക്കപ്പെട്ടുവെന്നുള്ളതു വളരെ പ്രാധാന്യമർഹിക്കുന്ന ഒരു സംഗതിയാണ്. അതിൽ സ്വീകരിക്കപ്പെട്ടിട്ടുള്ള തീരുമാനം ഞങ്ങൾ സ്വാഗതംചെയ്യുന്നു."

പോളണ്ടിലെ കത്തോലിക്കാ പാർലമെൻററിഗ്രൂപ്പ് അംഗങ്ങളുടെ നിലപാടിനെ വിശദീകരിച്ചുള്ള ഈ പ്രസ്താവന കേരളത്തിലെ അസംബ്ലിയിലെ കത്തോലിക്കാമെമ്പറന്മാർക്കും തല്ക്കാലസാഹചര്യങ്ങളിൽ മാർഗ്ഗദർശകമാകാതിരിക്കയില്ലെന്നു വിശ്വസിക്കുന്നു. ഒരു കമ്മ്യൂണിസ്റ്റ് പാർട്ടിഭരണത്തിനു വിധേയരാക്കപ്പെട്ടിരിക്കുന്ന ഇവിടത്തെ കത്തോലിക്കർക്കും അവർ സ്വീകരിക്കേണ്ട നിലപാടിനെപ്പററിയുള്ള ഒരു പ്രകാശനം അതിൽ കാണാൻസാധിക്കും. ഏതൊരു പരിതസ്ഥിതിയിലും ഒത്തുതീർപ്പില്ലാതേയും നിഷ്ഠയായും മുറുകെപ്പിടിക്കേണ്ട വിശ്വാസപരമായ ആദർശങ്ങൾ അവക്കുണ്ട്. സഹകരണമനോഭാവം പ്രദർശിപ്പിക്കാവുന്ന വിഷയങ്ങളുണ്ട്. പ്രവർത്തനലക്ഷ്യങ്ങളേയും പരിപാടികളേയും ശരിയായി വിശകലനംചെയ്തു് ഉത്തരവാദിത്വബോധത്തോടും വിപല്ക്കരമായ സാഹചര്യങ്ങളെക്കുറിച്ചുള്ള ബുദ്ധിപൂർവ്വകമായ ജാഗ്രതയോടുംകൂടി പ്രവർത്തിക്കുകയാണ് ഇന്നത്തെ ആവശ്യം.

## അടുത്തയാഴ്ചയിൽ

ഏപ്രിൽ
4 വ്യാ: വി. ഇസിദോറോസ്
5 വെ: കർത്താവിൻെറ തിരുരക്തം
6 ശ: വി. വിൻസെൻറു് ഫെരാരി
7 ഞാ: നോമ്പ് 5-ാം ഞായർ
8 തി: വി. അൽബെർത്തോസ്
9 ചൊ: ഈജിപ്തിലെ വി. മറിയം
10 ബു: വി. അപ്പൊല്ലോണിയസ്

(1-ാം പേജ് തുടർച്ച)

യ ഈ പ്രപഞ്ചത്തിൻെറ അത്ഭുതാവഹമായ ഘടനയേയും ക്രമീകരണത്തേയും ആധാരമാക്കി, സർവ്വഗുണസമ്പൂർണ്ണനായ ഒരു വ്യക്തി—ഈശ്വരൻ—ഉണ്ടെന്നും, മനുഷ്യനിലുള്ള പദാർത്ഥാതീതമായ പ്രവർത്തനങ്ങളെ അടിസ്ഥാനമാക്കി, മനുഷ്യനു് അനശ്വരമായ ഒരാത്മാവുണ്ടെന്നും ആത്മീയവാദം സിദ്ധാന്തിക്കുന്നു. ഈ ആത്മാവത്രെ അവകാശങ്ങളും ചുമതലകളുമുള്ള ഒരു ധാർമ്മികവ്യക്തിയാക്കി മനുഷ്യനെ മൃഗത്തിൽനിന്നും വേർതിരിച്ചു നിറുത്തുന്നതു്. അവകാശങ്ങളും ചുമതലകളുമില്ലാത്ത സജീവമായ ഒരു വസ്തുമാത്രമാണു മൃഗം. നേരെ മറിച്ചു പ്രപഞ്ചത്തിൻെറ അധിനാഥനായ ഈശ്വരൻെറ ഛായയിൽ സൃഷ്ടിക്കപ്പെട്ട ആത്മാവോടുകൂടിയവനാകയാൽ മനുഷ്യൻ ഏററവും വിലപ്പെട്ടവനും അവകാശങ്ങളും ചുമതലകളും ഉള്ളവനുമായിരിക്കുന്നു. അവകാശങ്ങളെപ്പററിയും ചുമതലകളെപ്പററിയും മാനുഷികമൂല്യത്തെപ്പററിയുമുള്ള അഗാധമായ ബോദ്ധ്യമാണു യഥാർത്ഥമായ സംസ്കാരത്തിൻെറ യുക്തിയുക്തമായ അടിസ്ഥാനം.

മേൽ പ്രസ്താവിച്ച ബോദ്ധ്യം ഈശ്വരനിലും ആത്മാവിലുമുള്ള സുദൃഢമായ വിശ്വാസത്തിൽനിന്നു ഉയിരെടുക്കുന്നു. അവകാശങ്ങളെപ്പററിയും ചുമതലകളെപ്പററിയും മനുഷ്യൻെറ വിലയെപ്പററിയുമുള്ള ബോദ്ധ്യമാണു ചരിത്രത്തിൽ ഇന്നുവരെ പ്രത്യക്ഷപ്പെട്ടിട്ടുള്ള ഉത്തമരായ എല്ലാ മനുഷ്യരേയും സൃഷ്ടിച്ചിട്ടുള്ളതു്. ജന്മദേശമായ ബെൽജിയത്തുനിന്നും വിദൂരമായ ഹാവായി ദ്വീപുകളിൽ പോയി കുഷ്ഠരോഗികളുടെ ഇടയിൽ ജോലിചെയ്തു കുഷ്ഠരോഗിയായി മരിച്ച ഫാദർ ഡാമിയൻ, നികൃഷ്ടരെന്നു വിധിച്ചു ലോകം പുറംതള്ളിയിട്ടിരുന്ന ദുർഭഗരായ അടിമകൾക്കുവേണ്ടി സ്വജീവൻ ബലികഴിച്ച വിശുദ്ധനായ പീററർ ക്ലേവർ, മുപ്പത്തിയാറു നീണ്ട വർഷങ്ങൾ കാലിലുണ്ടായിരുന്ന ഭയങ്കരമായ വ്രണത്തിൻെറ ദുസ്സഹമായ വേദനയും സഹിച്ചു രോഗപീഡിതരായ നിർഭാഗ്യമനുഷ്യരുടെ ഹൃദയങ്ങളിൽ ആശ്വാസത്തിൻേറയും ആനന്ദത്തിൻേറയും കൈത്തിരികൾ കൊളുത്തിയ വിശുദ്ധനായ കമില്ലസ്, അങ്ങനെയുജ്ജ്വലമായ മനുഷ്യസ്നേഹത്തിൻേറയും വീരോചിതമായ സേവനത്തിൻേറയും പര്യായമായ മനുഷ്യരത്നങ്ങളെ വാർത്തെടുത്ത ആത്മീയവാദത്തെ ഇന്നും നിസ്വാർത്ഥമായി ഭൗതികമായ യാതൊരു പ്രതിഫലേച്ഛയും കൂടാതെ സമസൃഷ്ടങ്ങളുടെ ദുഃഖങ്ങളേയും കഷ്ടതകളേയും സ്വന്തം ചുമലുകളിൽ ഏറെറടുത്തുകൊണ്ടു് മനുഷ്യസേവനം ചെയ്യുന്നതിനു് അനേകായിരങ്ങൾക്കു പ്രചോദനം നൽകിക്കൊണ്ടിരിക്കുന്ന ആത്മീയവാദത്തെ പുരോഗതിയുടേയും പരിഷ്കാരത്തിൻേറയും പേരിൽ എതിർക്കുന്നതു വിഡ്ഢിത്തമല്ല, മുഴുത്ത ഭ്രാന്താണെന്നുതന്നെ പറയേണ്ടിയിരിക്കുന്നു.

ചരിത്രത്തിൻെറ ഏടുകളിൽ തെളിഞ്ഞുവിളങ്ങുന്ന ജീവനുള്ള സത്യങ്ങൾക്കു നേരെ മനപ്പൂർവ്വം കണ്ണടയ്ക്കുകയില്ലെങ്കിൽ ആർക്കും തന്നെ ആത്മീയവാദത്തെ യുക്തിപൂർവ്വം നിഷേധിക്കുവാൻ സാധിക്കുകയില്ല. അതുപോലെതന്നെ അന്ധമായ ശാസ്ത്രാരാധനയുടെ ബലിക്കല്ലിൽ സുബോധത്തേയും ബുദ്ധിപരമായ സത്യസന്ധതയേയും കുരുതികഴിച്ചവർക്കു മാത്രമേ ഭൗതികവാദത്തെ താലോലിക്കുവാൻ സാധിക്കൂ.

യുക്തിയുടേയും ചരിത്രസത്യങ്ങളുടേയും വെളിച്ചത്തിൽ നാം കണ്ടുകഴിഞ്ഞു ഭൗതികവാദത്തിനു മനുഷ്യരാശിയെ ഉദ്ധരിക്കുവാൻ കരുത്തില്ലെന്നുള്ള ഈടേറിയ പരമാർത്ഥം. എല്ലാ മാനുഷികമൂല്യങ്ങളുടേയും കേന്ദ്രമായ ഈശ്വരനിലേക്കു പിന്തിരിയുകയെന്നതു മാത്രമാണു ആധുനികലോകത്തിൻെറ രക്ഷാമാർഗ്ഗം. മനുഷ്യപ്രകൃതിയിലും തൻെറ പരിശുദ്ധമായ മതത്തിലും ഈശ്വരൻ നിക്ഷേപിച്ചിട്ടുള്ള അനർഘസത്യങ്ങൾക്കു വിനയപൂർവ്വം കീഴ്‌വഴങ്ങി ജീവിതം ആരംഭിക്കുന്നതിലാണു ആധുനികലോകത്തിൻെറ അധഃപതിച്ച സംസ്കാരത്തിൻെറ പുനഃസ്ഥാപനം സ്ഥിതിചെയ്യുന്നതു്. അന്നാണു് മനുഷ്യൻ തീവ്രമായി അഭിലഷിക്കുന്ന പുതിയ ജീവിതവും പുതിയ സംസ്കാരവും നാമ്പെടുക്കുക. "നഗരസഭാസ്ഥാപനത്തിൽ ഈശ്വരൻ ആദ്ധ്യക്ഷംവഹിക്കുന്നില്ലെങ്കിൽ, അതു കേവലം മാനുഷികമായ ഒരടിസ്ഥാനത്തിൽ മാത്രം നിലകൊള്ളുന്നുവെങ്കിൽ, അതിനു മഹാവിപത്തുകളിൽ ചെന്നു ചാടാതിരിക്കാൻ സാദ്ധ്യമല്ലെ"ന്നുള്ള പ്ലേറേറായുടെ വാക്കുകൾ അക്കാലത്തെന്നതുപോലെതന്നെ ഇന്നും യഥാർത്ഥമാണ്.

—o—

## അർത്ഥിനികളെ ആവശ്യമുണ്ട്

ഉപവിയുടെ സഹോദരികൾക്ക് ബംഗാളിൽ മിഷ്യനറിമാരായി വിവിധജോലികൾ ചെയ്യുന്നതിനു്—ആസ്പത്രികൾ, വിദ്യാലയങ്ങൾ, അനാഥമന്ദിരങ്ങൾ, രോഗീകേന്ദ്രങ്ങൾ, വിധവാലയങ്ങൾ, ശിശുസംരക്ഷണാലയങ്ങൾ എന്നീ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നതിനും, ഗ്രാമങ്ങളിൽ മിഷ്യനറി ജോലിക്കും—അർത്ഥിനികളെ ആവശ്യമുണ്ട്. പ്രസ്തുത സഭയിലെ സഹോദരികൾ, ഏപ്രിൽ ഒടുവിൽ കേരളം സന്ദർശിക്കുന്നുണ്ട്. കൂടുതൽ വിവരങ്ങൾക്കു് എഴുതുക.

Very Rev Mother Provincial,
Sisters of Charity,
14/1 Convent Road, Entally P. O.
Calcutta-14.

## കൃതജ്ഞത

വിശുദ്ധ പത്താംപീയൂസ് പാപ്പായുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു കൃതജ്ഞത. താമസിച്ചതിനു ക്ഷമാപണം.

സി. സി. ജേക്കബ്, പാലയൂർ

## കാനാകോൺഫറൻസ്

അമേരിക്കയിൽ ന്യൂ ഓർലീൻസിലെ മെത്രാപ്പോലീത്തയായ ആർച്ചു ബിഷപ്പു റൂമെൽ ഈയിടെ പുറപ്പെടുവിച്ചിരിക്കുന്ന ഒരു പുതിയ ചട്ടമനുസരിച്ചു്, ആ രൂപതയിൽ വിവാഹത്തിനു് അണയുന്ന യുവതീയുവാക്കന്മാർ, ഒരു പ്രീകാനാകോൺഫറൻസ് കോഴ്സിൽ പൂർണ്ണമായി സംബന്ധിച്ചവരായിരിക്കണമെന്നും, വിവാഹാനന്തരവും ഒരു പ്രീകാനാകോൺഫറൻസു കോഴ്സിൽ സംബന്ധിക്കാമെന്നു് ഉറപ്പു നൽകണമെന്നും ആവശ്യപ്പെട്ടിരിക്കുന്നു. വിവാഹത്തിൻെറ മഹത്വത്തെയും, ചുമതലകളെയും അനുഗ്രഹങ്ങളെയും യുവതീയുവാക്കന്മാർക്കു മനസ്സിലാക്കിക്കൊടുക്കുന്നതിനു് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളവയാണു് ഈ പ്രീകാനാകോൺഫറൻസു് കോഴ്സുകൾ.

## അശ്ലീലത നീക്കം ചെയ്യുന്നു

റോമയിലെ നോമ്പുകാല പ്രസംഗകരോടായി പരിശുദ്ധ പിതാവു ചെയ്ത ഒരു പ്രസംഗത്തിൽ, റോമയിലെ തെരുവീഥികളിൽ അശ്ലീല പോസ്റ്ററുകൾ ഒട്ടിക്കുന്നതിനെ ശക്തിയായി ആക്ഷേപിക്കുകയും, ഇതു അനുവദിക്കുന്ന ഇററാലിയൻ ഗവർമെൻറു ലാത്തറാൻ ഉടമ്പടിയെ ലംഘിക്കുകയാണു ചെയ്യുന്നതെന്നു പ്രസ്താവിക്കുകയും ചെയ്തിരുന്നു. ഒസ്സർവത്തോരെ റൊമാനോ പിന്നീടു പ്രസ്താവിച്ചതുപോലെ, റോമാ മെത്രാൻ എന്ന നിലയിലുള്ള ഒരു ഔദ്യോഗികകൃത്യനിർവഹണമായിട്ടാണു തിരുമേനി ഇങ്ങനെ പ്രസ്താവിച്ചതു്. ഏതായാലും ഏതാനും ദിവസങ്ങൾക്കുള്ളിൽ ചുമതലപ്പെട്ട ആളുകൾ തെരുവുതോറും നടന്നു അശ്ലീലങ്ങളായ പോസ്റ്ററുകളെല്ലാം നശിപ്പിച്ചിരിക്കുന്നു.


# എന്തുകൊണ്ട്?

ഓടുകൊണ്ടു സക്രാരി, സിംഹാസനത്തിനും പുറമെ തിരിക്കാലുകളും ക്രൂശുകളും മററും ഓരോ സ്ഥലത്തേക്കും മാററി വാങ്ങുന്നതു എന്തുകൊണ്ടു്:—കമ്പോളങ്ങളിൽ ഉള്ള വിലയേക്കാൾ കൂടുതലായാലും ഉള്ളിൽക്കൂടി കമ്പി ഇട്ടു മുറുക്കുന്നതര (പിന്നീടു പോളീഷ്ചെയ്താൽ ചരിഞ്ഞും ചാഞ്ഞും നില്ക്കുന്ന)മല്ലാതെ ഒററപ്പിരിയായിരിക്കുന്നതും, ഓരോ അൾത്താരയുടെ ഫേഷൻ അനുസരിച്ചും, പല വലുപ്പത്തിലും പവൻനിറത്തിലും വാർത്തു ഇണക്കി കൊടുക്കുന്നതുകൊണ്ടുതന്നെ.

നോക്കുക:— മാപ്രാണം പുരാതനപള്ളി, താഴേക്കാട്, കൊട്ടേക്കാട്, പാവർട്ടി, ചെങ്ങാലൂർ മുതലായവ.

കോതമംഗലം മിസ്സത്തിലേക്ക് സക്രാരി, സിംഹാസനം
ഇതാ വാർത്തുകൊണ്ടിരിക്കുന്നു

ബഥനിമഠം: (കുന്ദംകുളം) സക്രാരിസിംഹാസനം വാങ്ങിക്കഴിഞ്ഞു

N. പറൂർമഠത്തിലെ Steel (ഇരുമ്പു) സക്രാരി മാററി ഇതാ ഓടുകൊണ്ടു സക്രാരി സിംഹാസനം വാങ്ങിയിരിക്കുന്നു. അവിടന്നും മെഡൽ കൊടുത്തു.

A. N. T. JOSEPH, Metal Works, VALAPAD




# വാർത്തകൾ

## പുതിയ ഇൻറർനൺ സിയോയ്ക്കു ഭാരതീയരുടെ സ്വീകരണം

(വി. പി.)

ഇന്ത്യയിലെ നിയുക്ത ഇൻറർനൺസിയോയായ മോസ്റ്റ് റവ. റോബർട്ട് ജെയിംസ് നോക്സ് തിരുമേനിയുടെ ബഹുമാനാർത്ഥം മാർച്ച് 21 ാംതീയതി പ്രൊപ്പഗാന്താ കോളേജിൽവച്ചു ഭാരതീയരായ വൈദികരും വൈദികവിദ്യാർത്ഥികളും ചേർന്ന് ഹൃദ്യമായ ഒരു സ്വീകരണം നൽകിയിരിക്കുന്നു. ഇന്ത്യയുടെ ഒന്നാമത്തെ ഇൻറർനൺസിയോ ആയിരുന്ന മോസ്റ്റ് റവ. ലെയോ പീറർ കിയർക്കിൽസ് തിരുമേനിയും സമ്മേളനത്തിൽ സംബന്ധിച്ചിരുന്നു. റവ. ഫാദർ വർഗ്ഗീസ് വിതയത്തിൽ, റെക്ടർ പ്രൊക്യൂറേറ്റർ, നിയുക്ത ഇൻറർനൺസിയോ തിരുമേനിക്കു സ്വാഗതവും ഭാവുകങ്ങളും ആശംസിച്ചു. മാർപാപ്പായേയും തിരുമേനിയുടെ സ്വദേശമായ ആസ്ത്രേലിയായും ഇന്ത്യയും തമ്മിലുള്ള ബന്ധത്തെയും പ്രസംഗകൻ സന്ദർഭോചിതമായി പ്രതിപാദിച്ചു. വിവിധകലാപരിപാടികൾ സമ്മേളനത്തെ സജീവവും ആനന്ദകരവുമാക്കി. ഹൃദ്യമായ ആശംസകൾക്കു മറുപടിപറയുകയിൽ ഇൻറർനൺസിയോ തിരുമേനി ഇപ്രകാരം പ്രസ്താവിച്ചു:

"കത്തോലിക്കാസഭാംഗങ്ങളുടെ ഐക്യവും സാഹോദര്യമനോഭാവവുമാണ് എൻെറ മുമ്പിൽ പ്രതിഫലിക്കുന്നതു്, സജീവമായി ഈ സായാഹ്നത്തിൽ. ദിവ്യരക്ഷകൻെറ മൗതികശരീരത്തിലെ അംഗങ്ങളെന്ന ബോധത്തോടെ നാം നല്ല ചൈതന്യത്തോടും അരൂപിയോടുംകൂടി വളരേണ്ടിയിരിക്കുന്നു. എൻെറ ഭരണത്തിൻകീഴിലുള്ള ഇത്രയുംപേരെ ഇവിടെ ഏകോപിച്ചു കാണുന്നതിൽ ഞാൻ അതിയായി സന്തോഷിക്കുന്നു. ഭാരതത്തിൽ ഒന്നിലധികം പ്രാവശ്യം ഞാൻ പോയിട്ടുണ്ടു്. അവിടെയുള്ള വിവിധ പ്രദേശങ്ങളെ പ്രതിനിധാനം ചെയ്യുന്നവരോടുകൂടി ഈ സായാഹ്നം കഴിക്കുവാൻ സാധിച്ചതിൽ ഞാൻ കൃതാർത്ഥനാണ്. ഭാരതത്തിൻെറ ഇൻറർനൺസിയോമാരായിരുന്ന, അപ്പസ്തോലനായ വി തോമ്മസും, പിൻഗാമിയായ വി ഫ്രാൻസിസ് സേവ്യറും ദിവ്യഗുരുവിനോടുള്ള ഔദാര്യത്തികവിൽ തോമ്മാശ്ലീഹായും, സ്നേഹപ്രചുരിമയിൽ ഫ്രാൻസിസ് സേവ്യറും ജീവിതം ചെലവഴിച്ചു. അവരുടെ മാതൃകയാണ് നാം അനുകരിക്കേണ്ടതു് എൻെറ മുൻഗാമികളുടെ സേവനത്തിൻെറ പാതയിലൂടെ നടക്കുന്നമെന്നാണു് എൻേറയും നിശ്ചയം."

സമ്മേളനാനന്തരം ഒരു ഇന്ത്യൻ ഡോക്കുമെൻററി ഫിലിം പ്രദർശനവുമുണ്ടായിരുന്നു.

### തിരുമേനി ഡമഷീൻ കോളേജിൽ

അപ്പസ്തോലിക്ക് ഇൻറർനൺസിയോ തിരുമേനി മാർച്ചുമാസം 19-ാംതീയതി സായാഹ്നത്തിൽ ഡമഷീൻ കോളേജിൽ ആഗതനായി അവിടത്തെ ഇന്ത്യാക്കാരുമായി പരിചയപ്പെടുകയും, ഏതാനും സമയം സംഭാഷണത്തിൽ ചെലവഴിക്കുകയും ചെയ്തു. തിരുമേനി മേയ്മാസത്തോടെ ഇൻഡ്യയിലെത്തി ഉദ്യോഗം കൈയേൽക്കുമെന്നാണറിയുന്നതു്. 23-ാംനു ഡമഷീൻകോളേജിൽവച്ചു് തിരുമേനിയുടെ ബഹുമാനാർത്ഥം പൗരസ്ത്യതിരുസംഘത്തിൻെറ വകയായി ഒരു ഡിന്നർസല്ക്കാരം നടത്തപ്പെട്ടു.

### മതവിരുദ്ധമാണു്

മതസ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള ഇററാലിയൻ അസോസിയേഷൻ എന്ന സംഘടന മതവിരുദ്ധമായ ഒരു സംഘടനയാണെന്നു് ഒസ്സർവത്തോരെ റൊമാനോ ചൂണ്ടിക്കാണിച്ചിരിക്കുന്നു.

## ഇടവകവാർത്തകൾ

അതിരമ്പുഴ: പാപ്പാദിനം പ്രമാണിച്ചു് സ്ഥലം ഫൊറോന പള്ളി ഇടവകയിലെ 10-ൽപ്പരം സൺഡേസ്കൂളുകളിലെ വിദ്യാർത്ഥികളും ഒരു വമ്പിച്ച ജനാവലിയുംചേർന്നു് ഒരു റാലി പാറോലിക്കൽനിന്നു് ആരംഭിച്ചു് ദേവാലയത്തിലെത്തി വെരി റവ ഡോക്ടർ എൽ ജെ ചിററൂർ അവർകൾ. മരിയഭക്താഗ്രേസരനായ 12-ാം പീയൂസ് പാപ്പാ തിരുമേനിയുടെ അപദാനങ്ങളെപ്പററി പ്രസംഗിച്ചു.

പത്തുക്കുറിച്ചി: ശ്രീമതി ജാസി സി. പെരേര മാർച്ച 21-ാം തീയതി വ്യാഴാഴ്ച 33-ാമത്തെ വയസ്സിൽ കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചിരിക്കുന്നു. മൃതദേഹം 5 മണിക്കു റവ. ഫാദർ സെബാസ്ത്യൻ പെരേരയുടെ പ്രധാന കാർമ്മികത്വത്തിൽ സ്ഥലം പള്ളിസിമിത്തേരിയിൽ സംസ്കരിക്കപ്പെട്ടു.

അരുവിത്തുറ: സ്ഥലം സെന്തോമസ് മിഷൻലീഗിൻെറ 9-ാമതു വാർഷികം മാർച്ച് 24-ാംനു ഞായറാഴ്ച വിവിധപരിപാടികളോടുകൂടി ആഘോഷിച്ചിരിക്കുന്നു. ഹൈസ്കൂൾ സ്റ്റേഡിയത്തിൽവച്ചു നടത്തപ്പെട്ട പൊതുയോഗത്തിൽ റവ. ഫാദർ ഇസിദോർ സി. ഡി., ബി എ. ബി. ടി. ആദ്ധ്യക്ഷം വഹിച്ചു. മെ: ജയിംസ് കെ സി മണിമല. എൻ സി മാത്യു പൊൻകുന്നം എന്നിവർ പ്രസംഗിച്ചു. യോഗാനന്തരം "ചാരിത്രധാരം" എന്ന കഥയെ പുരസ്കരിച്ചു് ശ്രീ ററി വി തോമസ് പൂവത്തോട്ട് ആൻഡ് പാർട്ടിയുടെ കഥാപ്രസംഗവും ഉണ്ടായിരുന്നു.

തെക്കാട്ടുശേരി: സ്ഥലത്തെ പാപ്പാദിനവും വിൻസെൻറു ഡി പോൾ സഖ്യത്തിൻെറ അസാധാരണയോഗവും ഒരുമിച്ചു് സ്ഥലത്തെ ഭക്തസംഘടനകളുടെ ആഭിമുഖ്യത്തിൽ ആഘോഷിച്ചു കാലത്തു 10 മണിക്കു് റവ. ഫാ ഐസക്ക് പോട്ടയിൽ അവർകളുടെ അദ്ധ്യക്ഷതയിൽ ഒരു പൊതുയോഗം സെൻറ് ആൻറണീസ് ഹാളിൽ ചേർന്നു. ശാസ്ത്രാർ തളിയാനി പ്രസംഗിച്ചു. കുട്ടികളുടെ വിനോദപ്രകടനങ്ങളും ഉണ്ടായിരുന്നു.



ബ. അൽഫോൻസാമ്മയുടേയും ബ. സിസ്റ്റർ മേരി സെലിൻെറയും സഹായത്താൽ എനിക്കു് രോഗശമനം ലഭിച്ചതിനും നിത്യസഹായമാതാവിൻെറയും ശുദ്ധീകരാത്മാക്കളുടേയും സഹായത്താൽ എൻെറ ഉദ്ദിഷ്ടകാര്യം സാധിച്ചതിനും ഉപകാരസ്മരണ. താമസിച്ചതിനു ക്ഷമാപണം.

Miss Mary Thomas

കല്ലൂർക്കാട്: സ്ഥലം പള്ളി ഇടവക നെടുങ്ങാട്ട് ഐപ്പു ജോർജ്ജ് ശെമ്മാശൻ മാർച്ച 14-ാം തീയതി മംഗലപ്പുഴ സെമ്മിനാരി കപ്പേളയിൽവച്ചു കോതമംഗലം മെത്രാൻ റൈററ് റവ ഡോക്ടർ മാത്യു പോത്തനാമുഴി തിരുമേനിയിൽനിന്നു് വൈദികപട്ടം സ്വീകരിച്ചു. 16-ാംതീയതി ശനിയാഴ്ച ഇടവകപ്പള്ളിയിൽ പ്രഥമദിവ്യബലി അർപ്പിച്ചു.

പേരാമ്പ്ര: ഈ ഇടവകയിൽ സ്ഥാപിതമായിരിക്കുന്ന മരിയാസഖ്യത്തിൻേറയും സെൻറ് വിൻസെൻറു ഡി പോൾ സംഘത്തിൻേറയും സംയുക്തവാർഷികം പള്ളിയങ്കണത്തിൽവെച്ചു വെരി റവ ഫാദർ ആൻറണി തെക്കിനേത്തിൻെറ അദ്ധ്യക്ഷതയിൽ കൂടി റവ. ഫാദർ ജോസഫ് കൂനൻ, ശ്രീ എ സി റപ്പായി എന്നിവർ പ്രസംഗിച്ചു യോഗാനന്തരം പ്രഹസനാഭിനയവുമുണ്ടായിരുന്നു

ആളൂർ: സ്ഥലം പള്ളിയിൽ സ്ഥാപിതമായിരിക്കുന്ന മൂന്നാം സഭാംഗങ്ങളുടെ ഒരു യോഗം ബലെയോ അച്ചൻെറ അദ്ധ്യക്ഷതയിൽ കൂടി. റവ. ഫാദർ ജേക്കബ് ചൊവ്വല്ലൂർ പ്രസംഗിച്ചു. മൂന്നാം സഭയിൽ ചേർന്നിട്ടുള്ളവരുടെ പ്രതവാഗ്ദാനം നടത്തപ്പെടുകയും ഭാരവാഹികളെ തിരിഞ്ഞെടുക്കുകയുമുണ്ടായി.

—o—

## ആലുവായിലെ ഏകാന്തധ്യാനം

(മലയാളത്തിൽ)

സേക്രട്ട്ഹാർട്ട് മോണസ്ററിയിൽവച്ചു്

1957 ഏപ്രിൽ 13 ാംനു ശനിയാഴ്ച വൈകുന്നേരം ആരംഭിച്ചു് 17-ാംനു ബുധനാഴ്ച രാവിലെ അവസാനിക്കുന്നു.

ധ്യാനഗുരു: റവ. ഫാദർ മാത്യു മങ്കുഴിക്കരി

ബോർഡിംഗ് ഫീസ് 10 രൂപാ.

N. B. ധ്യാനത്തിൽ സംബന്ധിക്കുവാൻ ആഗ്രഹിക്കുന്നവർ വിവരം മുൻകൂട്ടി അറിയിപ്പാറാകണം. ശയ്യോപകരണങ്ങൾ അവരവർ കൊണ്ടുവരേണ്ടതാണ്.

സിക്രട്ടറി, സെൻറ് വിൻസെൻറു ഡി പോൾ കോൺഫറൻസ്, ആലുവാ.

(12 ാംപേജ് തുടർച്ച)

ഞ്ഞു പിരിഞ്ഞു. അന്നുതന്നെ ക്ലാരയെ ഒരു സന്യാസിനിയായി സ്വീകരിക്കപ്പെടുകയുംചെയ്തു തുടന്നു് വിശുദ്ധവിഖ്യാതമായ ക്ലാരസഭയും ഉടലെടുത്തുവെന്നു് പറയേണ്ടതില്ലല്ലോ.

ഈ സംഭവം ക്ലാരയുടെ മാതാപിതാക്കളിൽ ഉണ്ടാക്കിയ മനോവ്യഥ അനല്പമായിരുന്നു. അവർ കൊട്ടാരത്തിലേക്കു മടങ്ങിവരുവാൻ കേണപേക്ഷിച്ചു എന്നാൽ ക്രിസ്തുവിൻെറ മണവാട്ടിയായ ഈ കന്യകയുണ്ടോ വഴിപ്പെടുന്നു! അവൾ ദൈവസ്നേഹത്തെപ്രതി കുടുംബാംഗങ്ങളുടെ അപേക്ഷയെ അവഗണിച്ചു. നമ്മുടെ സന്യാസിനി കുടുംബാംഗങ്ങളുടെ പ്രലോഭനങ്ങൾനിമിത്തം ഒരു ബനദിക്തൻ ആശ്രമത്തിലേക്കു മാറപ്പെട്ടു. അവിടെ തപസ്വിനിയായി ജീവിതമാരംഭിച്ചു.

പുണ്യവതി മറുരാജ്യങ്ങളിൽ പോയി പ്രേഷിതവേലയെടുക്കുവാൻ വളരെയധികം ആഗ്രഹിച്ചു. എന്നാൽ പ്രായശ്ചിത്തവും, പ്രാർത്ഥനയും പ്രേഷിതവേലതന്നെയാണെന്നു ഗ്രഹിച്ചിരുന്നതിനാൽ ആശ്രമത്തിൽ പ്രാർത്ഥിച്ചും ധ്യാനിച്ചും പ്രയത്നിച്ചും കഴിച്ചുകൂട്ടി. ധ്യാനപരജീവിതവും ഏകാന്തജീവിതവുമാണു് ഈ വിശുദ്ധ അതിയായി ആഗ്രഹിച്ചിരുന്നതു്. കന്യകാലയത്തിൽനിന്നും വളരെ വിരളമായിട്ടു മാത്രമേ പുറത്തുപോകാറുള്ളു. മററു സഹോദരികളോടൊപ്പം ധർമ്മം യാചിക്കുവാൻ ക്ലാര സന്നദ്ധയായിരുന്നു "അസ്സീസിയിലെ ഭിക്ഷുകി"യെന്ന അപരനാമം ഈ വസ്തുതയെയാണു് അനുസ്മരിപ്പിക്കുന്നതു്. ഇത്രയധികം ദാരിദ്ര്യവും പ്രാർത്ഥനാരൂപിയും കൃത്യമായി അനുഷ്ഠിച്ചിട്ടുള്ള പുണ്യവതികൾ ഉണ്ടായിരുന്നു സന്ദേഹമാണു്. "ക്ലാരസഭ"യുടെ ആദർശംതന്നെ ദാരിദ്ര്യപ്രണയമാണെല്ലോ. പ്രാർത്ഥനാസമയത്തു് ഈ പുണ്യവതി അനുഭവിച്ചിരുന്ന ആനന്ദാനുഭൂതി അവാച്യമായിരുന്നു.

വിനയത്തിൻെറ വിളനിലമായിരുന്ന ക്ലാര മഠാധിപയായിരുന്ന കാലത്തു് മററു സഹോദരികളെ ശുശ്രൂഷിച്ചും സന്തോഷിപ്പിച്ചുമാണു് ജീവിച്ചിരുന്നതു്. ക്ലാരയുടെ മുഖത്തു യാതൊരു സമയത്തും വിഷാദമോ മ്ലാനതയോ ഉണ്ടായിരുന്നില്ല; എപ്പോഴും സുസ്മേരവദനയായിരുന്നു. സഹോദരികൾക്കുവേണ്ടിയും നാടിനുവേണ്ടിയും പലപ്പോഴും അത്ഭുതങ്ങൾ പ്രവർത്തിച്ചിട്ടുണ്ടു്. ഈ വിശുദ്ധ എന്തെങ്കിലും ജോലി കൂടാതെയിരിക്കുന്ന സന്ദർഭങ്ങളുണ്ടായിരുന്നില്ല. രോഗിണിയായി എഴുന്നേററിരിക്കുവാൻപോലും അശക്തയായിരുന്നപ്പോഴും തുന്നൽവേലയിൽ ഏർപ്പെട്ടിരുന്നു. ക്ലാര പലപ്പോഴും രോഗാധീനയാകാറുണ്ടു്. എന്നാൽ അവയൊക്കെ ദിവ്യനാഥനനുഭവിച്ച പാടുപീഡകളോടു തുലനംചെയ്തു് നിസ്സാരമാണെന്നു വീക്ഷിച്ചു് സന്തോഷത്തോടുകൂടെ സ്വീകരിക്കുകയാണു പതിവു്.

ഈ പുണ്യവതി 1253-ൽ തൻെറ അറുപതാമത്തെ വയസ്സിൽ പരലോകപ്രാപ്തയായി. വിശുദ്ധ നമ്മെ അനുഗ്രഹിക്കട്ടെ.

—o—

## ചരമവാർത്തകൾ

താമരശ്ശേരി: സ്ഥലം സെൻറ് ജോസഫ്സ് എലിമെൻററിസ്കൂളിലെ സാഹിത്യസമാജവാർഷികദിനവും രക്ഷാകർത്തൃദിനവും മാർച്ച് 24 ാംനു ഞായറാഴ്ച ഉച്ചതിരിഞ്ഞു 3 മണിക്കു ശ്രീ സി. റവ. ചെറിയാൻ എം എ (ലക്ചറർ സെൻറ് അലോഷ്യസ് കോളേജ് മംഗലാപുരം) അവർകളുടെ അദ്ധ്യക്ഷതയിൽ കൊണ്ടാടി. സമ്മേളനത്തിൽ വിദ്വാൻ, ശ്രീ പി. രാമൻനായർ പ്രസംഗിച്ചു. വിദ്യാർത്ഥികളുടെ വിവിധകലാപരിപാടികൾ സമ്മേളനത്തെ മോടിപിടിപ്പിച്ചു.

തൃക്കൊടിത്താനം: ഈ ഇടവക ചിറേറട്ടായ മേച്ചേരി കിഴക്കേതിൽ ഔസേപ്പ് തൊമ്മി മാർച്ച് 14-ാംനു പകൽ 1 മണിക്കു് 62-ാമത്തെ വയസ്സിൽ അന്ത്യകൂദാശകൾ എല്ലാം സുബോധത്തോടെ സ്വീകരിച്ചു കർത്താവിൽ നിദ്രപ്രാപിച്ചിരിക്കുന്നു. വെള്ളിയാഴ്ച 5 മണിക്കു് തൃക്കൊടിത്താനം സെൻറ് സേവ്യർ ദേവാലയസിമിത്തേരിയിൽ സംസ്കരിച്ചു.

R. I. P.



# അതു മാററകതന്നെ വേണം

(ഇല്ലിക്കൽ വറഗീസ്)

വളരെ നല്ലൊരു നിർദ്ദേശമാണത്. ഇതിനകം പലരുമതിനെപ്പററി അഭിപ്രായം പറഞ്ഞുകഴിഞ്ഞിട്ടുണ്ടെങ്കിലും പ്രായോഗികതയിൽ ഇന്നും അതിനു പുതുമയുണ്ട്. "മരിച്ചവീട്ടിൽ സദ്യ നടത്തരുത്" അതാണല്ലൊ മി. എ. ടി. ദേവസ്സിയുടെ അഭിപ്രായം. യാഥാസ്ഥിതികനും പുരോഗമനക്കാരനും ഒരുപോലെ അനുകൂലിക്കുന്ന ഒരു കാര്യമാണിതു്. മി. എ. ടി. ദേവസ്സിയുടെ അഭിപ്രായത്തെ പരസ്യമായി എതിർക്കാൻ ആരും മിനക്കെടുകയില്ലെന്നാണ് എൻെറ വിശ്വാസം. തത്വത്തിൽ എല്ലാവരും അതിനോടു യോജിക്കുന്നു. പ്രായോഗികതയിൽ നല്ലൊരുവിഭാഗം ആളുകൾ അതിനോടെതിർക്കുകയും ചെയ്യുന്നു. ഇതാണ് ഇത്രയും കാലമായിട്ടും വൃത്തികെട്ട ഈ സദ്യാരീതി തുടർന്നുപോവാൻ കാരണം. കള്ളുകുടി മാററാമെന്നും തനിക്കു അതു കുടിയേകഴിയൂ എന്നില്ലെന്നും പറയുന്ന മദ്യപാനിയെ മദ്യപാനത്തിൽനിന്നും വളരെക്കാലത്തേക്കു ഒഴിവാക്കാൻ വയ്യാത്തതുപോലെയാണ് മരണവീട്ടിൽ സദ്യനടത്തുന്നതു ഭംഗിയല്ലെന്നു സമ്മതിച്ചുകൊണ്ടുതന്നെ വിഭവസമൃദ്ധമായ സദ്യ നടത്തുന്നതു്.

എട്ടൊമ്പതു വർഷങ്ങൾക്കുമുമ്പു ക്രിസ്ത്യാനികളുടെയിടയിൽ വരുത്തേണ്ട ചില പരിഷ്കാരങ്ങളെക്കുറിച്ച് ക്രിസ്ത്യാനിയായ ഒരു പത്രാധിപരുടെ പത്രത്തിലേക്കു ഞാനൊരു ലേഖനം എഴുതി അയക്കുകയുണ്ടായി. പ്രസ്തുതലേഖനത്തിൽ പലതുംവിശദീകരിച്ച കൂട്ടത്തിൽ മരിച്ച വീട്ടിൽ അന്നു സദ്യ നടത്തുന്ന സമ്പ്രദായം ഒഴിവാക്കേണ്ടതാണെന്നു് ഒരു ഭാഗം ചേർത്തിരുന്നു. ആ ലേഖനം പത്രാധിപർ തൻെറ പത്രത്തിൽ ചേർത്തുവെങ്കിലും എൻെറ ചില നിർദ്ദേശങ്ങൾ അദ്ദേഹം വെട്ടിക്കളഞ്ഞ കൂട്ടത്തിൽ മരണവീട്ടിലെ സദ്യയുടെ കാര്യവും ഉൾപ്പെട്ടിരുന്നു. ഒരു പത്രത്തിൽ ചേർക്കാൻ പാററിയ രീതിയിലുള്ള പരിപക്വമായ ഒരു നിർദ്ദേശമല്ലാതിരുന്നതുകൊണ്ടായിരിക്കണമല്ലോ അന്നദ്ദേഹം അതു വെട്ടിക്കളഞ്ഞതു്. അല്ലെങ്കിൽ അദ്ദേഹം അതിൻെറ പ്രായോഗികതയിൽ സംശയിച്ചുകാണണം.

ഞാൻ ഈ സംഭവം എടുത്തു പറയുന്നതിൻെറ ഉദ്ദേശം ഇതാണ്. അതിൻെറ പ്രായോഗികതയിൽ വളരെ വിഷമങ്ങൾ ആളുകൾക്കു തോന്നുന്നു. തന്മൂലം ഒന്നു പരീക്ഷിച്ചുനോക്കുന്നതിനു പോലും ആരും തയ്യാറാകുന്നില്ല.

മി. ദേവസ്സി തൻെറ ലേഖനത്തിൽ ആരോഗ്യപരമായ കാരണങ്ങളാലാണ് ഈ സദ്യാസമ്പ്രദായം നിർത്തണമെന്നു വാദിക്കുന്നതു്. ആരോഗ്യപരമായ വശത്തിനു വളരെയേറെ പ്രാധാന്യമുണ്ട്. അതിനേക്കാൾ ഒട്ടുംതന്നെ അപ്രധാനമല്ല സാമ്പത്തികവശം. സാധാരണക്കാരൻെറ വീട്ടിൽ ഒരു മരണം സംഭവിച്ചാൽ ഉണ്ടാകുന്ന സാമ്പത്തികമായ പരാധീനതകൾ എന്തെല്ലാമായിരിക്കുമെന്നു് വിശദീകരിക്കേണ്ട ആവശ്യമില്ല. സ്വന്തം മാതാവോ പിതാവോ മരിച്ചതിലുള്ള ദുഃഖത്തേക്കാൾ പുത്രനിൽ മുന്നിട്ടുനില്ക്കുന്നതു് മരിച്ചയാളെ എങ്ങനെ അടക്കും എന്ന വേദനയായിരിക്കും. "മരിച്ചാലും ജനിച്ചാലും ക്രിസ്ത്യാനിക്കു ചിലവാണ്" എന്നു അക്രൈസ്തവർ പറയാറുണ്ട്. സത്യമല്ലേ? ഒരാളുടെ ശവസംസ്കരണത്തിനായി പള്ളിക്കർമ്മങ്ങൾ സംബന്ധിച്ച ആഘോഷങ്ങൾക്കു യഥായോഗ്യം പണം കൊടുക്കണം. പിന്നെ സദ്യ. അതിനും വേണം നല്ലൊരു സംഖ്യ. സ്വന്തത്തിൽപ്പെട്ട ഒരാൾ മരിച്ചുകഴിഞ്ഞാൽ ആ ദേഹത്തെ സംസ്കരിക്കുന്നതിനും അതുസംബന്ധമായ കർമ്മങ്ങളിൽ പങ്കെടുക്കാൻവരുന്നവർക്ക് സദ്യ ഒരുക്കുന്നതിനുമായി അന്യൻെറ പണപ്പെട്ടിയെ ആശ്രയിക്കാതെ അതിലേക്കുള്ള ചിലവുകൾക്കാവശ്യമായ പണം സ്വന്തം പെട്ടിയിൽനിന്നെടുക്കുവാൻ കഴിവുള്ള എത്രപേർ നമ്മുടെ ഇടയിലുണ്ട്? ശവസംസ്കരണസഹായഫണ്ടു സമ്പ്രദായം ക്രിസ്ത്യാനികളുടെ ഇടയിൽനടപ്പാക്കാൻകാരണംഈവിഷമതയെ ലഘൂകരിക്കാനാണ്.

ഏതുവിധത്തിൽ നോക്കിയാലും ഈ സദ്യ നിർത്തുകയാണു വേണ്ടതെന്നു് നമുക്കു ബോദ്ധ്യമാകും. പക്ഷെ അതങ്ങിനെ പെട്ടെന്നു നിർത്താൻ പററുമെന്നു് എനിക്കു തോന്നുന്നില്ല. ഇന്നത്തെ സമ്പ്രദായത്തിൽ കഠിനമായ അതൃപ്തിയും അമർഷവുമുള്ള മി ദേവസ്സി അതെല്ലാം സംയമനംചെയ്തുകൊണ്ടു് കത്തോലിക്കാസമുദായത്തോടു ചോദിക്കുന്ന ആ ചോദ്യത്തിൽ അനുകമ്പയാണനുഭവപ്പെടുന്നതു്. "ഇതൊന്നു മാററിക്കളയരുതോ?" കാരണമുണ്ട്. അദ്ദേഹവും അതിൻെറ പ്രായോഗികതയിൽ സംശയാലുവായിരിക്കണം. എൻെറ ഈ ഊഹം തെററാണെങ്കിൽ ഞാൻ അതു പിൻവലിക്കാൻ തയ്യാറാണ്.

ഈ സദ്യ ഇന്നത്തെ രീതിയിൽ വളർത്തിയെടുത്തവർ വിചാരിച്ചാലേ അതു മാററാൻ കഴിയുകയുള്ളുവെന്നാണ് എനിക്കുള്ള അഭിപ്രായം. "പട്ടിണിക്കഞ്ഞി" എന്ന പേരിൽ തുടങ്ങിയ ഈ ഏർപ്പാടു് വളർന്നു് ഇന്നത്തെ രീതിയിൽ എത്തിയതാണ്. മരിച്ചയാളെ സംസ്കരിച്ചശേഷം ആ വീട്ടിലുള്ളവർക്കായിമാത്രം മററുള്ളവർ തയ്യാർചെയ്തുകൊടുക്കുന്ന ഏർപ്പാടായിരുന്നു പഴയകാലത്തെ പട്ടിണിക്കഞ്ഞി. അതു വളർന്നു സദ്യയായി. അങ്ങനെ സദ്യയാക്കിയതു് പണക്കാരാണ്. ആനച്ചുവടൻ പപ്പടവും ഏഴുതരം കറികളുമുള്ള സദ്യ മരണദിവസം നടത്തിയതവരാണ്. ധനികന്മാർ അതു നിർത്തലാക്കിയാൽ വളരെവേഗം സമുദായത്തിൽ അതിൻെറ പ്രത്യാഘാതമുണ്ടായിക്കൊള്ളും. അതിനൊക്കെ പ്രേരണനൽകേണ്ടതും ചിന്തിക്കേണ്ടതും സമുദായപരിഷ്കർത്താക്കളാണ്. പക്ഷെ ആരാണ് ഈ സമുദായപരിഷ്കർത്താക്കൾ? ആ പേരിൽ അറിയപ്പെടുന്നവരായി ഞാനാരേയും അറിയുകയില്ല. അങ്ങനെ ഒരുക്കൂട്ടരുള്ളതായി കേട്ടിട്ടുമില്ല

ഇതിനുംഇതുപോലെയുള്ള മററുകാര്യങ്ങൾക്കും നേതൃത്വം നൽകി സമുദായത്തിൻെറ സദ്യശസ്സിനുവേണ്ടി പ്രവർത്തിക്കാൻ കഴിയുന്നില്ലെങ്കിൽ പിന്നെ നമ്മുടെ കത്തോലിക്കാ കോൺഗ്രസ് സംഘടനയുടേയും മററും ആവശ്യമെന്താണെന്നു എനിക്കു മനസ്സിലാകുന്നില്ല. ചില വിമർശകവീരന്മാർ ചോദിച്ചേക്കാം, സദ്യ നിരോധിക്കലും സദ്യ നടപ്പാക്കലുമാണോ സാമുദായികസംഘടനകൾ ചെയ്യേണ്ടതെന്നു്. ഒരു സമുദായത്തിനിടയിൽ നടക്കുന്ന ക്രമരാഹിത്യത്തെ കണ്ടെത്തി ആവശ്യമായ പരിഹാരനടപടികൾ സ്വീകരിച്ച് സമുദായഗാത്രത്തെ ശക്തിപ്പെടുത്താൻ കഴിയുന്നില്ലെങ്കിൽ പിന്നെ ഇത്തരം സംഘടനകളുടെ ആവശ്യമെന്തു്?

ഈ സദ്യ നിർത്തുന്നതിനെതിരായി പറയാനുള്ളതു് ഒരേയൊരു ന്യായംമാത്രമേയുള്ളു. വിദൂരസ്ഥലങ്ങളിൽനിന്നു് ധാരാളം ബന്ധുജനങ്ങൾ മരിച്ചവീട്ടിൽ വന്നെത്തുമ്പോൾ അവർക്കു ആഹാരത്തിനു ചില സൗകര്യങ്ങൾ ചെയ്തുകൊടുക്കേണ്ടതു് ആവശ്യമല്ലേ? അതു സമ്മതിച്ചാൽ അതിൻെറകൂടെ അന്നവിടെ പല ആവശ്യങ്ങൾക്കുവേണ്ടിയും ബുദ്ധിമുട്ടിയിട്ടുള്ളവർക്കു എന്തെങ്കിലും ചെയ്യേണ്ടതല്ലേ എന്നു വാദിക്കും. അതും സമ്മതിച്ചാൽ അന്നവിടെ എത്തുന്ന സാധുജനങ്ങൾക്കു ഭക്ഷണംകൊടുക്കുന്നതു പുണ്യമല്ലേ എന്ന ചോദ്യത്തിൽ അവസാനിപ്പിക്കും. എന്നാൽ ആഹാരത്തോടൊപ്പം അത്രയും ദുഃഖത്തിൽ ഭാഗഭാക്കുകളേയും ആ വീട്ടുകാർ അവിടെ വന്നെത്തുന്നവർക്കു സമ്മാനിക്കുന്നതു നീതിയാണോ?

ഒരു മരണംപ്രമാണിച്ച് വിഭവസമൃദ്ധമായ സദ്യ നടത്തണമെന്നു വീട്ടുകാരനുദ്ദേശമുണ്ടെങ്കിൽ അതു മരണദിവസമൊഴിച്ചാക്കുന്നതിലെന്താണ് 'തെററ്'? വളരെ സൗകര്യമായും ഭംഗിയായും അതു ചെയ്യാവുന്നതുമാണല്ലൊ. അകലെനിന്നുവരുന്ന ബന്ധുജനങ്ങൾ ഒരു മരണവീട്ടിലേക്കാണു പോകുന്നതെന്നുള്ള വിചാരത്തോടെയാണു വരുന്നതു്. തീർച്ചയായും അവർ അവിടെ ഒരു സദ്യയുണ്ണാൻ വരുന്നതല്ല. പിന്നെ ആഹാരത്തിനു ചില സൗകര്യങ്ങൾ വളരെ ഒതുങ്ങിയരീതിയിൽ ചെയ്തുകൊടുക്കേണ്ടതു ന്യായമാണ്. അതു മറെറാരുവീട്ടിൽ വച്ചായിരുന്നാൽ വളരെ നല്ലതു്. അതിനു സൗകര്യമില്ലെങ്കിൽ പഴയ പട്ടിണിക്കഞ്ഞിയുടെ രീതിയിലാക്കിയാൽ മതിയാവും. മരണവീട്ടിലെ ഇന്നത്തെ സദ്യാസമ്പ്രദായം തീരെ മാററിക്കളയേണ്ടതുതന്നെയാണ്. അതിനു സമുദായത്തിലെ ധനികവൃന്ദം മാതൃക കാട്ടേണ്ടിയിരിക്കുന്നു.


ചന്ദ്രിക
REGD.
ഔഷധസോപ്പ്
ചുണങ്ങ്, താരൻ, മുഖക്കുരു മുതലായവയ്ക്ക്
S.V. PRODUCTS, IRINJALAKUDA








## വിൻസെൻഷൻ കോൺഗ്രിഗേഷൻ

സ്കൂൾഫൈനൽ പരീക്ഷകഴിഞ്ഞു. ഭാവിയെപ്പററി ചിന്തിച്ചു ജീവിതത്തിൻെറ നാൽക്കവലയിൽ നില്ക്കുന്ന കൊച്ചുസോദരന്മാർ ദിവ്യനാഥൻെറ ആമന്ത്രണത്തിൻെറ മധുരസ്വരം ശ്രവിക്കുന്നുണ്ടാവാം. അങ്ങനെയുള്ള യുവാക്കന്മാരെ വിൻസെൻഷൻ കോൺഗ്രിഗേഷൻ ഇക്കൊല്ലവും സ്വാഗതം ചെയ്യുന്നു. നല്ല മാർക്കുകളോടെ സ്കൂൾഫൈനൽ പാസ്സായവരും പാസ്സാകുമെന്നു പ്രതീക്ഷിക്കുന്നവരും ഇപ്പോൾതന്നെ എഴുതുകയോ നേരിട്ടു കാണുകയോ ചെയ്യുവിൻ.

Rector, St. Vincent's Petit Seminary, Angamaly P. O.




വി. പത്താംപീയൂസിൻെറ മാദ്ധ്യസ്ഥതാലും ബ. അൽഫോൻസായുടെ സഹായത്താലും എൻെറ രോഗം സുഖപ്പെട്ടതിനു് ഉപകാരസ്മരണ.

മിസ്സസ് അലക്സാണ്ടർ
കരിങ്കുന്നം

## പുസ്തകാഭിപ്രായം

### വേലക്കാർ ചുരുക്കം

(ഗ്രന്ഥകർത്താ: എ. ടി. മഞ്ഞക്കുന്നേൽ, അറക്കുളം, തൊടുപുഴ. പേജ് 196, വില 1 രൂ 4 ണ)

എബ്രാഹം തോമസ് മഞ്ഞക്കുന്നേൽ അവർകളുടെ ഒരു നവീന കൃതിയാണ് "വേലക്കാർ ചുരുക്കം". നൂററാണ്ടുകൾക്കുമുമ്പു് ക്രിസ്തു സ്വശിഷ്യരോടു് അരുളിച്ചെയ്യുകയുണ്ടായി, "കൊയ്ത്തു വളരെ, വേലക്കാർ ചുരുക്കം" (വി. മത്തായി X 37) എന്നു്. ഇന്നും അവിടുന്നു അതാവർത്തിക്കയാണ്. അതിനാൽ വിവിധകഴിവുകളുള്ള ധാരാളം വേലക്കാരെയാണ് കത്തോലിക്കാസഭയ്ക്കു ആവശ്യം. കത്തോലിക്കാ തിരുസ്സഭാമണ്ഡലങ്ങളിൽ വേലക്കാരെ രൂപവല്ക്കരിക്കുന്നതിൽ കുടുംബങ്ങൾക്കും വിദ്യാലയങ്ങൾക്കും ഇടവകകൾക്കും ഒരു നല്ല പങ്കുണ്ട്. മാതാപിതാക്കന്മാരും, അദ്ധ്യാപകന്മാരും, വൈദികരും അവരുടെ കീഴിലുള്ള യുവതീയുവാക്കന്മാരുടെ ദൈവവിളിയെ പ്രത്യേകം ശ്രദ്ധിക്കുകയും പരിപോഷിപ്പിക്കുകയുംവേണം. പൗരോഹിത്യം സന്യാസം, അൽമായസന്യാസം, വിവാഹം എന്നീ നാലു ജീവിതസ്ഥിതികളാണല്ലോ ഉള്ളതു്. ഈ വിഷയങ്ങളിൽ എല്ലാവരും അവശ്യം അറിഞ്ഞിരിക്കേണ്ട വിവിധ കാര്യങ്ങൾ സമൃക്കായി പല അദ്ധ്യായങ്ങളിലൂടെ ഗ്രന്ഥകാരൻ വിശദീകരിച്ചിട്ടുണ്ട്. വിവാഹമെന്ന ദിവ്യകൂദാശയെപ്പററിയും വിവിധ കടമകളെപ്പററിയും വിവാഹജീവിതത്തിൽ പ്രവേശിക്കുന്ന ഇന്നത്തെ പല യുവതീയുവാക്കളും പഠിക്കുവാൻ കൂട്ടാക്കുന്നില്ല എന്നതു പരമാർത്ഥമാണ്. കേരളത്തിലും കേരളത്തിനു പുറത്തുമുള്ള "മിഷൻവയലുകളി"ൽനിന്നും "വേലക്കാർ ചുരുക്കം" എന്ന മുറവിളി സദാ ഉയർന്നുകൊണ്ടിരിക്കുകയാണ്. ആ നിലവിളിയെ ശമിപ്പിക്കുവാൻ, വിവിധസന്യാസിനീസന്യാസസഭകൾ, സെമ്മിനാരികൾ മുതലായവവഴി ധാരാളം യുവതീയുവാക്കളെ സ്വീകരിച്ച് വേണ്ട പരിശീലനങ്ങൾനൽകി മിഷൻരംഗങ്ങളിലേക്കു് പ്രതിവർഷം പ്രവർത്തനത്തിനായി അയക്കേണ്ടതുണ്ട്. അതിനായി കേരളത്തിലെ ഓരോ കുടുംബവും ധാരാളം ദൈവവിളികൾ പ്രദാനംചെയ്യേണ്ടിയിരിക്കുന്നു.

കേരളീയരിൽ പലർക്കും മിഷനെപ്പററിയുള്ള ജ്ഞാനം പരിമിതമത്രെ. ഈ പോരായ്മയെ പരിഹരിക്കുന്നതിനു വളരെ സഹായകമായ ഒന്നാണ് ശ്രീ മഞ്ഞക്കുന്നേലിൻെറ, നിരൂപണവിഷയമായ ഗ്രന്ഥം. വേലക്കാർ ധാരാളമായിഅണിനിരന്നു പ്രവർത്തിക്കേണ്ട വിവിധമിഷൻവയലുകളെ ക്രിസ്തു വിഹഗവീക്ഷണംചെയ്യുന്ന മനോഹരമായ ത്രിവർണ്ണ കവർച്ചിത്രം പുസ്തകത്തിൻെറ ഉള്ളടക്കത്തെ പ്രദ്യോതിപ്പിക്കുന്നതാണ്. ലളിതമായ ഭാഷ, അഭിവന്ദ്യ മെത്രാന്മാരുടേയും, ബ: മിഷനറിമാരുടേയും, മാന്യ പണ്ഡിതന്മാരുടേയും അഭിപ്രായാശംസകൾ, പാലാ മിഷൻഹോം റെക്ടർ വെരി റവ. ഫാദർ ജയിക്കബ്ബ് വെള്ളരിങ്ങാട്ട് അവർകളുടെ അവതാരിക ഇവയെല്ലാം ഈ ഗ്രന്ഥത്തിൻെറ ആന്തരികമായ മാററു് യഥാർഹം വർദ്ധിപ്പിക്കുകയാണ്. കേരളത്തിലേയും ഇന്ത്യയിലേയും രൂപതാതിരൂപതകളിൽ പ്രവർത്തനം നടത്തുന്ന 202 സന്യാസിനീസന്യാസസഭകളെപ്പററിയുള്ള പ്രതിപാദനം, വിലാസങ്ങൾ, സ്ഥിതിവിവരക്കണക്കുകൾ ഇവയെല്ലാം വളരെയധികം പ്രയോജനപ്രദമായിരിക്കുന്നുണ്ട്. സെമ്മിനാരികളിലേക്കും, സന്യാസസഭകളിലേക്കും കന്യകാമഠങ്ങളിലേക്കും ഇറങ്ങിത്തിരിക്കുവാൻ വെമ്പൽകൊള്ളുന്ന യുവലോകത്തിനു വേണ്ട പ്രചോദനവും മാർഗ്ഗദർശനവും നൽകാൻ ഈ ലഘുഗ്രന്ഥം തികച്ചും പര്യാപ്തമായിട്ടുണ്ടെന്നു പറയുവാൻ എനിക്കതിയായ സന്തോഷമുണ്ട്. ഈ വിശിഷ്ടഗ്രന്ഥം രചിച്ച ശ്രീ എ. ടി. മഞ്ഞക്കുന്നേൽ അവർകളേയും അതിൻെറ പ്രസിദ്ധീകരണത്തിൽ സഹകരിച്ചിട്ടുള്ള എല്ലാവരേയും അനുമോദിക്കുകയും ഗ്രന്ഥത്തിനു പ്രചുരപ്രചാരം ആശംസിക്കയും ചെയ്യുന്നു. മാന്നാനം പ്രസ്സിൽ അച്ചടിച്ചതും പാലാ മിഷൻ ഹോമിൽ നിന്നും പ്രസിദ്ധപ്പെടുത്തിയിരിക്കുന്നതുമായ ഈ ഗ്രന്ഥത്തിൻെറ പ്രതികൾ കേരളത്തിലെ മിക്ക കത്തോലിക്കാബുക്കുസ്റ്റാളുകളിൽനിന്നും ലഭിക്കുന്നതാണ്. (J. K.)

# ചെറുകഥ

## നെടുവീർപ്പുകൾ

(പൊൻകുന്നം തോമസ്)

അന്തിയുടെ നിറംമങ്ങിയ നിഴലുകൾ കിഴക്കേചക്രവാളസീമയിലേക്കു ചാഞ്ഞുതുടങ്ങുകയും, പറന്നുതളന്ന വാനമ്പാടികൾ പടിഞ്ഞാറൻ കാക്കകളോടൊപ്പം, തങ്ങളുടെ കൂടുകളിൽ ചെന്നു് വിശ്രമം തേടുവാൻ വെമ്പലോടെ തിരിക്കുകയും ചെയ്തു. വിളറിത്തുടങ്ങിയ ഏതാനും മഴക്കാറുകൾ ഇഴഞ്ഞിഴഞ്ഞു് എങ്ങോട്ടോ പൊയ്ക്കൊണ്ടിരുന്നു.

"അമ്മേ!...വേദനയ്ക്കു കൊറവുണ്ടോ?" അമ്മിണി ശോശാമ്മയുടെ നെഞ്ചിൽ ചൂടുവയ്ക്കുന്നതിനിടയിൽ ചോദിച്ചു. അവളുടെ നീലിമയുള്ള കൺകോണുകളിൽ കദനത്തിൻേറതായ രണ്ടു മൂന്നു മുത്തുമണികൾ തങ്ങിനിന്നിരുന്നു.

"ഉം...സാരമില്ല മോളേ!" വേദനിച്ചു വേദനിച്ചു നിമിഷങ്ങൾ തള്ളിനീക്കുന്ന ആ തള്ള വളരെ ബദ്ധപ്പെട്ടു പ്രതിവചിച്ചു. "ഇച്ചിരിനേരം...കൂടി കഴിമ്പം ഈ ചൊമേം വേദനേമെല്ലാം...താനേ യങ്ങുപോകും മോളേ!..." അവരുടെ വിളർത്തിരുന്ന ചുണ്ടുകൾ വീണ്ടും ചലിച്ചെങ്കിലും സ്വരം വ്യക്തമായി പുറത്തേക്കു വന്നില്ല തുടന്നു നീണ്ട ഒരു ചുമയും ഞരങ്ങലും മാത്രം.

അമ്മിണി ഏറെ നേരം മൗനമായി അവിടെത്തന്നെയിരുന്നു. ആ കട്ടിലിൻെറ തലയ്ക്കൽ അവൾ കൊളുത്തിവച്ച മണ്ണെണ്ണവിളക്കിൻെറ മങ്ങിയവെളിച്ചത്തിൽ, തൻെറ അമ്മയുടെ ചുളിവുകളും, കരിനിഴലുകളും വീണ മുഖം അവൾക്കു നല്ലതുപോലെ കാണാമായിരുന്നു.

മനുഷ്യൻെറ വിലയേറിയ ജീവനേയും, ആകാരസൗഷ്ഠവത്തേയും, ആരോഗ്യത്തേയും അപകടത്തിലാക്കുന്ന ഭയാനകമായ ക്ഷയം ആ പാവപ്പെട്ട തള്ളയുടെ ശുഷ്കിച്ചുണങ്ങിയ ശരീരത്തേയും കാന്നുകാന്നു തിന്നുകയാണു്. പല ദിവസങ്ങളായി നീണ്ടുനിൽക്കുന്ന ചുമയും, അസഹ്യമായ നെഞ്ചുവേദനയുംകൊണ്ടു് അവർ നരകയാതന അനുഭവിക്കുകയാണു്; ഇടയ്ക്കിടെ രക്തംപുരണ്ട കഫം തുപ്പിയും. ഡോക്ടരുടേയോ, നാട്ടുവൈദ്യന്മാരുടേയോ സഹായം തേടാൻ, വല്ല മരുന്നെങ്കിലും വാങ്ങിച്ചുകുടിക്കാൻ അവരുടെ കൈയിൽ കാശില്ല. രോഗവും ദാരിദ്ര്യവും ആ കൊച്ചുകുടിലിലെ നിത്യസന്ദർശകരാണു്.

സങ്കടങ്ങളുടേയും, തോരാത്ത കണ്ണുനീരിൻേറയും ദുരിതമേഖലകളിലൂടെ ഇഴഞ്ഞുനീങ്ങി, കഷ്ടപ്പാടുകളും, കയ്പുനീരുകളും കുടിച്ചിറക്കി, ജീവിതത്തിൻെറ ഇരുളടഞ്ഞ ആ ദിവസങ്ങളിൽ. അവസാനത്തെ പടികൾ കടന്നു്, ഈ മനഃക്ലേശങ്ങളും വേദനകളുമില്ലാത്ത "നിത്യജീവിത"ത്തിലേക്കു പ്രവേശിക്കേണ്ട ആ മരണകവാടത്തിലെത്തി ആ തള്ള നെടുവീർപ്പിടുകയാണു്. നിസ്സഹായതയും പട്ടിണിയുംമാത്രം കൂട്ടുനിൽക്കുന്ന തൻെറ കുടുംബത്തിൻേറയും, ആലംബഹീനയാകാൻ പോകുന്ന തൻെറ പുന്നാരമകളുടേയും ഭാവിയെപ്പററി ചിന്തിച്ചു് അവർ ഈ ദിനങ്ങളിലെല്ലാം കണ്ണീരൊഴുക്കുകയായിരുന്നു. ഇപ്പോഴും ആ നയനങ്ങളും കവിളുകളും ഉണങ്ങിയിട്ടില്ല. ആരും തങ്ങളെ സഹായിക്കുകയില്ലെന്നു് അവർ അനുഭവത്തിൽനിന്നും മനസ്സിലാക്കിയിട്ടുണ്ടു്. ചുററുപാടും കരുണയില്ലാത്ത മുതലാളികളും, കാറും ലോറിയുമുള്ള പണക്കാരുമാണു്. അവർക്കാർക്കും പാടുപെട്ടുകഴിയുന്ന ഏഴകളുടെ ദുരിതവും കഷ്ടപ്പാടുകളും എന്തെന്നുപോലും അറിഞ്ഞുകൂടാ.

അമ്മിണി കഴിഞ്ഞരാത്രികളിലെല്ലാം ഒരു പോളക്കണ്ണടയ്ക്കാതെ, തൻെറ സ്നേഹമയിയായ അമ്മയുടെ കിടക്കയ്ക്കുസമീപം കഴിച്ചുകൂട്ടുകയാണു്. പാടുള്ള ശുശ്രൂഷകളെല്ലാം അവൾ ആ രോഗിണിയായ മാതാവിനു് ചെയ്തുകൊടുക്കുന്നുമുണ്ടു്.

സെക്കൻറുകളേയും, നിമിഷങ്ങളേയും ഹൃദയവികാരങ്ങളേയും പിടിച്ചുനിറുത്തുന്ന ആ ചുമയും ദയനീയമായ ഞരങ്ങലും കേൾക്കുമ്പോൾ അമ്മിണി ഏങ്ങിയേങ്ങി കരയും. ചൂടുള്ള ബാഷ്പബിന്ദുക്കൾ അവളുടെ ചെളിപിടിച്ച ചട്ടയിലും കൈത്തലങ്ങളിലും പാഴ്മണ്ണിലും അടന്നുവീഴുകയും, അവ നീത്യമായി അലിഞ്ഞുമായുകയും ചെയ്യും...അല്ല അവളെങ്ങനെ കരയാതിരിക്കും; കണ്ണുനീർതൂകാതിരിക്കും. തനിക്കുവേണ്ടി ഇക്കാലമത്രയും കഷ്ടപ്പെടുകയും, മുഴപ്പട്ടിണി പോലും കിടന്നു്, തന്നെ അല്ലലുകളും വിശപ്പുമറിയിക്കാതെ ഇത്രയും വളർത്തുകയും ചെയ്ത ആ സ്നേഹസമ്പന്നയായ അമ്മ, ഈവിധം സങ്കടപ്പെടുന്നതും, ദുരിതമനുഭവിക്കുന്നതും കാണുമ്പോൾ ഒരു മകൾ എങ്ങനെ പൊട്ടിക്കരയാതിരിക്കും...? ശോശാമ്മ തൻെറ ശോഷിച്ച കൈകൊണ്ടു് പലപ്പോഴും അവളുടെ നനഞ്ഞ കൺപോളകൾ തുടച്ചുകളയുകയും സമാശ്വസിപ്പിക്കുകയും ചെയ്യും. ആ ഓമനമകൾ തൻെറ കട്ടിലിനുസമീപം വന്നിരിക്കുന്നതുതന്നെ ശോശാമ്മയ്ക്കു വളരെ ആശ്വാസപ്രദമാണെന്നു്, അവരുടെ പകുതി തുറന്ന കണ്ണുകളും, ഒരു വാടിയ പുഞ്ചിരികലർന്ന കവിൾത്തടങ്ങളും വ്യക്തമാക്കുന്നുണ്ടു്. അമ്മിണിയുടെ കളങ്കമില്ലാത്ത ആ മുഖം കണ്ടുകൊണ്ടു മരിക്കണമെന്നേ അവർക്കിനി ഒരാശയുള്ളൂ. അവൾ ആശാവഹമായ ഒരു നിലയിലെത്തി, അനുരൂപനായ ഒരു ഭർത്താവിനോടുകൂടി ആനന്ദഭരിതയായി ജീവിക്കുന്നതു കാണാനുള്ള ഭാഗ്യം ആ തള്ളയ്ക്കില്ല.

തൻെറ അമ്മ ഇനിയും അധികം ദിവസങ്ങൾകൂടി ജീവിച്ചിരിക്കുകയില്ലെന്നുഅമ്മിണിക്കറിയാം അത്രമേൽ അവശതയിലാണു് അവരിന്നു കിടക്കുന്നതും, കഴിഞ്ഞുകൂടുന്നതും. മിണ്ടാൻപോലും മേലാ. തുള്ളിവെള്ളമെങ്കിലും കുടിക്കുന്നില്ല. ഏതോ വേദനയേറിയ ചിന്തകളിലും ഓർമ്മകളിലും ലയിച്ചതിൻെറശേഷം ഞെട്ടിയുണരുമ്പോൾ അവർ കൂടെക്കൂടെ നെടുവീർപ്പിടുന്നുണ്ടു്.

ആ കൊച്ചുമുറിയിൽ ഒരു മരണമൂകത നിറഞ്ഞുനിന്നിരുന്നു. മന്ദംമന്ദം നീങ്ങുന്ന നിമിഷങ്ങൾക്കുപോലും ചൈതന്യമില്ലെന്നു തോന്നും.

"അപ്പാ!" താടിക്കുകൈയുംകൊടുത്തു് വികാരാധീനനായി തിണ്ണയിലിരുന്ന മാത്തൻചേട്ടനെ അമ്മിണി ചെന്നു വിളിച്ചു.

"എന്നാ മോളേ!" അയാൾ ഇരുന്ന ഇരിപ്പിൽത്തന്നെ ചോദിച്ചു.

"അപ്പനെന്താ ഒന്നും മിണ്ടാതിങ്ങനെ വന്നിരിക്കുന്നെ?"

"വെറുതേ. അമ്മയ്ക്കെങ്ങനിരിക്കുന്നു?"

"കൊറവൊണ്ടു്. ഇപ്പമൊന്നു മയങ്ങിക്കിടക്കുവാ."

"ഇന്നു വല്ലതും കഴിച്ചോ?"

"എൻറപ്പാ! ഇന്നൊന്നും അമ്മ കഴിച്ചില്ല. രാവിലെ അങ്ങേതിൽനിന്നും കൊണ്ടുവന്ന പാലാണെങ്കിൽ അതുപടിയിരിപ്പൊണ്ടു്. മരുന്നും കുടിച്ചില്ല. ഒന്നു കുമ്പസാരിക്കണോന്നു കണ്ണുതൊറക്കുമ്പോഴൊക്കെ പറേം. അപ്പാ! ആ അച്ചനെയൊന്നു വിളിച്ചോണ്ടുവാ. രാത്രിയായെങ്കിലും അങ്ങേരു വരാതിരിക്കത്തില്ല."

"ങേ...അങ്ങനാണോ മോളേ, എന്നാ ഞാനിപ്പംതന്നെ പോകാം. ങ... പെണ്ണേ! നീയിച്ചിരി കടുംകാപ്പി അനത്തിക്കൊണ്ടുവാ." മാത്തൻചേട്ടൻ വീണ്ടും മൗനംദീക്ഷിച്ചു് അവിടെത്തന്നെയിരുന്നു. അമ്മിണി തൻെറ തൊട്ടുപുറകിലാണു വന്നുനിന്നതെങ്കിലും അയാൾ മുഖമുയർത്തി അവളെയൊന്നു നോക്കിയതുപോലുമില്ല. കരഞ്ഞുകരഞ്ഞു് അവളുടെ കണ്ണുകൾക്കു് അരുണിമപൂണ്ടതും, എണ്ണമയമില്ലാത്ത അവളുടെ ചുരുളൻമുടി ഇളങ്കാററിൽ പാറിപ്പറന്നു കിടന്നതും അയാൾ ദർശിച്ചില്ല.

അമ്മിണി അടുക്കളയിൽ പോയി പെട്ടെന്നു കാപ്പിയനത്തിക്കൊണ്ടു വന്നു. അതു കുറേശ്ശെ ഊതി കുടിക്കുമ്പോഴും, അവൾഎന്തെല്ലാമോ വേദനയോടെ പറഞ്ഞുകൊണ്ടിരുന്നപ്പോഴും മാത്തൻചേട്ടൻ സ്മരണകളുടേയും, വികാരങ്ങളുടേയും ലോകത്തിലായിരുന്നു. അയാൾ തൻെറ പഴയ അനുഭവങ്ങളെല്ലാം അയവിറക്കുകയാണു്. ഇന്നാൾവരെ ആനന്ദകരമായി ജീവിച്ചതും, കുടിച്ചുമത്തനായി കൂട്ടുകാരുമൊത്തു് രസിച്ചുകഴിഞ്ഞതും, കിട്ടിയകാശെല്ലാം ആവശ്യംപോലെ ചിലവാക്കി സുഖിച്ചുജീവിച്ചതും, അവസാനം നിരാശ്രയനായി ഈ ദുരിതമേഖലയിൽ വന്നതുമെല്ലാം അയാൾ ഒന്നൊഴിയാതെ കണ്ണുനീരോടെ സ്മരിച്ചു... കഷ്ടം! പുഞ്ചിരിയിൽ പൊതിഞ്ഞ വിഷാദവുമായി തന്നെ സമീപിച്ചു്, ഉണ്ടായിരുന്ന വസ്തുക്കളും വീട്ടുപാത്രങ്ങളും ഭാര്യയുടെ ചില്ലറആഭരണങ്ങൾവരെയും വിററു തുലയ്ക്കാൻ പ്രേരണനൽകിയ അയാളുടെ മദ്യസേവയ്ക്കു കൂട്ടുനിന്ന കഴിഞ്ഞകാലങ്ങൾ! ഇന്നു് ആ കൂട്ടുകാരില്ല, ഉല്ലാസമില്ല, ഒന്നുമില്ല. വെറും നീറുന്ന ചിന്തകൾമാത്രം. അയാൾ കൊടുക്കുന്ന ഇടിയും ചതയുമൊക്കെ സഹിച്ചാണെങ്കിലും, എന്നുമെന്നും ആത്മാർത്ഥതയോടെ ഉപദേശിക്കുകയും സ്നേഹപൂർവ്വം ശുശ്രൂഷിക്കുകയുംചെയ്ത തൻെറ സഹധർമ്മിണി ഇന്നിതാ മരണശയ്യയിൽ!

"മോളേ!" അകത്തുനിന്നൊരു നീണ്ട വിളി.

"എന്തോ" അമ്മിണി വേഗം ശോശാമ്മയുടെ കട്ടിലിനരികിൽ ചെന്നിരുന്നു. "എന്താമ്മേ വിളിച്ചതു്?" അമ്മയുടെ കൈകളിൽ തലോടിക്കൊണ്ടു് അവൾ ചോദിച്ചു. ആ കാലുകളും കൈകളും നന്നേ തണുത്തിരുന്നു.

"ങ്ഹ..." അവരെന്തോ പറയുവാനൊരുങ്ങുകയാണു്. ആ കരിവാളിച്ച അധരങ്ങൾ ചലിക്കുന്നുണ്ടു്. "അമ്മിണീ..."

"ഉം?"

"അച്ചനെ...വിളിക്കാൻ...... പോയോ...മോളേ?"

"അപ്പനിപ്പം പോകും."

"എൻെറ...ദൈവമേ!"

"അമ്മേ..."

"ങ്ഹേ..."

"ഇനീം ചൂടുവെക്കണോ?"

"വേണ്ട...ഒന്നു തിരിഞ്ഞുകിടന്നാൽമതി..."

അമ്മിണി അതിനു അവരെ സഹായിച്ചു. വീണ്ടും ആ മുറിയിൽ ഒരു നീണ്ട മൗനം. എങ്ങുനിന്നോ ഒരു ശ്മശാനനിശ്ശബ്ദത ആ മുറിയിലേക്കോടിയെത്തി. വേദനിക്കുന്ന നിമിഷങ്ങൾ നെടുവീർപ്പുകളോടെ പൊയ്ക്കൊണ്ടിരുന്നു.

അകലെയുള്ള ഗ്രാമദേവാലയത്തിൽനിന്നും സന്ധ്യാജപങ്ങൾക്കുള്ള മണി മുഴങ്ങി. അതിൻെറ ശാന്തസുന്ദരമായ ശബ്ദവീചികൾ ആ അന്തരീക്ഷത്തിലെങ്ങും അലിഞ്ഞുചേന്നു.

കുന്നുകളും കുഴികളും നെല്പാടങ്ങളും കടന്നു് മാത്തൻചേട്ടൻ പള്ളിമുറിയിലെത്തിയപ്പോൾ മണി ഏഴരകഴിഞ്ഞിരുന്നു. "എന്താ, മാത്താ?" ഒരു ചാരുകസേരയിലിരുന്നു് എന്തോ വായിച്ചുകൊണ്ടിരുന്ന വികാരിയച്ചൻ ചോദിച്ചു. മേശപ്പുറത്തു കത്തിനിന്നിരുന്ന വിളക്കിൻെറ ധവളപ്രകാശം അദ്ദേഹത്തിൻെറ കണ്ണടയിലും, അലമാരിച്ചില്ലുകളിലുംതട്ടി പ്രതിഫലിച്ചു

"ഒരത്യാവശ്യമൊണ്ടാരുന്നു" അയാൾ സവിനയം പറഞ്ഞു.

"എന്തോന്നാ?"

"വീടുവരെ അച്ചനൊന്നു വന്നാൽ കൊള്ളാരുന്നു."

"വിശേഷിച്ചിപ്പോൾ?"

"വീട്ടുകാരത്തി ഒട്ടും സൊകമില്ലാതെ കെടക്കുവാ. അന്ത്യകൂദാശേം, കുർബാനേമൊക്കെ കൊടുക്കണാരുന്നു."

"ങ്ഹാ...ഇനി ഈ രാത്രിയ്ക്കോ. മഴയും വരുന്നല്ലോടോ. എന്നാൽ തനിക്കൊന്നു നേരത്തെ വരത്തില്ലായിരുന്നോ?" അച്ചൻ പുസ്തകത്തിൽ നോക്കിക്കൊണ്ടു തന്നെ പറഞ്ഞു.

"വളരെ അത്യാവശ്യമാ...മരിക്കുമെന്നാ തോന്നുന്നെ" ആ പാവപ്പെട്ട മനുഷ്യൻെറ കുഴിഞ്ഞ കണ്ണുകൾ നിറയുന്നതു് അച്ചൻ യാദൃച്ഛികമായി കാണാതിരുന്നില്ല.

"വെളക്കോ വല്ലതുമുണ്ടോ?... എനിക്കാണെങ്കിൽ നല്ല സുഖമില്ലാതിരിക്കുവാ."

"ഉം, വെളക്കൊണ്ടു്."

"എന്നാലാകട്ടെ. ഞാൻ വരുന്നു. താനാ കപ്യാരെയിങ്ങു വിളിച്ചു് അൾത്താരയിൽ തിരി കത്തിക്കാൻ പറ."

"ഒവ്വ്" മാത്തൻചേട്ടൻ കപ്യാരുടെ വീട്ടിലേക്കും അച്ചൻ അടുത്തുള്ള ഒരു മുറിയിലേക്കും പോയി.

അച്ചനും കപ്യാരും മാത്തൻചേട്ടൻെറ പുറകേ ഇറങ്ങിക്കഴിഞ്ഞു. പള്ളിയിലവർ അധികസമയം താമസിച്ചില്ല. വഴിയിലിറങ്ങിയപ്പോൾ ഒന്നുരണ്ടു മഴത്തുള്ളികൾ വികാരിയച്ചൻ ചൂടിയിരുന്ന പുത്തൻശീലക്കുടയിലും മാത്തൻചേട്ടൻെറ കൈയിലിരുന്ന ചിമ്മിനിവിളക്കിൻെറ ചില്ലിലും വീണു. മഴയ്ക്കുമുമ്പേ വീശുന്ന ഒരു പിശാൻകാററു് മരച്ചില്ലകളേയും മുളങ്കാടുകളേയും പിടിച്ചുകുലുക്കിക്കൊണ്ടു് എങ്ങോ കടന്നുപോയി.

"മാത്താ! മഴ നമ്മളെ വല്ലാതെ നനയ്ക്കുമെന്നാ തോന്നുന്നതു്" കപ്യാർ പറഞ്ഞു.

"ആക്കറിയാം; ഏതായാലും മഴ ചാറുന്നുണ്ടു്; കാററിനു കട്ടികൂടി വരികയും."

"സാരമില്ല."

"നമുക്കിച്ചിരികൂടെ വേഗം നടക്കാം" മാത്തൻചേട്ടൻ നടപ്പിനു സ്പീഡുകൂട്ടി. അയാളുടെ ഹൃദയത്തുടിപ്പുകൾക്കും വേഗത കൂടിക്കൊണ്ടിരുന്നു.

അവരുടെ നാവുകൾ മൂകങ്ങളായിരുന്നു; ഏകാന്തനിശ്ശബ്ദത അവരുടെ ചുററും കനംകൂടിക്കൊണ്ടിരുന്നു. ചിമ്മിനിവിളക്കിൻെറ ഇളകിക്കൊണ്ടിരിക്കുന്ന തീനാമ്പിൻെറ വെളിച്ചത്തിൽ മൂന്നു നീണ്ട നിഴലുകൾ കയ്യാലകളേയും ഇടവരമ്പുകളേയും കുന്നിൻചരിവുകളേയുമൊക്കെ തലോടിപ്പോകുന്നതു് വഴിയിറമ്പുകളിലും നാല്ക്കവലകൾക്കടുത്തും താമസിക്കുന്നവർക്കു കാണാമായിരുന്നു.

(തുടരും)

## സ്ത്രീകൾക്കു് ഏകാന്തധ്യാനം

മുതലക്കോടം സേക്രഡ് ഹാർട്ട്സ് ഗേൾസ്ഹൈസ്കൂളിൽവച്ചു 1957 ഏപ്രിൽമാസം 24-ാംനു- ബുധനാഴ്ച വൈകുന്നേരം ആരംഭിച്ചു് 28-ാംനു- രാവിലെ അവസാനിക്കുന്നു. ധ്യാനഗുരു റവ. ഫാദർ മാത്യു മങ്കുഴിക്കരി. ഭക്ഷണച്ചെലവു് 5ക. ധ്യാനത്തിൽ സംബന്ധിക്കാനാഗ്രഹിക്കുന്നവർ താഴെ കാണുന്ന മേൽവിലാസത്തിൽ ഉടനെ എഴുതുക:

റവ. സിസ്റ്റർ മേഴ്സി എസ്. എച്ച്., തിരുഹൃദയമഠം,
മുതലക്കോടം, തൊടുപുഴ P. O.

N. B. ശയ്യോപകരണങ്ങൾ ഓരോരുത്തരും കൊണ്ടുവരേണ്ടതാണു്.

Chakola's
SILK HOUSE
TRICHUR-ERNAKULAM

കല്യാണ സാരികൾ

ആവശ്യത്തിനും, അവസരത്തിനും അനുസരിച്ചുള്ള വിവിധ ജവുളിത്തരങ്ങൾ ധാരാളം സ്റ്റോക്കുണ്ടു്.

EP



# തിരസ്ക്കരണികളിൽ

(റവ. ഫാദർ ജേക്കബ് മാഞ്ഞൂരാൻ ബി. എ.)

### ഹങ്കറി

(തുടർച്ച)

സോവ്യറ്റാധിപത്യം ഹങ്കറിയിലെ എണ്ണവ്യവസായത്തേയും വളരെയധികം അധഃപതിപ്പിച്ചിട്ടുണ്ടു്. സോവ്യറ്റു് കല്പനപ്രകാരം എണ്ണക്കിണറുകൾ കണക്കിലേറെയും അതിവേഗവും പമ്പുചെയ്തതിന്റെ ഫലമായി ഒരിക്കൽ എണ്ണസമ്പത്തുകൊണ്ടു ഐശ്വര്യവതിയായിരുന്ന ഹങ്കറി ഇന്നു അവളുടെ ഉപയോഗത്തിൽതന്നെ എണ്ണ ലഭിക്കാതെ വിഷമിക്കയാണു്. "പല എണ്ണക്കിണറുകളും ഇന്നു വെറും വെള്ളംമാത്രമേ ഉല്പാദിപ്പിക്കുന്നുള്ളൂ. ഹങ്കറിയുടെ ഭൂസമ്പത്തിൽ ഒട്ടും അപ്രധാനമല്ലാത്ത ഒന്നാണു് ഉറേനിയം. ഹങ്കറിയുടെ ഉറേനിയംസമ്പത്തു അനുഭവിക്കുന്നതു ഏതാണ്ടു മുഴുവനും സോവ്യറ്റുറഷ്യയാണു്. എന്നാൽ ഹങ്കറിയിലെ ഉറേനിയംതൊഴിലാളികളുടെ ജീവിതം വളരെ കഷ്ടമാണു്. പരിതാപകരമായ ഈ ജീവിതസ്ഥിതിയിൽ പല തൊഴിലാളികളും മരിച്ചുപോയിട്ടുണ്ടു്. അവളുടെ ശക്തിക്കു മേലായി ചൂഷണംചെയ്യപ്പെടുന്ന ഒരു റഷ്യൻ കോളനിയാണു് ഇന്നു ഹങ്കറി. സ്വാതന്ത്ര്യത്തിന്റേയും ജനാധിപത്യത്തിന്റേയും 1000 കൊല്ലത്തെ പഴക്കമുള്ള ഒരു പാരമ്പര്യം സൃഷ്ടിച്ച ഹങ്കറിക്കു ഈ അടിമത്തം പേറുവാൻ ഒട്ടും സാദ്ധ്യമല്ല. അതുകൊണ്ടു് ആ സ്വാതന്ത്ര്യതൃഷ്ണ തിളച്ചുപൊങ്ങിയതാണു് ഹങ്കറിയിൽ ഇക്കുറിയുണ്ടായ ആഭ്യന്തരവിപ്ലവങ്ങൾ.

ക്രൂഷേവു് ഇന്നു സുന്ദരമായ ഒരു പുഞ്ചിരി തൂകുന്നുണ്ടു്. റഷ്യൻ കോളനികളിൽ നടമാടുന്ന പട്ടിണിയും അടിമത്തവും പുറംലോകത്തുനിന്നു മറച്ചുപിടിക്കുവാനുള്ള ഒരു പുഞ്ചിരിയാണതു്. മോൺ: ബല്ലാവാർഗാ പറയുന്നതു് കമ്മ്യൂണിസ്റ്റുകാർ പുഞ്ചിരിതൂകിത്തുടങ്ങിയതു് ജനീവാകോൺഫറൻസിൽവച്ചാണെന്നാണു്. മോൺ: ബല്ലാവാർഗാ കമ്മ്യൂണിസ്റ്റാധിപത്യത്തിനുമുമ്പു് ഹങ്കറിയിലെ പാർലിമെന്റിലെ അവസാനത്തെ തിരിഞ്ഞെടുക്കപ്പെട്ട സ്പീക്കറും ഹങ്കേറിയൻ ദേശീയകൗൺസിലിന്റെ പ്രസിഡന്റുമായിരുന്നു. കമ്മ്യൂണിസ്റ്റാധിപത്യത്തിനുശേഷം അദ്ദേഹവും കൂട്ടുകാരും ഹങ്കറിയിൽതന്നെ അണ്ടർഗ്രൗണ്ടിൽ കുറേനാൾ കഴിച്ചുകൂട്ടിയിട്ടുണ്ടു്. അദ്ദേഹം പറയുന്നു, ജനീവാകോൺഫറൻസിനുമുമ്പു് കമ്മ്യൂണിസ്റ്റുകാരുടെ കോപകലുഷിതമായ ദുർമുഖങ്ങൾമാത്രമേ നാം കണ്ടിട്ടുള്ളൂ. ലോകത്തെ ഭീതിപ്പെടുത്തുക എന്ന ടാർട്ടർമാരിൽനിന്നു ലഭിച്ച പാരമ്പര്യമേ അവർക്കുണ്ടായിരുന്നുള്ളൂ. കോൺഫറൻസുകളിൽ സോവ്യറ്റുനേതാക്കന്മാരുടെ ഏകാധിപത്യപരമായ പെരുമാററങ്ങൾ എല്ലാവർക്കും അനുഭവവേദ്യമായിട്ടുള്ളതാണു്. ഔദ്യോഗികചടങ്ങുകളിൽ അവരുടെ നോട്ടവും സംഭാഷണവുമെല്ലാം സംസ്കാരസിദ്ധിച്ചവർക്കു അവജ്ഞ ഉളവാക്കുന്നവയായിരുന്നു. ഏതു സന്ദർഭങ്ങളിലും അവർ നിർദ്ദയരും നിഷ്ഠൂരരുമായിട്ടേ പെരുമാറിയിട്ടുള്ളൂ. ഇരുമ്പുമറയ്ക്കുള്ളിൽ പോലീസു് അറസ്റ്റുകൾ നടത്തുന്നതു് സാധാരണ അർദ്ധരാത്രിയിലാണു്. ജനങ്ങൾ ഉറങ്ങുമ്പോഴും പേടിച്ചുകിടന്നുറങ്ങണം. ഇങ്ങനെ ജനങ്ങളെ ഭീതിപ്പെടുത്തി ഭീകരവാഴ്ച നടത്തിയേ അവർ പരിചയിച്ചിട്ടുള്ളൂ. അങ്ങനെയുള്ള ഭീകരവീരന്മാർ ജനീവാകോൺഫറൻസിൽ പുഞ്ചിരിതൂകി പ്രത്യക്ഷപ്പെട്ടിരിക്കുന്നു. അതുസംബന്ധിച്ചു പ്രസിദ്ധപ്പെടുത്തിയ ഫോട്ടോകളിൽ സോവ്യറ്റുനേതാക്കന്മാർ ആനന്ദതുന്ദിലരും ദയാശീലരുമായി കാണപ്പെടുന്നു. ഈ നയംമാററം വൻചതിയാണെന്നാണു് മോൺ: വാർഗാ പറയുന്നതു്. ലോകത്തിന്റെ മുമ്പിൽ നല്ലപിള്ള ചമയുന്നതിനുള്ള ഒരു അടവാണിതു്. അതേസമയം കമ്മ്യൂണിസ്റ്റ് മർദ്ദനനയത്തിനു ഒരു മാററവും ഇന്നേവരെ വന്നിട്ടില്ലെന്നാണു് അദ്ദേഹത്തിന്റെ സുദൃഢമായ അഭിപ്രായം.

കമ്മ്യൂണിസത്തിന്റെ ക്രൂരസ്വഭാവത്തിനു വലിയ മാററം വരുന്നുണ്ടെന്നുള്ള ഒരു പ്രചരണവേല സോവ്യറ്റുറഷ്യ തുടങ്ങിയിട്ടു് അധികംനാളായിട്ടില്ല. ഈ പ്രചരണത്തിന്റെ ശബ്ദം ഇന്നു ലോകത്തിന്റെ എല്ലാഭാഗത്തും കേൾക്കപ്പെടുന്നുണ്ടു്. ഈ പ്രചരണം കമ്മ്യൂണിസത്തോടുള്ള വെറുപ്പു് അല്പാല്പമായി തേച്ചുമാച്ചുകളയുന്നതിനു ഉപകരിക്കുന്നുണ്ടു്. ജനങ്ങൾ പലേടത്തും പറഞ്ഞുതുടങ്ങിയിട്ടുണ്ടു്, എന്തിനു കമ്മ്യൂണിസത്തെ ഇത്ര പേടിക്കുന്നു? അതിനു എതിരായി സമരംചെയ്യേണ്ട ആവശ്യമെന്തു്? എന്നും മററും. ഈ പ്രചരണം ഒരു മയക്കുപൊടിയാണു്. ജനങ്ങളെ ഈ പൊടിയിട്ടു മയക്കി ഉറക്കിയതിനുശേഷം ലോകത്തെ പിടിച്ചടക്കുവാനാണു് സോവ്യറ്റുറഷ്യ പ്ലാനിട്ടിരിക്കുന്നതു്. ഈ പ്രചരണതന്ത്രത്തിനു മോൺ: വാർഗാ ഒരുദാഹരണം പറയുന്നുണ്ടു്. അദ്ദേഹം ഫ്ളോറൻസിൽ ഡോക്ടർമാരുടെ ഒരു കോൺഫറൻസിൽ സംബന്ധിക്കുവാൻ ചെന്നിരിക്കയായിരുന്നു. അദ്ദേഹം താമസിച്ചിരുന്ന ഹോട്ടലിൽ ഇതേ കോൺഫറൻസിൽ സംബന്ധിക്കുവാൻ ഹങ്കറിയിലെ കമ്മ്യൂണിസ്റ്റ് ഗവമ്മെന്റു് അയച്ച രണ്ടു ഡോക്ടർമാരും താമസിക്കുന്നുണ്ടായിരുന്നു. അവർ മോൺ: വാർഗായെ കണ്ടമാത്രയിൽ തിരിച്ചറിഞ്ഞു. അവരിൽ ഒരാൾ അദ്ദേഹത്തോടു സംസാരിക്കുവാൻ ആഗ്രഹിച്ചുവെങ്കിലും മറെറയാൾ തടഞ്ഞു. ഒരുദിവസം ഹോട്ടലിന്റെ ഡയറക്ടർ സന്തോഷത്തോടുകൂടി പറഞ്ഞു, കർദ്ദിനാൾ മിൻസെന്തിക്കു സ്വാതന്ത്ര്യം നൽകിയെന്നു്. എവിടെനിന്നു ഈ വാർത്താശകലം ലഭിച്ചുവെന്നു മോൺ: വാർഗാ ഹോട്ടൽ ഡയറക്ടരോടു ചോദിച്ചു. ഈ ഹോട്ടലിൽ താമസിക്കുന്ന രണ്ടു ഹങ്കേറിയൻ ഡോക്ടർമാരാണു് പറഞ്ഞതെന്നു ഹോട്ടൽഡയറക്ടർ മറുപടിപറഞ്ഞു. മോൺ: വാർഗാ ആ വാർത്ത ശരിയല്ലെന്നും അതു വെറും കമ്മ്യൂണിസ്റ്റ് പ്രചരണംമാത്രമാണെന്നും, ആ വാർത്ത ശരിയാണെങ്കിൽ എന്തുകൊണ്ടു് മൂന്നു അമേരിക്കൻ സെനാറർമാർക്കു കർദ്ദിനാളിനെ കാണുവാൻ അനുവാദം കൊടുത്തില്ലായെന്നും അദ്ദേഹം ചോദിച്ചു. അടുത്തുണ്ടായ ഹങ്കറിയിലെ കമ്മ്യൂണിസ്റ്റ് വിരുദ്ധവിപ്ലവത്തിൽ കമ്മ്യൂണിസ്റ്റ് ഗവമ്മെന്റിന്റെ വിരുദ്ധകക്ഷിക്കാർ കർദ്ദിനാൾ മിൻസെന്തിയെ വിമോചിപ്പിച്ചുവെങ്കിലും റഷ്യൻസൈന്യംവന്നു വിപ്ലവകക്ഷിയെ അടിച്ചമർത്തിയപ്പോൾ കർദ്ദിനാൾ മിൻസെന്തി അമേരിക്കൻ എംബസിയിൽചെന്നു രക്ഷപെടുകയാണുണ്ടായതു്. ഇന്നും അദ്ദേഹം അവിടെയാണു്. ഹങ്കറിയിലെ കമ്മ്യൂണിസ്റ്റ് ഗവമ്മെന്റു് ഇന്നേവരെ അദ്ദേഹത്തോടു യാതൊരു ദയയും കാണിച്ചിട്ടില്ല. അങ്ങനെ പോകുന്നു റഷ്യക്കാരുടെ പ്രചരണതന്ത്രം

ഹങ്കറിയിൽ കമ്മ്യൂണിസ്റ്റുകാർ ഒരു പുതിയ തിരിഞ്ഞെടുപ്പു നടത്തുവാനുള്ള ശ്രമമാണിപ്പോൾ. യുദ്ധാനന്തരം കമ്മ്യൂണിസ്റ്റ് ഗവമ്മെന്റിൽ ഒരുന്നതസ്ഥാനം വഹിച്ചിരുന്ന "ബോഗനാർ" എന്ന ഒരു ഹങ്കറിക്കാരനാണു് പുതുതായി രൂപീകരിക്കപ്പെട്ട പാർട്ടിയുടെ തലവനായി രംഗത്തിറങ്ങിയിരിക്കുന്നതു്. ഈ മേയ്മാസത്തിൽ തിരിഞ്ഞെടുപ്പു മിക്കവാറും നടക്കും. ഈ തിരിഞ്ഞെടുപ്പു മററു പലതിനേയുംപോലെ ഒരു പ്രഹസനമാണു്. റഷ്യയുടെ കോളനികളിൽ ജനങ്ങളാൽ തിരിഞ്ഞെടുക്കപ്പെട്ട ജനകീയഗവമ്മെന്റുകളാണു് രൂപീകൃതമായിരിക്കുന്നതെന്നു വരുത്തിവെക്കുവാനുള്ള ഒരു റഷ്യൻ അടവാണിതു്.

---

(2-ാംപേജ് തുടർച്ച)

"ആദ്യമനുഷ്യനായ ആദം, പറുദീസായിൽവെച്ചു ദൈവത്തിന്റെ കല്പനയെ ലംഘിക്കുകയാൽ ഉടൻതന്നെ ആയാൾക്കു ദൈവദത്തമായി ലഭിച്ചിരുന്ന പരിശുദ്ധിയും നീതിയും നഷ്ടപ്പെട്ടു. ആജ്ഞാലംഘനമെന്ന കുററംവഴിയായി, ദൈവത്തിന്റെ കോപത്തിനും അമർഷത്തിനും ഇരയായി; അങ്ങനെ ദൈവം നേരത്തെ അയാൾക്കു മുന്നറിവുനൽകിയിരുന്ന മരണത്തിനും, മരണത്തോടൊപ്പം, അതഃപരം മരണസാമ്രാജ്യത്തിന്റെ അധിപനായവന്റെ, അതായതു പിശാചിന്റെ, ശക്തിയിൻകീഴിലുള്ള ബന്ധനത്തിനും ഇരയായി; ആദം ആജ്ഞാലംഘനം എന്ന കുററം വഴിയായി, ശരീരത്തിലും ആത്മാവിലും ദോഷകരമായ ഒരു പരിപൂർണ്ണമാററത്തിനു വിധേയനായി."

ആദമാകുന്ന ശിരസ്സിനോടുബന്ധപ്പെട്ട ഒരേയൊരു ഘടകമാണു മനുഷ്യവർഗ്ഗം. ആദത്തിന്റെ പാപം അതിന്റെ എല്ലാ ഫലങ്ങളോടുംകൂടി എല്ലാ മനുഷ്യരിലും വ്യാപിക്കുന്നതു് ആകയാൽ നീതിയുക്തമായിരിക്കുന്നു. ജന്മപാപത്തെപ്പററിയുള്ള ഈ സിദ്ധാന്തം 418-ലെ കാർത്തജ് സൂനഹദോസും, 529-ലെ ഓറഞ്ചുസൂനഹദോസും വ്യക്തമായ ഭാഷയിൽ പഠിപ്പിക്കുന്നുണ്ടു്. ആദത്തിൽനിന്നു മനുഷ്യവർഗ്ഗത്തിനു മരണമല്ലാതെ ജന്മപാപം ലഭിക്കുന്നില്ലായെന്നു പഠിപ്പിക്കുന്നവരെ ത്രെന്തോസ് സൂനഹദോസ് കർശനമായ ഭാഷയിൽ ശപിച്ചിരിക്കുന്നു.

ജന്മപാപത്തെപ്പററിയുള്ള ഈ സിദ്ധാന്തം വിശുദ്ധപൗലോസ് റോമാക്കാർക്കെഴുതിയ ലേഖനത്തിൽ സ്പഷ്ടമായി ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. "ഒരു മനുഷ്യൻമൂലം പാപവും പാപംമൂലം മരണവും ലോകത്തിൽ എങ്ങനെ പ്രവേശിച്ചുവോ അങ്ങനെതന്നെ എല്ലാവരും പാപംചെയ്തതുകൊണ്ടു മരണം എല്ലാ മനുഷ്യരിലും കടന്നുകൂടി. നിയമംവരെ പാപം ലോകത്തിൽ ഉണ്ടായിരുന്നിട്ടും, നിയമം ഇല്ലാതിരുന്നതുകൊണ്ടു പാപം ഗണിക്കപ്പെട്ടിരുന്നില്ല. എങ്കിലും വരുവാനിരിക്കുന്നവന്റെ പ്രതിരൂപമായ ആദത്തിന്റെ ലംഘനത്തിന്റെ സാദൃശ്യത്തിൽ പാപം ചെയ്തിട്ടില്ലാതിരുന്നവരുടെമേലും ആദം മുതൽ മൂശെവരെ മരണം ഭരണം നടത്തിയിരുന്നു.......ഒരുത്തന്റെ പാപംനിമിത്തം സകല മനുഷ്യർക്കും ശിക്ഷ ഉണ്ടായതു എങ്ങനെയോ, അങ്ങനെതന്നെ ഒരുത്തന്റെ നീതിനിമിത്തം സകല മനുഷ്യർക്കും ജീവിതത്തിന്നായിട്ടുള്ള നീതീകരണവുമുണ്ടാകും..." (റോമാ V 12-21). ആദത്തിന്റെ പാപംനിമിത്തം സകല മനുഷ്യർക്കും ശിക്ഷ ഉണ്ടായി എന്നു എത്ര സ്പഷ്ടമായിട്ടാണു വിശുദ്ധ പൗലോസ് പ്രസ്താവിക്കുന്നതു്.

ജന്മപാപം മനുഷ്യബുദ്ധിക്കു പൂർണ്ണമായി ഗ്രഹിക്കുക സാദ്ധ്യമല്ലാത്ത ഒരു രഹസ്യമാണെന്നു സമ്മതിക്കണം. എന്നാൽ അതു് അനീതിപരമായ ഒന്നല്ല. എന്തെന്നാൽ മനുഷ്യനു സ്വാഭാവികമായുള്ള യാതൊന്നിനേയും അതു എടുത്തുകളയുന്നില്ല. പ്രകൃത്യതീതവും സ്വഭാവാതീതവുമായ ദൈവദാനങ്ങളാണു അതുമൂലം നഷ്ടപ്പെടുന്നതു്. അവ ഒരു അവകാശമായിട്ടല്ലാ, ദാനമായിട്ടാണു ദൈവം ആദത്തിനു നൽകിയിരുന്നതു്. തന്റെ കല്പനകളെ പാലിക്കണമെന്ന ഒരു വ്യവസ്ഥയിലുമാണു് ദൈവം അതു നൽകിയിരുന്നതു്. ആ വ്യവസ്ഥയെ ആദം ലംഘിച്ചു്, ദൈവത്തിന്റെ നീതിക്കു് അനർഹനായി ഭവിച്ചു. അതിന്റെ അവശ്യഫലമത്രേ ജന്മപാപം തന്മൂലം അതിൽ യാതൊരു അനീതിയും ഉണ്ടായിരിക്കുന്നില്ല.

—o—

## പോളീഷ് ഭരണസമിതിയിൽ ഒരു കത്തോലിക്കനും

പോളണ്ടിലെ പുതിയ പാർലമെന്റിൽ കത്തോലിക്കർക്കു 12 പ്രതിനിധികളാണല്ലോ ഉള്ളതു്. ഇവരിൽ ഒരാളായ മി. ജെർസി സാവിസ്കിയെ പോളീഷ് സ്റ്റേററു കൗൺസിലിലേക്കു തിരഞ്ഞെടുത്തിരിക്കുന്നു. 15 ഡിപ്യൂട്ടികളടങ്ങിയ ഈ കൗൺസിലാണു രാഷ്ട്രത്തിന്റെ ഭരണച്ചുമതല വഹിക്കുന്ന ഭരണസമിതി. പഴയ സമിതിയിലുണ്ടായിരുന്ന 5 സ്റ്റാലിനിസ്റ്റുകൾ ഇത്തവണ പുറംതള്ളപ്പെട്ടു. മേലാൽ യാതൊരു നിയമവും പാർലമെന്റു പാസാക്കാതെ നടപ്പിൽവരുത്തുകയില്ലെന്നു ഭരണസമിതി പ്രസിഡന്റായ മി. ചെസ്ലോ വിസെക്ക് പ്രസ്താവിച്ചിരിക്കുന്നു. ഇതേവരെ സ്റ്റേററുകൗൺസിൽ ഇഷ്ടംപോലെ ചട്ടങ്ങളുണ്ടാക്കി നടപ്പാക്കുകയായിരുന്നു.

## വിനോദവീഥി

സ്നേഹിതൻ—എടാ രാജു, നീയിത്രവലിയ ആഭാസനായിപ്പോയല്ലോ. നിന്റെ മാതാപിതാക്കന്മാർ മജിസ്ട്രേട്ടിന്റെ മുമ്പിൽവച്ചായിരിക്കും വിവാഹം നടത്തിയതു്.

രാജു—വാസ്തവമാ, നിങ്ങളുടെ വീട്ടിലെ ശണ്ഠകൾ കേൾക്കുമ്പോൾ ഞാൻ വിചാരിച്ചുപോകാറുണ്ടു് നിന്റെ അപ്പനും അമ്മയും യുദ്ധകാര്യമന്ത്രിയുടെ അടുത്തായിരിക്കണം വിവാഹം നടത്തിയതെന്നു്.

× × ×



"വഴീക്കേ, പോലീസുകാരൻ പിടികൂടിയാ ഞാനെന്തോന്നാ പറയേണ്ടതു്!"

× × ×



"ഉച്ചക്കിറുക്കു പിടിച്ചോ പൊന്നേ. എന്തൊരോട്ടമാ ഇതു്?"

"നമ്മടെളിയനുമായുണ്ടായിരുന്ന കേസു രാജിയാവാനുവെച്ചു. സൗഹാർദ്ദപന്തം കൊണ്ടുകൊടുക്കാൻ പോവ്വാണു്!"


## ദി കാത്തലിക്ക് ബാങ്ക് ഓഫ് ഇന്ത്യാ (ക്ലിപ്തം)

ക്ലിപ്തബാദ്ധ്യതയോടുകൂടി 1938-ൽ തിരുവിതാംകൂർ-കൊച്ചിയിൽ രജിസ്റ്റർചെയ്യപ്പെട്ടതു്

### ഹെഡ് ഓഫീസ്: ചങ്ങനാശ്ശേരി

ശാഖകൾ: ആലപ്പുഴ, അതിരമ്പുഴ, ചങ്ങനാശേരി, കാഞ്ഞിരപ്പള്ളി, കോട്ടയം, മണിമല, തിരുവനന്തപുരം.

| | | |
|---|---|---|
| അധികൃതമൂലധനം. | രൂ. | 10,00,000—0—0 |
| വാഗ്ദത്തമൂലധനം. | ” | 6,00,000—0—0 |
| പിരിഞ്ഞുകിട്ടിയ മൂലധനം. | ” | 5,97,150—0—0 |
| പ്രവർത്തനമൂലധനം. | ” | 39,47,506—0—0 |

### ഡയറക്ടേഴ്സ്

1. ശ്രീ പോൾ വറുഗീസ് ബി. ഏ., ബി. എൽ., ചങ്ങനാശേരി (ചെയർമാൻ)
2. ” കുഞ്ചെറിയാ കെ. പുരക്കൽ, പുളിങ്കുന്നു്
3. ” മൈക്കൾ എ. കള്ളിവയലിൽ ബി. എ., കൊണ്ടുപറമ്പിൽ, വിളക്കുമാടം
4. ” തോമസ് ററി. മാറാട്ടുകുളം എം. എ., ചങ്ങനാശേരി
5. ” കുഞ്ചെറിയാ ററി. മാറാട്ടുകുളം എം. എ., ചങ്ങനാശേരി
6. ” തോമസ് ററി. കുരിയാളശ്ശേരിൽ (മാനേജിംഗ് ഡയറക്ടർ)

Wednesday
April 3
1957

# THE SATHYADEEPAM

(ESTD. 1927)
BROADWAY—ERNAKULAM (KERALA STATE)

Reg. No. M. 2293
Vol. 30
No. 33

# ബാലരംഗം



## ബാലരംഗത്തിൽ ചേർന്നവരുടെ പേരുവിവരം

Reg. No.

151 ചാക്കോച്ചൻ കുരിയാനിപ്പാടത്തു പുത്തൻപ്പറമ്പിൽ, തൃക്കൊടിത്താനം
152 പി. കെ. ജോൺ പുലിക്കോട്ടിൽ, ചിറാട്ടുകര
153 എൻ. ഒ. ജോർജ്ജ് നെടുംപറമ്പിൽ, നെട്ടൂർ
154 പി. പി. തോമസ് പൈനുമ്പ്ര, പായിപ്പാട്ട്
155 കോശി എം. അയ്യന്തി. നരിയപുരം, ഉമ്പമൺ



വി. തർസീസിയൂസ്

പ്രിയപ്പെട്ട കുഞ്ഞനുജന്മാരേ കുഞ്ഞനുജത്തികളേ,

ബാലവേദസാക്ഷിയായ തർസീസിയൂസിൻെറ ചരിത്രം അവസാനിക്കുകയാണ്. വിശുദ്ധകുർബാനയിലുണ്ടായിരുന്ന തർസീസിയൂസിൻെറ ദൃഢമായ വിശ്വാസവും, അതിരററ ഭക്തിയുമാണ് ഈ രക്തസാക്ഷിയുടെ ചരിത്രസാരം. വിശുദ്ധകുർബാനയുടെ സംരക്ഷണത്തിനുവേണ്ടി തൻെറ വിലയേറിയ പിഞ്ചുജീവൻ ബലികഴിക്കുന്നതിനു ആ ബാലനെ പ്രേരിപ്പിച്ച ദൈവസ്നേഹത്തിൻെറ അനുകരണവും പ്രതിഫലനവുമാണ് നമ്മിലും ഓരോരുത്തരിലും ഉണ്ടാകേണ്ടതു്. നാമിപ്പോൾ നോമ്പുകാലത്തിലാണ്. നമ്മുടെ ദിവ്യനാഥൻ നമുക്കവേണ്ടി സ്വയം കുരിശിൽ ബലിയർപ്പിച്ച മഹാസംഭവത്തെ തിരുകർമ്മങ്ങളിൽ അനുസ്മരിക്കുന്ന ദിവസങ്ങൾ അടുത്തുവരുന്നു. കുഞ്ഞനുജന്മാരും കുഞ്ഞനിയത്തികളും സ്നേഹംനിറഞ്ഞ ഹൃദയത്തുടിപ്പുകളോടുകൂടിയായിരിക്കും പീഡാനുഭവരംഗങ്ങളെ ധ്യാനിക്കുക. അതാണ് തിരുസഭാമാതാവും ആവശ്യപ്പെടുന്നതും അഭിലഷിക്കുന്നതും. അപ്രകാരം പീഡാനുഭവസ്മരണവഴി, ദിവ്യഈശോ നമുക്കോരോരുത്തർക്കുംവേണ്ടി സഹിച്ച നിസ്സീമമായ പീഡകളിൽ പ്രകാശിതമായിരിക്കുന്ന അവിടുത്തെ ദിവ്യസ്നേഹം നമ്മിലോരോരുത്തരിലും ആഴമായി പതിയുകയും വിശുദ്ധ തർസീസിയൂസിൽ അത്തുല്യവാക്കിയതായ പ്രതിസ്നേഹത്തിൻെറ വികാരങ്ങൾ നമ്മിൽ ഉളവാക്കുകയും ചെയ്യട്ടെ. സ്നേഹത്തിൻെറ അവശ്യഫലമാണ് സഹനം. ഈശോ നമ്മെ ഓരോരുത്തരേയും സ്നേഹിച്ചതുകൊണ്ടാണ് നമുക്കുവേണ്ടി സഹിച്ചതു്. വിശുദ്ധപൗലോസ് ശ്ലീഹാ വ്യക്തമായി പറയുന്നതുപോലെ "അവിടുന്നു എന്നെ സ്നേഹിച്ചു; എനിക്കുവേണ്ടി സ്വയം ബലിയർപ്പിക്കുകയും ചെയ്തു" എന്നു നമുക്കോരോരുത്തർക്കും അക്ഷരാർത്ഥത്തിൽ പറയാവുന്നതാണല്ലോ. ആ സ്നേഹത്തെ നാമറിയണം; അതിനു പ്രതിസ്നേഹം കാണിക്കുന്നതിനു നാം സന്നദ്ധരാകണം അല്ലെങ്കിൽ നാം കൃതഘ്നരും ഭീരുക്കളും മനുഷ്യത്വമില്ലാത്തവരുമായിരിക്കും അതു ഭംഗിയായിരിക്കുമോ? ഇവിടെ ബാലനായ വിശുദ്ധ തർസീസിയൂസ് നമുക്കു മോഹനമായ ഒരു മാതൃക കാണിച്ചുതരുന്നു. അതു നാമനുകരിച്ചു നമ്മുടെ ചുറ്റുപാടുകളിൽ സ്വീകാര്യമായിട്ടുള്ള വിധത്തിൽ പ്രവർത്തിക്കുന്നതിനു സന്നദ്ധരാകണം. ഓരോ ദിവസവും ഈശോയുടെനേരെയുള്ള സ്നേഹത്തെപ്രതി എന്തെല്ലാം കാര്യങ്ങൾ നമുക്ക ചെയ്യുവാൻ കഴിയുമെന്നു നാം ഓർമ്മിക്കണം. നമ്മുടെ ഓരോ പ്രവൃത്തികളിലും അതിനവസരമുണ്ട്. നമ്മിലുള്ള ഓരോ ചെറിയ ചെറിയ ദുശ്ശീലങ്ങൾക്കും ദുർവ്വാസനകൾക്കും എതിരായി പടപൊരുതുമ്പോൾ നാം ഈശോയോടുള്ള നമ്മുടെ സ്നേഹത്തെ പ്രത്യക്ഷമാക്കുകയാണ്. ഈശോയോടുള്ള സ്നേഹത്തെപ്രതി ഏതെങ്കിലും ചെറിയ ഒരു ത്യാഗം അനുഷ്ഠിക്കുമ്പോൾ നാം അവിടുത്തെ പ്രസാദിപ്പിക്കുകയാണ്. ഇതോരോന്നും സ്നേഹപൂർവ്വം നോക്കിക്കണ്ടുകൊണ്ടിരിക്കുന്ന ഈശോ ഉള്ളഴിഞ്ഞു വാത്സല്യപൂർവ്വം നമ്മെ അനുഗ്രഹിക്കുകയാണ്. അങ്ങിനെ നമ്മുടെ ജീവിതം മുഴുവനും ജീവിതത്തിലെ ഓരോ പ്രവൃത്തികളും ഈശോയോടുള്ള സ്നേഹത്തെപ്രതി ചെയ്യുന്നതിനു വിശുദ്ധ തർസീസിയൂസ് നമ്മെ സഹായിക്കുവാൻ നമുക്ക ആ വിശുദ്ധനോടു പ്രാർത്ഥിക്കാം.

വല്യേട്ടൻ



19. തർസീസിയൂസിൻെറ പുണ്യാവശിഷ്ടങ്ങൾ ക്രിസ്ത്യാനികൾ ഭക്തിപൂർവ്വം സംസ്കരിച്ചു.

## 110-ാംനമ്പ്ര് പ്രശ്നത്തിൻെറ ഉത്തരം

എൻെറ പേർ—വിജയം

## പ്രശ്നം നമ്പർ 111

(പി. സി. മാത്യൂ
പന്നാംകുഴിയിൽ Reg. No. 145)

ലോകത്തിൽ ഏററവും പരിശുദ്ധമായ സ്ഥലം ഞാനാണ്. എന്നിൽ വസിക്കുന്ന ആൾ ശക്തിയിലും മഹിമപ്രതാപങ്ങളിലും കിടയററവനാണ്. പക്ഷെ ഞാനും എൻെറ യജമാനനും യാതൊരു പ്രാഭവവും കാണിക്കാതെ വിനീതരായി കഴിയുന്നു എന്നാൽ ഉൾക്കണ്ണുള്ളവർ ഞങ്ങളെപ്പററി ഗ്രഹിക്കുന്നു. ഞങ്ങളെ സമീപിച്ച് അനുഗ്രഹീതരായി കഴിയുകയും ചെയ്യുന്നു എൻെറ പേരിനു മൂന്നക്ഷരം മാത്രമേയുള്ളു ഒന്നാമത്തെ അക്ഷരം വസന്തത്തിലുണ്ട്, ഗ്രീഷ്മത്തിലില്ല. രണ്ടാമത്തെ അക്ഷരം വൃന്ദനാക്രാന്തനിൽ കാണാം ശാന്തസ്വഭാവിയിലില്ല മൂന്നാമത്തെ അക്ഷരം അരിപ്രാവുകളിലുണ്ട്, പഞ്ചവർണ്ണക്കിളിയിലില്ല എൻെറ പേരു കണ്ടുപിടിക്കാമോ?

(ഉത്തരം അടുത്തതിൽ)

## "പഴഞ്ചൊല്ലുകൾ"

(തോമസ് കാട്ടൂക്കാരൻ
Reg. No. 63)

1) ഐകമത്യം മഹാബലം.
2) കളിയായും പൊളിപറയരുതു്.
3) കൂട്ടുകെട്ടിനു കുലത്തെ നോക്കണം.
4) സുക്ഷിച്ചാൽ ദുഃഖിക്കണ്ട.
5) വിളയുംവിത്ത് മുളയിലേ അറിയാം.
6) ഒരിലയ്ക്ക് രണ്ടു പുറമുണ്ട്.
7) കരിമ്പെന്നുംകരുതി വേരോളം ചവയ്ക്കരുതു്.
8) കാക്കയ്ക്കു തൻകുഞ്ഞു് പൊൻകുഞ്ഞു്.
9) മിന്നുന്നതൊന്നും പൊന്നല്ല.
10) മൂത്തവരുടെ വാക്കും മുതുനെല്ലിക്കയും മുമ്പിൽ കയ്ക്കും, പിന്നെ മധുരിക്കും.

(പഴഞ്ചൊല്ലിൽ പതിരില്ല)

ചെറുകഥ

## അമ്മയുടെ കണ്ണുനീർത്തുള്ളികൾ

(ജെ. ജസ്റ്റിൻ പീററർ
Reg. No. 136)

അന്നാമ്മയുടേയും ചാക്കോച്ചൻേറയും ഏകസന്താനമാണ് ജോണി. അവനിലില്ലാത്ത കുസൃതി ലോകത്തില്ല. അവൻ ചീട്ടുകളിക്കാരിൽനിന്നും കൈക്കലാക്കിയതാണ് ആ കുസൃതികൾ.

"ദേ വരുന്നു തൊമ്മിച്ചേട്ടൻെറ ഭാര്യ എന്തോ വിശേഷവുംകൊണ്ടു വരുന്നതായിരിക്കും" അന്നാമ്മ പറഞ്ഞു.

"എയ്, അങ്ങനെ വരുമോ?" ചാക്കോച്ചൻ സംശയം പ്രകടിപ്പിച്ചു

"യാതൊരു കാരണവും കൂടാതെ ഇവിടെ വരില്ല" അന്നാമ്മ പറഞ്ഞു

അവർ വന്നു. ചാക്കോച്ചനും അന്നാമ്മയും വിശേഷം ചോദിക്കാൻ അടുത്തുകൂടി "എന്താ മറിയാമ്മേച്ചേട്ടത്തി. എന്താ വിശേഷം?" അന്നാമ്മ ചോദിച്ചു.

"നിൻെറ മോൻ ഇവിടില്ല്യോ? അവൻ എൻെറ മോനുമായി തല്ലുകൂടി എൻെറ മോൻെറ തല പിളന്നു് ഇപ്പോഴും ചോരയൊലിക്കുവാ" മറിയാമ്മ പറഞ്ഞു.

"എന്തു! അവനാണിടെ തല പിളന്നോ? അവൻ ഇവിടില്ലല്ലോ. വരട്ടെ" അന്നാമ്മ പറഞ്ഞു.

കുറേനേരം കഴിഞ്ഞു് ജോണി സ്കൂളിൽനിന്നുവന്നു ചാക്കോച്ചൻ ഒരു ചൂരലുംകൊണ്ടുതന്നെയാണ് അവനെ കാത്തിരുന്നതു് ദൂരെനിന്നു നോക്കിയപ്പോൾതന്നെ അവനു മനസ്സിലായി അന്നു ഒരു ചൂരൽക്കഷായം പാകമായിരിക്കുന്നുണ്ടെന്നു. അടുത്തുവരുംതോറും അവൻ വിറയ്ക്കുവാൻതുടങ്ങി. ചാക്കോച്ചൻ അടുത്തുചെന്നതും അവൻ കരഞ്ഞതും ഒന്നിച്ചുകഴിഞ്ഞു ആ കരച്ചിൽകേട്ട് അയാളുടെ മനസ്സലിഞ്ഞു. അയാൾ പറഞ്ഞു: "എടാ, നീ ഇനി വല്ല അക്രമവും ചെയ്യുന്നതായി ഞാനറിയട്ടെ നീ തെരുവിൽക്കിടന്നു തെണ്ടിയില്ലെങ്കിൽ ഞാൻ കാണിച്ചുതരാം"

ഈ സമയമെല്ലാം അവൻെറ അമ്മ കരയുകയായിരുന്നു. എന്തുകൊണ്ട്? മകൻെറ അക്രമങ്ങൾ സഹിക്കവയ്യാഞ്ഞതുകൊണ്ട്.

× × ×

ആരേയും കാത്തുനില്ക്കാതെ വർഷങ്ങൾ പലതു കടന്നുപോയി സൂര്യൻ ഇരുണ്ടു; മാനം കറുത്തു; നക്ഷത്രങ്ങൾ മങ്ങി; ചന്ദ്രൻ ഓടിമറഞ്ഞു

ജോണി ഇപ്പോൾ ഒരു പരമ കേഡിയാണ്. അ നാട്ടിലെ കമ്മ്യൂണിസ്റ്റുകളുമായിട്ടാണ് അവൻെറ കൂട്ടുകെട്ട്. മതകർമ്മങ്ങൾ അവൻ പുറംതള്ളി. നാട്ടുകാർ അവനെ വെറുത്തു. അന്നാമ്മയുടെ ഹൃദയം തകർന്നു അവളുടെ മനക്കോട്ടകൾ ഇടിഞ്ഞുനിരന്നു. എന്നാലും അവളുടെ വിശ്വാസത്തെ അവൾ ഉപേക്ഷിച്ചില്ല. അവൾ പ്രാർത്ഥിച്ചു; കണ്ണുനീരോടുകൂടി പ്രാർത്ഥിച്ചു; മകൻ മാനസാന്തരപ്പെടുമെന്ന വിശ്വാസത്തോടുകൂടി ഇടവിടാതെ പ്രാർത്ഥിച്ചു.

× × ×

വർഷങ്ങൾ ഓടിക്കൊണ്ടിരിക്കുന്നു, ഒരു പടക്കുതിരയെപ്പോലെ. അതോടൊപ്പം വേഗത്തിൽ കൂട്ടി അന്നാമ്മയുടെ സുകൃതങ്ങളും, മകനെച്ചൊല്ലി. അവസാനം വഴിതെററിപ്പോയ കുഞ്ഞാട് അമ്മയുടെ മടിയിലേക്കു തിരിച്ചുവന്നു, അനുതാപിയായി.

× × ×

പുള്ളിമുററം. സമയം കാലത്തു എട്ടുമണി. സാറാമ്മയും കുഞ്ഞേലിയുമായി സംസാരിച്ചുകൊണ്ടിരിക്കുന്നു. അതെന്തായിരിക്കാം

സാറാ:- തെക്കേതിലെ അന്നാമ്മയുടെ മോൻ മാനസാന്തരപ്പെട്ടപോലും! നീ അറിഞ്ഞോ?

കുഞ്ഞേ:- എന്തു്! ജോണി മാനസാന്തരപ്പെട്ടെന്നോ?

സാറാ:- അവൻ സെമ്മിനാരിയിൽ പോകാണെന്നു കേട്ടു.

കുഞ്ഞേ:- എന്നാണെന്നറിയാമോ?

സാറാ:- ഈ വരുന്ന ഞായാഴ്ചയാണത്രെ!

× × ×

അതു സംഭവിക്കുകതന്നെ ചെയ്തു. അന്നു്, ഞായറാഴ്ച ജോണി ദിവ്യപൂജകണ്ടു് ദിവ്യകാരുണ്യവും കൈക്കൊണ്ടു് സെമ്മിനാരിയിൽ പോകാനൊരുങ്ങി അവിടത്തെ ഇടവകവികാരിയും അന്നാട്ടിലെ ചില പ്രമുഖന്മാരും ജോണിയെ യാത്രയാക്കി. അവരെല്ലാം സ്റ്റേഷനിലെത്തി. വണ്ടി ഒരു ചൂളംവിളിയോടുകൂടി സ്റ്റേഷൻ പ്ലാറ്റുഫാറത്തിൽ വന്നുനിന്നു ജോണി വണ്ടിയിൽ കയറി. വണ്ടി അന്നാമ്മയുടേയും ചാക്കോച്ചൻേറയും മുന്നിൽനിന്നു മറയുംവരെ അവനെ അവർ നോക്കിക്കൊണ്ടു നിന്നു.

അങ്ങനെ ആ അമ്മയുടെ കണ്ണുനീർത്തുള്ളികൾ സഫലമായി.

ജീവചരിത്രം

## "അസ്സീസിയിലെ ഭിക്ഷുകി"

(ടി. എം. ലാസർ, എറനെല്ലൂർ
Reg. No. 98)

അസ്സീസിയിലെ ഭിക്ഷുകിയെന്നറിയപ്പെടുന്ന വി. ക്ലാരയുടെ ചരിത്രം ആദ്യന്തം ത്യാഗസുന്ദരമാണ്. ഈ വിശുദ്ധയുടെ മാതാപിതാക്കന്മാരായ ഫവറിനോപ്രഭുവും, ഓർത്തോലാനാപ്രഭ്വിയും മക്കളുടെ സ്വഭാവരൂപവല്ക്കരണത്തിൽ ഒട്ടും അനാസ്ഥയുള്ളവരായിരുന്നില്ല. അവരുടെ തൃതീയസന്താനമായ ഈ വിശുദ്ധ ബാല്യത്തിൽതന്നെ സന്മാർഗ്ഗികജീവിതത്തിൽ അതീവ അഭിനിവേശമുള്ളവളായിരുന്നു. പണവും പ്രതാപവും വലിച്ചെറിഞ്ഞു് ദാരിദ്ര്യത്തെ ഓമനിച്ച ഈ പ്രഭുകുമാരിയെ ക്രോധവും അക്ഷമയും സമീപിക്കുകപോലുമുണ്ടായിട്ടില്ല. ദരിദ്രരേയും രോഗികളേയും കാണുമ്പോഴും അവരുടെ കഷ്ടതകളെ അറിയുമ്പോഴും ആർദ്രമനസ്കയായ ഈ യുവതിയുടെ നയനങ്ങളിൽ അശ്രുകണങ്ങൾ പൊടിയുക പതിവായിരുന്നു.

ഒരുദിവസം യോഗിവര്യനായ ഫ്രാൻസീസ് അസ്സീസിയുടെ പ്രസംഗം കേൾക്കുന്നതിനുള്ള ഭാഗ്യം നമ്മുടെ കഥാനായികയ്ക്കു കൈവന്നു. അന്നുമുതൽ തനിക്കൊരു പുണ്യവതിയാകണമെന്നുള്ള ആഗ്രഹവും ജനിച്ചു ഇക്കാര്യത്തിൽ ആ യോഗിവര്യൻ ക്ലാരയെ വളരെയധികം സഹായിച്ചു. ക്ലാരയ്ക്കു മഠത്തിൽപോകുവാൻ പരിതഃസ്ഥിതികൾ അനുകൂലമായിരുന്നില്ല അതിനാൽ ഒരു ഓശാനഞായറാഴ്ച പാതിരാത്രിയിൽ രഹസ്യത്തിൽ തൻെറ പിതൃഭവനത്തോട് അവൾ അന്ത്യയാത്രപ

(ശേഷം 4-ാംപേജിൽ)

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press.
Ernakulam-1